ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 08 | ഡിസംബർ 2016 | ലക്കം 12 |
|---|---|---|

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


1. Prot. No. 562/16; Circular No. 20/2016 ..... 5
2. Prot. No. 608/16; Circular No. 21/2016 ..... 9
3. Prot. No. 609/16; Circular No. 22/2016 ..... 12
4. ഇടയലേഖനം ..... 16
5. സർക്കുലർ - സീറോ മലബാർ മിഷൻ വാരാചരണം ..... 23
6. കച്ചേരിക്കാര്യം ..... 26
7. ദൈവകരുണയുടെ കുടുംബവർഷം ..... 30
8. പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് ..... 32
9. വിശ്വാസപരിശീലനം ..... 37
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..... 41
11. ചെറുപുഷ്പ മിഷൻലീഗ് ..... 45
12. തിരുബാലസഖ്യം ..... 53
13. യുവജനശുശ്രൂഷ ..... 55
14. കുടുംബ പ്രേഷിതത്വം ..... 59
15. വിദ്യാഭ്യാസ ഏജൻസി ..... 64
16. വിമൽജ്യോതി വാർത്തകൾ ..... 67
17. സെമിനാരി വാർത്തകൾ ..... 69
18. നിർമ്മലഗിരി കോളേജ് ..... 70
19. കരിസ്മാറ്റിക് നവീകരണരംഗം ..... 72
20. സെന്റ് വിൻസെന്റ് ഡി പോൾ ..... 75
21. ഇൻഫാം വാർത്തകൾ ..... 78
22. എകെസിസി ..... 80
23. കെസിബിസി മദ്യവിരുദ്ധ സമിതി ..... 81
24. പ്രതീക്ഷ വാർത്തകൾ ..... 84
25. സാമൂഹ്യസേവനവേദി ..... 86
26. ധ്യാനകേന്ദ്രങ്ങളിലൂടെ ..... 90
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..... 91
28. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..... 93
29. Programme of the Archbishop Mar George Njaralakatt ..... 95
30. Programme of the Abp. Emeritus Mar George Valiamattam ..... 97

**Prot. No. 562/16, Circular No: 20/2016**

## ഗവൺമെന്റിന്റെ മദ്യനയത്തിൽ പ്രതിഷേധം

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീ സഹോദരന്മാരെ,

മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും അനിയന്ത്രിതമായ ഉപഭോഗം കേരളീയ പൊതുസമൂഹത്തിനുനേരെ ഉയർത്തുന്ന ഗുരുതരമായ വെല്ലുവിളികളെ നിസാരവത്കരിച്ചു കൊണ്ട് മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന നയം ഇപ്പോഴത്തെ സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. ഘട്ടം ഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാനുള്ള നടപടികളിൽനിന്നും സർക്കാർ പിൻവാങ്ങുന്നത് നീതീകരിക്കാനാവില്ല. പ്രതിവർഷം 10% വിദേശ മദ്യഷാപ്പുകൾ ഗാന്ധിജയന്തി ദിനത്തിൽ പൂട്ടുമെന്ന കഴിഞ്ഞ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി 2014 ലും 15 ലും ഷാപ്പുകൾ പൂട്ടിയെങ്കിലും 2016 ലെ ഗാന്ധിജയന്തി ദിനത്തിൽ നിലവിലുള്ള സർക്കാർ ഷാപ്പുകൾ പൂട്ടാൻ തയ്യാറായില്ല എന്നു മാത്രമല്ല, ഷാപ്പുകൾ പൂട്ടൽ നയംതന്നെ അപ്പാടെ ഉപേക്ഷിച്ചു. കേരള ഹൈക്കോടതിയും സുപ്രീംകോടതിയും അംഗീകരിക്കുകയും കേരളത്തിലെ ജനങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കുകയും ചെയ്ത ഘട്ടം ഘട്ടമായുള്ള മദ്യനിരോധനം, ഈ സർക്കാർ മുഴുവനായി തള്ളിക്കളഞ്ഞിരിക്കുകയാണ്. 730 ബാറുകളും 10% വിദേശമദ്യ ഷാപ്പുകളും പൂട്ടിയതുമൂലം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം 17% കുറഞ്ഞു എന്നകാര്യം ബഹു. എക്സൈസ് മന്ത്രി തന്നെ സമ്മതിച്ചതാണ്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ട് മദ്യവർജനം നടപ്പാക്കാമെന്ന ഗവൺമെന്റിന്റെ നിലപാട് വെറും പാഴ്വേലയാണ്. മദ്യനിരോധനം എന്ന സംസ്ഥാനത്തെ ജനങ്ങളുടെ ആഗ്രഹത്തെ ധിക്കരിച്ചുകൊണ്ട് മദ്യമാഫിയയുടെ പക്ഷം ചേർന്ന് എടുക്കുന്ന നയരൂപീകരണം ജനവഞ്ചനയാണ്.

മദ്യവർജനം എന്ന സർക്കാരിന്റെ നിഷേധാത്മകമായ നയത്തിന്റെയും ടൂറിസം വികസനത്തിന്റെയും മറവിൽ സംസ്ഥാനത്ത് ഫോർസ്റ്റാർ ഹോട്ടലുകൾക്ക് ബാർ അനുവദിക്കാനുള്ള നീക്കങ്ങളും അപകടകരമാണ്. ടൂറിസം തളരുന്നു, തൊഴിൽ നഷ്ടപ്പെടുന്നു എന്നീ സർക്കാർ ആരോപണങ്ങൾ സത്യവിരുദ്ധമാണ്. 730

ബാറുകൾ കഴിഞ്ഞ ഗവൺമെന്റ് പൂട്ടിയെങ്കിലും ടൂറിസം മേഖലയിലെ 28 ബാറുകൾ പൂട്ടിയില്ല എന്നകാര്യം സർക്കാർ മറച്ചുപിടിക്കുന്നത് മദ്യമാഫിയയെ സഹായിക്കാനുള്ള ഗൂഢതന്ത്രമാണ്.

1996 ൽ ചാരായനിരോധനം പരാജയമെന്നു പ്രഖ്യാപിച്ചുകൊണ്ട് ആ നടപടി പിൻവലിക്കാനുള്ള അന്നത്തെ സർക്കാർ നീക്കത്തെ ജനകീയ പ്രക്ഷോഭത്തിലൂടെ പരാജയപ്പെടുത്തിയത് ഓർമിപ്പിക്കട്ടെ.

സർക്കാരിന്റെ മദ്യവർജന നയത്തിന് മദ്യപാനത്തിന്റെ പിടിയിൽനിന്നും സംസ്ഥാനത്തെ മോചിപ്പിക്കാനാവില്ല. ലോകത്തിലെ എല്ലാ മതങ്ങളും സാമൂഹ്യപരിഷ്കർത്താക്കളും നൂറ്റാണ്ടുകളായി പറഞ്ഞു പരാജയപ്പെട്ടതാണ് മദ്യവർജനം. രാഷ്ട്രപിതാവായ ഗാന്ധിജിയും നവോത്ഥാന നേതാവായ ശ്രീനാരായണഗുരുവും മദ്യപാനത്തിനെതിരെ ശക്തമായ ഉപദേശങ്ങളും താക്കീതുകളും നല്കിയിട്ടുണ്ട്. എന്നാൽ അവയ്ക്കൊന്നിനും ജനങ്ങളെ മദ്യപാനത്തിന്റെ കരാളഹസ്തങ്ങളിൽ നിന്നും മോചിപ്പിക്കാനോ മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാനോ ഇല്ലായ്മ ചെയ്യുവാനോ സാധിച്ചിട്ടില്ല. ജനങ്ങളുടെ ആവശ്യപ്രകാരം 2016 സെപ്റ്റംബർ മുതൽ ബീഹാറിൽ സമ്പൂർണ മദ്യനിരോധനം ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തട്ടെ. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരുന്നതിന്, ഗവൺമെന്റിൽ സമ്മർദം ചെലുത്തുന്നതോടൊപ്പം ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സമീപനമാണ് ശരി. ടാപ്പ് തുറന്നിട്ടുകൊണ്ട് ടാങ്കിലെ വെള്ളം വറ്റിക്കാൻ ശ്രമിക്കുന്നതുപോലെയാണ് മദ്യത്തിന്റെ ലഭ്യതയും ഒഴുക്കും നിർത്താതെയുള്ള സർക്കാരിന്റെ മദ്യവർജന ബോധവത്ക്കരണം.

നിരന്തരമായ ബോധവത്ക്കരണങ്ങളിലൂടെയും സമരങ്ങളിലൂടെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, കേരള മദ്യനിരോധന സമിതി തുടങ്ങിയ സംസ്ഥാനത്തെ നിരവധി മദ്യവിരുദ്ധ സംഘടനകൾ നേടിയെടുത്ത സംസ്ഥാനത്തെ ഭാഗികമായ മദ്യനിരോധനത്തെ, അട്ടിമറിക്കാനുള്ള ഗവൺമെന്റ് നടപടിയെ പരാജയപ്പെടുത്തേണ്ടത് സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളുടെ മിതമായ ആവശ്യമാണ്.

മദ്യമാഫിയയെ സഹായിക്കാനും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനുംവേണ്ടി മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന ഗവൺമെന്റ് നടപടി അടിയന്തിരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2016 നവംമ്പർ 25 ന് രാവിലെ 10 മണിക്ക് കണ്ണൂർ ജില്ലാ കളക്ട്രേറ്റിലേയ്ക്കും, ഡിസംമ്പർ 1 ന് കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസിലേയ്ക്കും - തലശ്ശേരി അതിരൂപതയുടെയും, കണ്ണൂർ രൂപതയുടെയും, കോട്ടയം അതിരൂപതാ മലബാർ റീജിയന്റെയും സംയുക്താഭിമുഖ്യത്തിൽ കെ.സി. ബി.സി. മദ്യവിരുദ്ധ സമിതിയുടെ ബാനറിൽ പ്രതിഷേധ മാർച്ചും ധർണയും നടത്തുന്നു. കണ്ണൂർ കളക്ട്രേറ്റിലേയ്ക്കുള്ള മാർച്ച് സെന്റ് മൈക്കിൾസ് സ്കൂൾ ജംഗ്ഷനിൽനിന്നും ആരംഭിച്ച് റെയിൽവേ സ്റ്റേഷൻ റോഡിലൂടെ കളക്ട്രേറ്റ് കവാടത്തിൽ എത്തുന്നു. തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, കണ്ണൂർ രൂപതാദ്ധ്യക്ഷൻ ഡോ. അലക്സ് വടക്കുംതല, കോട്ടയം അതിരൂപതാ മലബാർ റീജിയൻ ഡയറക്ടർ ഫാ. കെന്നടി പറമ്പേട്ട്, പ്രൊഫ. മുഹമ്മദ് അഹമ്മദ്, ഡോ. ജോസ്ലറ്റ് മാത്യു, ശ്രീ. ടി.പി. ആർ നാഥ് തുടങ്ങിയവർ പങ്കെടുക്കുന്നു. കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസിലേയ്ക്കുള്ള മാർച്ച്, കാഞ്ഞങ്ങാട് ബസ് സ്റ്റാന്റിൽ നിന്നും ആരംഭിച്ച് കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസ് അങ്കണത്തിൽ എത്തുന്നു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം, കണ്ണൂർ രൂപതാ വികാരി ജനറാൾ മോൺ. ക്ലാരൻസ് പാലിയത്ത്, മോൺ ജോർജ് എളൂക്കുന്നേൽ, ഫാ. കെന്നടി പറമ്പേട്ട്, ഡോ. ജോസ്ലറ്റ് മാത്യു തുടങ്ങിയവർ പങ്കെടുക്കുന്നു.

നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിൽനിന്നും കഴിയുന്നത്ര ആളുകൾ പങ്കെടുത്ത് മാർച്ചും ധർണയും വിജയിപ്പിക്കണമെന്നും, നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

നിങ്ങളുടെ വത്സല പിതാവ്

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

01-11 -2016 — തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**പ്രത്യേക ശ്രദ്ധയ്ക്ക്** - 2016 നവംമ്പർ 13-ാം തീയതി വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

1. കഴിയുന്നിടത്തോളം ആളുകളെ വാഹനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിയ്ക്കണം
2. വാഹനങ്ങളിൽ എത്തുന്നവർ സെന്റ് മൈക്കിൾസ് ജംഗ്ഷനിൽ ആളുകളെ ഇറക്കി വാഹനങ്ങൾ സെന്റ് മൈക്കിൾസ് ഗ്രൗണ്ടിൽ പാർക്കുചെയ്യണം. വാഹനങ്ങളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ വെള്ളനിറത്തിലുള്ള പതാക ഉണ്ടായിരിക്കണം.
3. കണ്ണൂരിലെയും കാഞ്ഞങ്ങാട്ടെയും മാർച്ച് രാവിലെ 9.30 ന് ആരംഭിക്കുകയും 10.00 മണിക്ക് ധർണ്ണ നടത്തുകയും ചെയ്യും.

**Prot. No. 608/16, Circular No: 21/2016**

# ക്രിസ്മസ്സും ഇരുപത്തഞ്ചുനോമ്പാചരണവും

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് മനുഷ്യാവതാരരഹസ്യത്തെ അനുസ്മരിക്കുന്ന മംഗലവാർത്ത കാലത്തിലൂടെയാണല്ലോ. ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരരഹസ്യങ്ങളെ ഘട്ടംഘട്ടമായി നാം ആരാധനാവത്സരത്തിൽ അനുസ്മരിക്കുന്നു. ഈ രക്ഷാകര പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് ഈശോയുടെ ജനനത്തിലൂടെയാണ്. രക്ഷകനെ കാത്തിരുന്ന ഇസ്രായേൽജനത്തിന് ഏറ്റവും സന്തോഷകരമായ വാർത്തയായിരുന്നു ഗബ്രിയേൽ ദൈവദൂതൻ മറിയത്തെ അറിയിച്ച മംഗലവാർത്ത. ഇസ്രായേലിന്റെ കാത്തിരിപ്പ് പൂവണിയുന്നത് ദൂതന്റെ മംഗലവാർത്തയിലൂടെയും അതിന് പരിശുദ്ധ മറിയം നല്കിയ പ്രത്യുത്തരത്തിലൂടെയുമാണ്.

'ഇതാ കർത്താവിന്റെ ദാസി' എന്ന സമ്മതത്തിലൂടെ മറിയം തന്റെ ഹൃദയവും മനസും ശരീരവും ദൈവഹിതത്തിന് സമർപ്പിച്ചു അവൾ തന്നെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനായി കയ്യാളിച്ചു. ആദ്യസ്ത്രീ മുഖേന വന്ന പാപത്തിനും മരണത്തിനും ശാശ്വതപരിഹാരമായി രണ്ടാം സ്ത്രീയായ പരിശുദ്ധമറിയത്തിന്റെ സമർപ്പണം. അങ്ങനെ അവൾ പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ അഭിമാന പാത്രമായി മാറി.

ഈ മംഗലവാർത്ത ചരിത്രപരമായി ഒരിക്കൽ മാത്രം നടന്ന സംഭവമാണ്. എന്നാൽ ആത്മീയമായി അത് ഇന്നും എന്നും തുടരുന്ന രഹസ്യമാണ്. പരിശുദ്ധ അമ്മയെപ്പോലെ ദൈവഹിതത്തിന് നമ്മൾ ആമ്മേൻ പറയുമ്പോൾ നമ്മളിലും നമ്മുടെ ഭവനങ്ങളിലും സമൂഹങ്ങളിലും ലോകം മുഴുവനിലും മംഗലവാർത്തയും മനുഷ്യാവതാരവും ആവർത്തിക്കപ്പെടുന്നു. ഇതിനാവശ്യം ദൈവഹിതത്തിനുള്ള നമ്മുടെ സമർപ്പണമാണ്. പരിശുദ്ധ അമ്മയെപ്പോലെ ഇന്നത്തെ ലോകത്തിൽ രക്ഷകന് പിറക്കുവാൻ നമ്മൾ ഉപകരണങ്ങളാകണം. സമ്പൂർണ്ണ സമർപ്പണത്തിലൂടെ രക്ഷകന്റെ ഉപകരണങ്ങളാകാൻ നമുക്ക് കഴിയും.

ആയതിനാൽ ഈ നോമ്പ് കാലത്ത് നമ്മെ മുഴുവൻ ദൈവകരങ്ങളിലേക്ക് സമർപ്പിക്കാം. അവിടുത്തെഹിതം നിറവേറ്റുന്നതിൽ നമുക്ക് ഉത്സുകരാകാം.

കർത്താവിലേക്ക് കൂടുതൽ അടുക്കുവാനുള്ള അവസരമാണ് നോമ്പുകാലം. എന്നെ സ്വന്തമാക്കിയ ഈശോയെ സ്വന്തമാക്കുവാനുള്ള സമയം. ഇതിനായി കൂടുതൽ ശുഷ്കാന്തിയോടെ നമ്മുടെ ആത്മീയ കാര്യങ്ങളിൽ നമുക്ക് ശ്രദ്ധ ചെലുത്താം. അനുദിന വി. കുർബാനയിൽ പങ്കെടുത്ത് ഈശോയെ സ്വീകരിക്കാൻ പരിശ്രമിക്കാം. എല്ലാ ഭവനങ്ങളിൽ നിന്നും ഓരോരുത്തർ മാറിമാറിയെങ്കിലും അനുദിന ബലിയിൽ പങ്കുചേരട്ടെ. നമ്മുടെ ഭവനങ്ങളിൽ തടസ്സംകൂടാതെ കുടുംബപ്രാർത്ഥനകൾ നടക്കട്ടെ. പരിത്യാഗപ്രവർത്തികളിലൂടെ നമ്മിലുള്ള പാപത്തിന്റെ മനുഷ്യനെ നമുക്ക് നിയന്ത്രിക്കാം. വി. ഗ്രന്ഥപാരായണത്തിലൂടെ മനുഷ്യവതാരം ചെയ്ത വചനവുമായി താദാത്മപ്പെടുവാൻ ശ്രമിക്കാം. നമ്മുടെ ഉത്തരവാദിത്വങ്ങളുടെ വിശ്വസ്താതാപൂർണ്ണമായ നിർവ്വഹണത്തിലൂടെ ദൈവകൃപയിൽ വളരുന്നതിനൊപ്പം മറ്റുള്ളവർക്ക് മാതൃക ആവുകയും ചെയ്യാം.

മംഗലവാർത്തയിലൂടെ രക്ഷകന്റെ അമ്മയാകുവാൻ സമ്മതം നല്കിയ അമ്മ തിടുക്കത്തിൽ എലിസബത്തിന്റെ ഭവനത്തിലേക്ക് യാത്രയാകുന്നത് നാം കാണുന്നു. രക്ഷകന്റെ അമ്മ എലിസബത്തിന്റെ ഭവനത്തിൽ ശുശ്രൂഷകയായി മാറുന്നു. ദൈവസ്നേഹം നമ്മെ മനുഷ്യസ്നേഹത്തിലേക്കും മാനവസേവനത്തിലേക്കും കൊണ്ടെത്തിക്കും. ഈ നോമ്പ് കാലത്ത് കൂടുതൽ മനുഷ്യസേവനങ്ങളിലേക്ക് നമുക്ക് കടന്നുചെല്ലാം. കൂടുതൽ മനുഷ്യബന്ധങ്ങൾ സ്ഥാപിക്കാൻ പരിശ്രമിക്കാം. എല്ലാവരും തങ്ങളുടെ അയൽപക്കഭവനങ്ങളെ സന്ദർശിച്ച് ഈശോയുടെ സ്നേഹം അവരുമായി പങ്കുവയ്ക്കണം. രോഗാവസ്ഥയിലും പ്രായാധിക്യത്തിലും കഴിയുന്നവരിലേക്ക് കടന്നുചെന്ന് കുറച്ച് സമയം അവരോടൊത്ത് ചിലവഴിക്കാനും അവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയട്ടെ. മക്കൾ തങ്ങളുടെ പ്രായമായ മാതാപിതാക്കളെയും പ്രിയപ്പെട്ടവരെയും സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ക്രിസ്മസ് സമ്മാനങ്ങൾ കൈമാറാനും തയ്യാറാകട്ടെ. ഓരോ കുടുംബത്തിലും മക്കളെല്ലാവരും ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുവാനും സ്നേഹം പങ്കുവയ്ക്കുവാനും പരിശ്രമിക്കാം. ക്രിസ്മസ്സും നവവത്സരവും ആഘോഷിക്കുവാൻ സാഹചര്യമില്ലാത്തവരെ നമുക്കു പ്രത്യേകം

അനുസ്മരിക്കാം. ഉള്ളതിന്റെ ഒരോഹരി ദരിദ്രഭവനങ്ങളിലേക്ക് കടന്നുചെല്ലട്ടെ. അവരും ഈശോയുടെ സ്നേഹവും കരുതലും നിങ്ങളിലൂടെ അനുഭവിച്ചറിയട്ടെ.

കാലിതൊഴുത്തിൽ പിറന്നവൻ എളിമയുടെയും ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമാണ്. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകുവാൻവേണ്ടി തന്നെ (2 കോറി. 8:9). "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയി തീർന്നു" (ഫിലിപ്പി. 2:6-7). അവൻ ശുശ്രൂഷകനായും ദാസനായും മാറി. നമ്മൾ ആരുടെയും യജമാനന്മാരല്ല ശുശ്രൂഷകരാണെന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു. വിനയം, ലാളിത്യം, ദാരിദ്ര്യചൈതന്യം ഇവ അവൻ നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരെ നമ്മളേക്കാൾ ശ്രേഷ്ഠരായി കുരുതുവാൻ ക്രിസ്മസ്സ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

നിങ്ങൾക്കെല്ലാവർക്കും നല്ല നോമ്പുകാലവും സന്തോഷപ്രദമായ ക്രിസ്മസ്സും അനുഗ്രഹപ്രദമായ നവവത്സരവും ഏറ്റം സ്നേഹത്തോടെ ആശംസിക്കുന്നു. ഉണ്ണിഈശോ നമ്മുടെ അതിരൂപതയെയും നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25.11.16 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്** - 2016 ഡിസംബർ 4-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

**Prot. No. 609/16, Circular No: 22/2016**

# വത്സലപിതാവ് കുഞ്ഞുങ്ങളോട്...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും ആശംസിച്ചുകൊണ്ട് വീണ്ടും ഒരു ക്രിസ്തുമസ്സ് വന്നെത്തുകയായ്. നിങ്ങൾക്കെല്ലാവർക്കും നന്മനിറഞ്ഞ ഒരു ക്രിസ്തുമസ്സ് കാലം സ്നേഹപൂർവ്വം ആശംസിക്കുന്നു. ലോകമെമ്പാടുമുള്ള മനുഷ്യർ പ്രത്യേകിച്ചും നമ്മുടെ ഇന്ത്യയിൽ ശാരീരികമായും മാനസികമായും അതിലേറെ സാമ്പത്തികമായും ക്ലേശങ്ങളനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പ്രത്യേകമായ പ്രാർത്ഥന ഉണ്ണീശോയേ, നിന്റെ ശാന്തിയും സമാധാനവും ഞങ്ങൾക്കോരോരുത്തർക്കും തരണമേ എന്നതാകട്ടെ. ഒപ്പം ലോകംമുഴുവനുംവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

ഉണ്ണീശോയുടെ പിറവിതിരുന്നാളിനൊരുക്കമായി കുഞ്ഞുങ്ങളായ നിങ്ങൾ ഒട്ടേറെ ഒരുക്കങ്ങൾ തീർച്ചയായും ചെയ്യുമല്ലോ. ക്രിസ്തുമസ്സ് പരീക്ഷയ്ക്ക് നന്നായി പഠിച്ചൊരുങ്ങണം. നമ്മുടെ ഭവനങ്ങളിലും ഇടവകാദേവാലയങ്ങളിലും തിരുപ്പിറവിയുടെ ഓർമ്മ ഉണർത്താൻതക്കവണ്ണം പുൽക്കൂടുകളും നക്ഷത്രങ്ങളും തീർച്ചയായും നിങ്ങൾ ഉണ്ടാക്കുമല്ലോ. അത്തരം നല്ല പതിവുകൾ നമ്മുടെ ക്രിസ്തീയ ഭവനങ്ങളിൽനിന്ന് പ്രത്യേകിച്ച് കുട്ടികളായ നിങ്ങളുടെ ജീവിതത്തിൽനിന്നും നഷ്ടപ്പെട്ടുപോകരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. ഇരുപത്തഞ്ച് നോമ്പിലെ എല്ലാദിവസവും തണുപ്പൊക്കെയുണ്ടെങ്കിലും മടിയൊക്കെ മാറ്റിവച്ച് മാതാപിതാക്കളെയും കൂട്ടി എല്ലാദിവസവും വിശുദ്ധ ബലിയർപ്പിക്കാൻ പോകണം. ക്രിസ്തുമസ്സ് കാലത്തെ ഏറ്റവും നല്ല ഓർമ്മ ഇരുപത്തഞ്ച് ദിവസം മുടങ്ങാതെ പള്ളിയിൽ പോയി വിശുദ്ധ ബലിയിൽ പങ്കെടുക്കുന്നതാണ്. എത്ര വളർന്നാലും നാം മറക്കാത്ത ദൈവാനുഗ്രഹത്തിന്റെ കാലവും അതുതന്നെയായിരിക്കും.

ഇരുപത്തഞ്ച് ദിവസം ബലിയർപ്പിക്കാൻ പോകുന്നതോടൊപ്പം നോമ്പെടുക്കാനും തീർച്ചയായും നിങ്ങൾ ശ്രദ്ധിക്കുമല്ലോ. മത്സ്യ-മാംസാദികൾ ഉപേക്ഷിക്കുന്നതോടൊപ്പം ചില പ്രത്യേക പുണ്യപ്രവൃത്തികൾക്കൂടി പരിശീലിക്കുന്ന ഒരു സമയമായി നമുക്കിതിനെ മാറ്റാം. കഴിഞ്ഞ വർഷം കുട്ടികളായ നിങ്ങൾ സ്വരൂപിച്ച ക്രിസ്തുമസ്സ് നിക്ഷേപംകൊണ്ട് ഒറീസയിലെ സാമ്പൽപൂർ രൂപതയിലെ ബോഡ്മാൽ വില്ലേ

ജിലെ ബാലഭവനിലെ കുട്ടികൾക്കായി നമ്മൾ കട്ടിൽ വാങ്ങികൊടു ത്തിരുന്നു. അതിന് നന്ദിപറഞ്ഞുകൊണ്ട് ഒറീസ്സയിൽനിന്നും എനിക്ക് വ്യക്തിപരമായി അവർ കത്ത് അയച്ചിരുന്നു. ഉണ്ണീശോയുടെ തിരുപ്പി റവി അർത്ഥവത്താക്കിയ നിങ്ങളോരോരുത്തരെയും ഞാൻ അഭിനന്ദി ക്കുന്നു. ഈ വർഷത്തെ നിക്ഷേപം സാംഗ്ലി മിഷനിലെ എയ്ഡ്സ് രോഗികളായ 85 ഓളം കുഞ്ഞുങ്ങളെ സഹായിക്കാനായി നമുക്ക് മാറ്റി വയ്ക്കാം. ഇടവകകളിൽ അതിനുള്ള ക്രമീകരണം തീർച്ചയായും നിങ്ങൾ ചെയ്യുമല്ലോ.

ഈ ക്രിസ്തുമസ്സിൽ സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരു കാര്യം **പരിശുദ്ധാത്മാവിന്റെ ദാനമായ ആത്മ നിയന്ത്രണം എന്ന വിഷയത്തെക്കുറിച്ചാണ്.** പല കുഞ്ഞുങ്ങളും ചെറു പ്പകാലത്ത് പഠനത്തിലും പ്രാർത്ഥനയിലും മിടുക്കരും മാതാപിതാ ക്കൾക്ക് ഒട്ടേറെ പ്രതീക്ഷയും സന്തോഷവും നൽകുന്നവരുമാണ്. എന്നാൽ ദുഃഖകരമായ കാര്യം, മുതിർന്ന ക്ലാസ്സുകളിലേക്ക് എത്തു മ്പോൾ അവർ നഷ്ടപ്പെടുത്തുന്നു എന്നുള്ളതാണ്. ഇതിന്റെ പ്രധാന കാരണം ഒരുകാലത്ത് മദ്യവും പുകവലിയുമൊക്കെയായിരുന്നു. എന്നാൽ ഇന്നത്തെ പ്രധാന ശത്രു മാധ്യമങ്ങളാണ്. ഞാനുദ്ദേശിക്കു ന്നത് ടി.വി, മൊബൈൽഫോൺ, ഇന്റർനെറ്റ് എന്നിവയുടെ അമിത മായ-തെറ്റായ ഉപയോഗത്തെയാണ്.

നിങ്ങളിൽ പലരും ഒന്നും രണ്ടും മക്കളുള്ള വീടുകളിൽനിന്നു ള്ളവരായിരിക്കുമല്ലോ. മാതാപിതാക്കൾക്ക് പലപ്പോഴും ജോലിയുടെ തിരക്കുമുണ്ടാകും. അത്തരം സാഹചര്യങ്ങളിൽ സമയം പോകാൻ, നമ്മളിൽ പലരും ചിലവഴിക്കുന്നത് ടി.വി കണ്ടും മൊബൈൽഫോ ണിൽ കളിച്ചും ഇന്റർനെറ്റിൽ ചാറ്റുചെയ്തുമൊക്കെയാണ്. കുട്ടികളായ നിങ്ങൾക്ക് തുടക്കത്തിൽ വളരെ ആകാംക്ഷയും കൗതുകവും പുതുമ യുമൊക്കെ തരുമെങ്കിലും അവ നിങ്ങളറിയാതെ പതിയെ നിങ്ങളെ കീഴ്പ്പെടുത്തും. മിടുക്കരായ പലകുട്ടികളും ഇന്ന് അന്തർമുഖരും, മാന സീക രോഗികളും, പഠനത്തിൽ ശ്രദ്ധിക്കാൻ പറ്റാത്തവരും, വ്യക്തിത്വം തകർന്നവരുമായതിന്റെ പിന്നിലെ കാരണം ഈ മാധ്യമ ദുരുപയോഗ മാണ്. രസത്തിനുവേണ്ടി ആരംഭിക്കുന്ന പല ഫെയ്സ്ബുക്ക് ബന്ധ ങ്ങളും വൻ ചതിക്കുഴികളായി മാറുന്നു. ജീവിത വിശുദ്ധി നഷ്ടപ്പെ ടുത്തി, തഴക്കദോഷങ്ങളിലേക്കും, ലൈംഗീക അരാചകത്വത്തിലേക്കും അവ നമ്മെ നയിക്കുന്നു. ഇത്തരം മാധ്യമ ആസക്തികൾക്ക് അടിമപ്പെ ട്ടാൽ തിരിച്ചുവരാൻ നാം നല്ലവണ്ണം ശ്രമിക്കേണ്ടിവരും. കാരണം ഇവിടെ ഒരു യന്ത്രവും മനുഷ്യനും തമ്മിലുള്ള ബന്ധമാണ്. രണ്ടുപേ

രുടെ സമ്മതം ഈ ബന്ധത്തിന് ആവശ്യമില്ല. നിങ്ങൾക്ക് ഇഷ്ടവും ആഗ്രഹവും തോന്നുമ്പോൾ ടി.വി ഓണാക്കുന്നു, ഓഫാക്കുന്നു. മൊബൈൽ വിളിക്കുന്നു, ഇന്റർനെറ്റിൽ സെർച്ച് ചെയ്യുന്നു. ഇവിടെ നിങ്ങളുടെ ആത്മനിയന്ത്രണത്തിന്റെ ശക്തിയുടെ അളവുമാത്രമാണ് നന്നാവാനും മോശമാവാനും ഏക കാരണം.

ഇത് കേൾക്കുമ്പോൾ നിങ്ങളിൽ പലരുടെയും ഉള്ളിൽ ആഗ്രഹമുണ്ടാകും, നമ്മളകപ്പെട്ടുപോയ ഇത്തരം ദുരന്തങ്ങളിൽനിന്നും രക്ഷപെടണമെന്ന്. പക്ഷേ, മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് ഇവയൊന്നും വേണ്ട എന്ന് നമുക്ക് പറയാൻ കഴിയില്ല. കാരണം അത്രമേൽ നമ്മുടെ ജീവിതത്തോട് ഇവ ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെയാണ് ആത്മനിയന്ത്രണമെന്ന പരിശുദ്ധാത്മാവിന്റെ ദാനത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കേണ്ടത്. "എല്ലാം നിയമാനുസൃതമാണ്. എന്നാൽ എല്ലാം പ്രയോജനകരമല്ല" (1കോറി:10-23) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർക്കാം. എനിക്ക് ഇഷ്ടമുള്ളത് ഇഷ്ടംപോലെ ചെയ്യുന്നതല്ല, മറിച്ച് ചില ഇഷ്ടങ്ങൾ ഇഷ്ടത്തോടെ വേണ്ടെന്നുവയ്ക്കുന്നതാണ് ആത്മനിയന്ത്രണം.

ആയതിനാൽ ഈ ഇരുപത്തഞ്ച് നോമ്പിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ വിശ്വാസികളോടും പ്രത്യേകിച്ച് കുട്ടികളായ നിങ്ങളോട് ഒരു പുതിയ നോമ്പിനേക്കുറിച്ച് പറയട്ടെ. അതാണ് E **-നോമ്പ് (ഇലക്ട്രോണിക് നോമ്പ്)** അതായത് ഈ ഇരുപത്തഞ്ച് ദിവസം നമുക്ക് എത്രത്തോളം ആത്മനിയന്ത്രണമുണ്ട് എന്ന് സ്വയം പരിശോധിച്ചറിയാനുള്ള അവസരമാണിത്. ഡിസംബർ ഒന്നാംതിയതി മുതൽ ഇരുപത്തഞ്ചാം തിയതി വരെ ടി.വി, മൊബൈൽഫോൺ, ഇന്റർനെറ്റ് എന്നിവയോട് നാം ഗുഡ്ബൈ പറയുന്നു. മുഴുവൻ സമയവുമല്ല, വൈകിട്ട് 6 മുതൽ രാവിലെ 6 വരെ. ഇതിൽ നാം വിജയിച്ചാൽ തീർച്ചയായും നമ്മുടെ ആത്മബലം വലുതാണെന്ന് തിരിച്ചറിയാനാകും. ഈ ചെറിയ കാര്യത്തിൽ വിജയിച്ചാൽ പിന്നീട് ജീവിതത്തിലെ പല വലിയ പ്രലോഭനങ്ങളെയും നേരിടാൻ നമുക്ക് ശക്തി ലഭിക്കും.

പരിശുദ്ധ മാർപ്പാപ്പ സന്തോഷകരമായ കുടുംബജീവിതത്തിന് നിർദ്ദേശിച്ച ഏതാനും ചില കാര്യങ്ങൾ ഈ ക്രിസ്തുമസ്സിൽ നമുക്ക് പരിശീലിക്കാം. 1. ടി.വി ഓഫാക്കാൻ പഠിക്കുക 2. കുടുംബമൊന്നിച്ച് പ്രാർത്ഥിക്കുക 3. കുടുംബമൊന്നിച്ച് ഭക്ഷിക്കുക 4. പരസ്പരം തുറന്ന് സംസാരിക്കുക. അവസാനത്തെ മൂന്ന് കാര്യങ്ങൾ ചെയ്യാനാവശ്യമായ സമയം ആദ്യത്തെ കാര്യം ചെയ്യുന്നതിലൂടെ നമുക്ക് ലഭിക്കും. ബഹുമാനപ്പെട്ട വികാരി അച്ചന്മാരും സിസ്റ്റേഴ്സും മാതാപിതാക്കളും ഈ

പുതിയ നോമ്പാചരണത്തെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുകയും ഒപ്പം അവരോടൊപ്പം നോമ്പെടുക്കുകയും ചെയ്യുമല്ലോ. ഇക്കാര്യം അവരെ ഓർമ്മിപ്പിക്കാനായി "Say good bye to mobile, T.V and Internet from 6 pm to 6 am" എന്ന് ഇടവകകളിലും സ്ഥാപനങ്ങളിലും ഭവനങ്ങളിലും മനോഹരമായി എഴുതിവയ്ക്കുകയും ചെയ്യുമല്ലോ.

ആകയാൽ ഈ ക്രിസ്തുമസ്സ് നമുക്ക് ദൈവാനുഗ്രഹത്തിന്റെ അവസരമായി മാറട്ടെ. ശരീരത്തിന്റെ എല്ലാ പ്രലോഭനങ്ങളെയും പരാജയപ്പെടുത്തി പൂർണ്ണ മനുഷ്യനായി പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ നിങ്ങളോരോരുത്തരെയും നിങ്ങളുടെ കുടുംബങ്ങളെയും ആശീർദിക്കട്ടെ. നല്ല പരീക്ഷാക്കാലവും ക്രിസ്തുമസ്സ് അവധിയും ആശംസിക്കുന്നു. ഒപ്പം അനുഗ്രഹം നിറഞ്ഞ പുതുവത്സരവും.

സ്നേഹപൂർവ്വം,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
22.11.16 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്** - 2016 ഡിസംബർ 04-ാം തീയതി ഞായറാഴ്ച കുട്ടികൾക്കുവേണ്ടിയുള്ള വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

## സ്നേഹത്തിന്റെ ആനന്ദം പഠനക്കുറിപ്പ്

*(AMORIS LAETITIA)*



കുടുംബജീവിതത്തെക്കുറിച്ച് സിനഡനന്തര അപ്പസ്തോലിക പ്രബോധനമായി ഫ്രാൻസീസ് മാർപാപ്പ പുറപ്പെടുവിച്ച "സ്നേഹത്തിന്റെ ആനന്ദം" എന്ന ഗ്രന്ഥത്തിന്റെ പഠനക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. ലളിതമായ ഭാഷയിൽ തയ്യാറാക്കിയ ഈ പഠനക്കുറിപ്പ് പ്രസംഗത്തിനും കുടുംബകൂട്ടായ്മകളിൽ ക്ലാസുകൾ എടുക്കുന്നതിനും ചർച്ചകൾക്കും വളരെ സഹായകമാണ്. പരിശുദ്ധ പിതാവിന്റെ സുന്ദരമായ കുടുംബദർശനങ്ങൾ സാധാരണ വിശ്വാസികളിൽ എത്തിക്കാനുള്ള മാർഗ്ഗമായി ഇതിനെ പ്രയോജനപ്പെടുത്താവുന്നതാണ്. കോപ്പികൾ സന്ദേശഭവൻ ബുക്ക്സ്റ്റാളിൽ ലഭ്യമാണ് (0490 2325725). വില 6 രൂപ.

**ഡയറക്ടർ, സന്ദേശഭവൻ**

**Prot. No. 611/16, Pastoral Letter No: 5**

# ഇടയലേഖനം

## 'സ്നേഹത്തിന്റെ ആനന്ദവും കുടുംബജീവിതവും'

*തലശ്ശേരി അതിരൂപതയുടെ മേലധ്യക്ഷനായ ജോർജ് ഞറളക്കാട്ട് തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശന്മാർക്കും സമർപ്പിതർക്കും അൽമായ സഹോദരങ്ങൾക്കും തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കുടുംബ ജീവിതത്തെക്കുറിച്ച് റോമിൽ നടന്ന രണ്ടു സിനഡുകളുടെ വെളിച്ചത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമായ "സ്നേഹത്തിന്റെ ആനന്ദം" (Amoris Laetitia) ഇതിനോടകം ആഗോളതലത്തിൽ ജനശ്രദ്ധ നേടിയിട്ടുണ്ട്. ഈ പ്രബോധനരേഖ കുടുംബജീവിതത്തെക്കുറിച്ച് നമുക്കു നൽകുന്ന നവീന കാഴ്ചപ്പാടുകൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ ഇടയലേഖനം ഞാൻ എഴുതുന്നത്. പ്രധാനമായും കുടുംബജീവിതത്തിന്റെ സന്തോഷം, വിവാഹപ്രതിസന്ധിയിലുള്ളവരുടെ കൂദാശാ സ്വീകരണം, ജീവിതലാളിത്യം എന്നീ മേഖലകളിൽ പരി. പിതാവ് പങ്കുവയ്ക്കുന്ന ചിന്തകളിലേക്കാണ് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നത്.

### കുടുംബ ജീവിതത്തിന്റെ സന്തോഷം

എന്തെല്ലാം പരിമിതികളുണ്ടെങ്കിലും പറുദീസായുടെ ഭൂമിയിലെ പതിപ്പാണ് കുടുംബം. കുടുംബത്തെയും വ്യക്തികളെയും അവയുടെ സങ്കീർണ്ണതയിൽ മനസ്സിലാക്കാൻ സഭയ്ക്കുകഴിയണം എന്നാണ് ഈ ചാക്രികലേഖനത്തിലൂടെ പാപ്പാ അർത്ഥമാക്കുന്നത്. വിവാഹത്തിൽ വീഴ്ച പറ്റിയവരെല്ലാം ഒരുപോലെ ദോഷത്തിലും സഭാഭ്രഷ്ടിലുമാണെന്നുള്ള ചിന്ത അപകടകരമാണ് (298). നിയമങ്ങളെ സമ്പൂർണ്ണമായി അംഗീകരിക്കുമ്പോൾ തന്നെ വിവാഹം എന്ന രഹസ്യത്തെ എളിമയോടെ മനസ്സിലാക്കാൻ നിയമം മാത്രം പോരാ എന്ന സത്യമാണ് പാപ്പാ പങ്കുവയ്ക്കുന്നത്.

ഈ പ്രബോധനരേഖയിൽ വിവാഹത്തെയും കുടുംബജീവിതത്തെയുംകുറിച്ച് ഫ്രാൻസിസ് മാർപാപ്പായുടെ നിലപാടുകൾ ഇതപര്യന്തമുള്ള സഭാപ്രബോധനങ്ങളിൽനിന്ന് അണുപോലും

വ്യതിചലിക്കുന്നതല്ല. എന്നാൽ കൂടുതൽ തുറവിയുള്ള കാഴ്ചപ്പാടുക ളിലേക്ക് ഈ പ്രബോധനരേഖ നമ്മെ നയിക്കുന്നുണ്ട്.

കുടുംബജീവിതത്തിന്റെ സന്തോഷം അനുഭവിക്കാൻ ദമ്പതികൾ സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തെയാണ് മാതൃകയാക്കേണ്ടത് എന്നാൽ മിശിഹായും സഭയും തമ്മിലുള്ള സ്നേഹത്തെ വ്യക്തിജീവിതത്തിൽ പൂർണ്ണമായി പ്രകാശിപ്പിക്കാനുള്ള ദമ്പതികളുടെ പരിമിതിയെയും ബലഹീനതയെയും ഗൗരവമായി പരിഗണിക്കണം എന്നാണ് മാർപാപ്പാ പറയുന്നത്. വിവാഹനിമിഷം മുതൽ ഈ പൂർണ്ണതയിലെത്താൻ ആർക്കും കഴിയില്ല. ക്രമേണ അനുഭവിച്ചറിയേണ്ട യാഥാർഥ്യമാണ് വിവാഹ ഐക്യം. പക്വതയാർന്ന സ്നേഹത്തിലേക്ക് ദമ്പതികൾ സാവകാശമാണ് എത്തുന്നത്.

വിവാഹത്തിന്റെ യഥാർഥഫലം മക്കളാണെന്ന പരമ്പരാഗത വിശ്വാസത്തെ മാർപാപ്പ ഊന്നിപ്പറയുന്നു. സന്താനങ്ങളുടെ എണ്ണത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ വിഷയത്തെക്കുറിച്ച് നൽകുന്ന ഉത്തരവാദിത്വപൂർണ്ണമായ മാതൃപിതൃത്വത്തെക്കുറിച്ചുള്ള പ്രബോധനം പിൻചെല്ലാനാണ് മാർപാപ്പാ നിർദ്ദേശിക്കുന്നത് (*AL*, 222). ഇതനുസരിച്ച് ദമ്പതിമാർ ദൈവസന്നിധിയിൽ അവരുടെ മനസ്സാക്ഷിയനുസരിച്ച് എടുക്കേണ്ട തീരുമാനമാണ് എത്ര മക്കൾ വേണമെന്നത്. പക്ഷേ ഈ തീരുമാനമെടുക്കുമ്പോൾ ദമ്പതിമാർ അവരുടെ ക്ഷേമവും ജനിച്ച മക്കളുടെ ക്ഷേമവും ജനിക്കാൻ പോകുന്ന കുഞ്ഞിന്റെ ക്ഷേമവും അവരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ സാഹചര്യങ്ങളും പരിഗണിക്കണം. (GS 50, *AL*, 222).

വിവാഹത്തിലേക്കു പ്രവേശിക്കുന്നതിന് ഒരുക്കമായുള്ള പരിശീലന ക്ലാസുകൾപോലെ, വിവാഹിതരായ ദമ്പതികൾക്കു ദാമ്പത്യത്തിന്റെ ആദ്യവർഷങ്ങളിൽ സഭ പിന്തുണ നൽകേണ്ടതുണ്ട്. കുടുംബജീവിതത്തിലെ അസ്വസ്ഥതകളുടെ സിംഹഭാഗവും ആരംഭിക്കുന്ന ദാമ്പത്യത്തിന്റെ ആദ്യവർഷങ്ങളിൽ ദമ്പതികളെ അനുയാത്ര ചെയ്യാനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനും അജപാലകർക്കു കഴിയണമെന്ന് മാർപാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. നമ്മുടെ അതിരൂപതയിൽ ഈ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ കർമ്മ പദ്ധതികൾ ഫാമിലി അപ്പൊസ്റ്റൊലേറ്റുവഴി ക്രമീകരിക്കുന്നതാണ്.

കുട്ടികളെ അച്ചടക്കത്തിലും ധാർമ്മികചിന്തയിലും വളർത്താൻ മാതാപിതാക്കൾക്ക് ഉത്തരവാദിത്വമുണ്ട്. ലൈംഗിക വിദ്യാഭ്യാസവും

അടങ്ങുന്ന വിദ്യാഭ്യാസശിക്ഷണം ഉറപ്പുവരുത്തണം. ലൈംഗികതയെ ഏറ്റവും വലിയ വില്പനചരക്കാക്കി മാറ്റിയ ആധുനിക ലോകത്തിൽ കുട്ടികൾക്ക് ശരിയായ ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയിലേക്ക് മാർപാപ്പാ ശ്രദ്ധ ക്ഷണിക്കുന്നുണ്ട് (AL, 280). ലൈംഗികതയെന്നാൽ ഇന്റർനെറ്റിലെ പോർണോഗ്രഫിയും നീലചിത്ര ങ്ങളിലെ അതിക്രമങ്ങളുമാണെന്ന ധാരണ ആധുനിക യുഗത്തിലെ യുവ തലമുറയിൽ രൂഢമൂലമാകുന്നുണ്ട്. അതിനാൽ സ്നേഹത്തിന്റെ സമഗ്രതയിലും ആത്മദാനത്തിന്റെയും പരസ്പര ദാനത്തിന്റെയും അർത്ഥതലങ്ങളിൽ ലൈംഗികതയെ കാണാൻ കുട്ടികളെ തീർച്ച യായും പരിശീലിപ്പിക്കണം. അതോടൊപ്പം മക്കളുടെ സ്വാതന്ത്ര്യ ത്തെയും മാതാപിതാക്കൾ മാനിക്കണം. അവർ സ്വാതന്ത്ര്യത്തിൽ വളർന്നാലേ പക്വത പ്രാപിക്കുകയുള്ളൂ. മാതാപിതാക്കൾ ഒരു ശല്യ മായി കുട്ടികൾക്ക് തോന്നാതിരിക്കാൻ ഇത് ആവശ്യമാണ്.

കുടുംബാംഗങ്ങൾ ഒന്നിച്ചായിരിക്കാൻ കുറച്ചുസമയമെങ്കിലും കണ്ടെത്തണം. ഈ സമയത്ത് ടി.വി, മൊബൈൽ, കമ്പ്യൂട്ടർ തുടങ്ങി യവ ഒഴിവാക്കി തുറവിയോടെയുള്ള പങ്കുവയ്ക്കൽ ശൈലി വളർത്ത ണം. കുടുംബ പ്രാർത്ഥനയുടെ പ്രാധാന്യം വീണ്ടെടുക്കണം. കുടും ബാംഗങ്ങളെല്ലാവരും നിശ്ചിത സമയത്ത് ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്ന സീറോ മലബാർ പൈതൃകം നാം കാത്തുസൂക്ഷിക്കണം.

## വിവാഹ പ്രതിസന്ധിയിലുള്ളവരുടെ കൂദാശാ സ്വീകരണം

വിവാഹബന്ധത്തിൽ വീഴ്ചപറ്റിയവരും പുനർവിവാഹിതരുമായ വ്യക്തികളെ സഭയുടെ കൂട്ടായ്മയോടു ചേർത്തുനിർത്താൻ കൂടുതൽ ക്രിയാത്മകമായ അജപാലന പരിശ്രമങ്ങൾ ആവശ്യമുണ്ട്. ഇത്തരം വ്യക്തികളും അജപാലകനും തമ്മിൽ വ്യക്തിപരവും ആന്തരികതല ത്തിലും (internal forum) നടത്തുന്ന സംഭാഷണത്തിലൂടെ സഭാ കൂട്ടായ്മയിലുള്ള പങ്കാളിത്തം ഏതൊക്കെ തലംവരെയാകാം എന്നു നിർണ്ണയിക്കാം (AL 300, 305). വിവാഹജീവിതത്തിലെ പ്രതിസന്ധി കളിലൂടെ കടന്നുപോകുന്നവരും പുനർവിവാഹിതരുമായവരെ സഭാഭ്രഷ്ടരെപ്പോലെ കരുതുന്നത് തികച്ചും അപലപനീയമാണ്.

ആദ്യവിവാഹം വേർപിരിഞ്ഞ് പിന്നീട് സഭാനിയമാനുസൃതമ ല്ലാതെ സിവിൽ വിവാഹത്തിലൂടെ ഒന്നിച്ചു ജീവിക്കുന്നവർക്കു പരി. കുർബാന കൊടുക്കാമോ ഇല്ലയോ എന്ന വിഷയം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. വിവാഹബന്ധം വേർപിരിഞ്ഞു താമസിക്കുന്നവ

രുടെ കൂദാശ ജീവിതവുമായി ബന്ധപ്പെട്ട് സഭയുടെ നിലപാടുകൾ താഴെ പറയുംവിധം മനസ്സിലാക്കാവുന്നതാണ്.

1. വിവാഹബന്ധം പിരിഞ്ഞവരും എന്നാൽ വിവാഹഉടമ്പടിയുടെ അഭേദ്യതയെ മാനിച്ച് പുനർവിവാഹം കഴിക്കാതിരിക്കുന്നവരുമായ വരുടെ കൂദാശജീവിതത്തെ സഭ ഏറെ ശ്രദ്ധയോടെ പ്രോത്സാഹിപ്പി ക്കുകയും പിന്തുണയ്ക്കുകയും വേണം.

2. കൗദാശിക വിവാഹബന്ധം പിരിഞ്ഞവരും സിവിൽ നിയമപ്രകാരം പുനർവിവാഹം നടത്തിയവരുമായവരെ അജപാലകർ കരുണ യോടെ മനസ്സിലാക്കുകയും അനുയാത്രചെയ്യുകയും വേണം. കൗദാശികമായി നടന്ന അവരുടെ വിവാഹബന്ധം സാധുവായി രുന്നില്ല എന്നു തെളിയിക്കാൻ ന്യായങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത ബന്ധം അസാധുവാക്കാൻ സഭാകോടതികളെ സമീപിക്കാൻ പ്രോത്സാഹിപ്പിക്കണം. മാർപാപ്പാ അടുത്തകാലത്ത് ലഘൂകരിച്ച കോടതിനടപടിക്രമങ്ങൾ ഇതിന് സഹായകരമാണ്. ഇപ്രകാരം വിവാഹവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിച്ച് പ്രസ്തുത വ്യക്തികൾക്ക് വി. കുർബ്ബാന സ്വീകരണമുൾപ്പെടെയുള്ള കൂദാശ ജീവിതം ഉറപ്പുവരുത്താൻ അജപാലകർക്ക് കടമയുണ്ട്.

3. സഭാപരമായി നടന്ന വിവാഹം അസാധുവായി പ്രഖ്യാപിക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ സിവിൽനിയമപ്രകാരം വിവാഹിത രായി ജീവിക്കുന്നവരുടെ വി. കുർബ്ബാന സ്വീകരണമാണ് മറ്റൊരു പ്രധാന വിഷയം. ഈ വിഷയത്തിൽ സഭ അനുവർത്തിക്കുന്നത് വി. ജോൺ പോൾ മാർപ്പാപ്പ എഴുതിയ 1981 ലെ *കുടുംബങ്ങളുടെ കൂട്ടായ്മ* (Familiaris Consortio,84) യിലെ നിർദ്ദേശങ്ങളാണ്. വിശുദ്ധഗ്രന്ഥത്തിന്റെ നിലപാട് (മത്താ. 19:9) മുറുകെ പിടിച്ചുകൊണ്ട് സഭ എന്നും പഠിപ്പിക്കുന്നത് വിവാഹമോച നശേഷം സിവിൽ വിവാഹം നടത്തിയവർക്ക് പരിശുദ്ധ കുർബാന സ്വീകരിക്കാൻ പാടില്ല എന്നതാണ്. കാരണം അവർ പരസ്യമായും സ്ഥായിയായും വ്യഭിചാരാവസ്ഥയിൽ കഴിയുന്നവരാണ്. അവർക്ക് കുർബാന സ്വീകരണം അനുവദിച്ചാൽ അത് ഉതപ്പിന് കാരണമാകും എന്നു മാത്രമല്ല, വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ചുള്ള സഭയുടെ പഠനത്തിൽ മായം ചേർക്കുകയുമായിരിക്കും. ഈ വിഷയത്തിൽ ഒഴിവുനൽകാൻ പറ്റില്ലെന്നാണ് സഭയുടെ നിലപാട്. മേൽപറഞ്ഞ രേഖ (FC 84) നൽകുന്ന അനുവാദം ഇപ്രകാരമാണ്. "എന്നാൽ തെറ്റായ ഈ ബന്ധത്തെക്കുറിച്ച് പശ്ചാത്തപിക്കുകയും എന്നാൽ

മക്കളുടെ ശരിയായ വളർത്തലിനുവേണ്ടി വേർപിരിയാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ, ഉതപ്പ് ഒഴിവാക്കാൻ കഴിയുമെന്ന് അജപാലകന് ഉറപ്പുള്ളപ്പോൾ ക്രമരഹിതമായ സാഹചര്യത്തിൽ ജീവിക്കുന്ന ദമ്പതിമാർ ലൈംഗികബന്ധം ഒഴിവാക്കി സഹോദരീ സഹോദരന്മാരെ പ്പോലെ ജീവിക്കാൻ തയ്യാറായാൽ അവരെ കൂദാശകൾ സ്വീകരിക്കാൻ അനുവദിക്കാം. ഉതപ്പ് ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഇത് അനുവദനീയമല്ല." (CCEO 915; CIC 712; CCC 2384, 2385, 2386).

മുൻപു വിശദീകരിച്ചതുപോലെ, ഇവർ സഭാസമൂഹത്തിൽ നിന്നും പുറത്താകുന്നില്ല. അജപാലകർക്ക് അവരെക്കുറിച്ച് കരുതൽ ഉണ്ടാകണം. അവർ സഭയിൽനിന്നും വേർപിരിഞ്ഞവരാണെന്ന് കരുതരുത്. മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ അവർ സഭാജീവിതത്തിൽ പങ്കുചേരണം. ദൈവവചനം ശ്രവിക്കാനും വി. കുർബ്ബാനയിൽ പങ്കുകൊള്ളാനും പ്രാർത്ഥനയിൽ നിലനിൽക്കാനും സമൂഹത്തിൽ കാരുണ്യപ്രവർത്തനങ്ങളിൽ പങ്കുകൊള്ളാനും നീതിക്കുവേണ്ടി നിലകൊള്ളാനും പ്രായശ്ചിത്ത പ്രവൃത്തികളിൽ ഏർപ്പെടാനും അവരെ പ്രോത്സാഹിപ്പിക്കണം.

## ജീവിത ലാളിത്യം

അനാവശ്യമായ ധൂർത്തും ആഢംബരവും ഒഴിവാക്കി കുടുംബങ്ങൾ ലളിതജീവിതശൈലി അനുവർത്തിക്കുന്നത് ഏറെ രക്ഷാകരമാണെന്ന് പരി. പിതാവ് ഓർമ്മിപ്പിക്കുന്നുണ്ട്. ക്രിസ്തീയ ബോധ്യങ്ങളിലും പ്രാർത്ഥനകളിലും രൂപീകരിക്കപ്പെട്ട ഒരു മനസ്സാക്ഷിക്കേ ആഢംബരജീവിതത്തെ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കുടുംബയൂണിറ്റുകളോടനുബന്ധിച്ച് മുതിർന്നവരുടെ കൂട്ടായ്മകളുണ്ടാക്കി അവിടെ ലളിതജീവിതശൈലിക്കുള്ള പ്രായോഗികവഴികൾ ചർച്ച ചെയ്യണം. ഇതിന് സഹായകമായ ചില മാർഗ്ഗനിർദ്ദേശങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു

1. ഇടവകയിലും കുടുംബങ്ങളിലും കെട്ടിടങ്ങൾ ആവശ്യത്തിനുമാത്രം നിർമ്മിക്കുക. അനാവശ്യമായ ആർഭാടങ്ങൾ ഒഴിവാക്കുക. മുറ്റങ്ങളും വഴികളും മുഴുവൻ കോൺക്രീറ്റ് ചെയ്തും ഇന്റർലോക്ക് ഇട്ടും മഴവെള്ളം ഭൂമിയിലിറങ്ങുന്നത് തടയുന്നത് ധൂർത്തും പ്രകൃതിക്കിണങ്ങാത്തതുമായ നിർമ്മാണ ശൈലിയാകയാൽ അത് ഒഴിവാക്കണം.

2. വിവാഹം, ഒത്തുകല്ല്യാണം, മാമ്മോദീസ, ആദ്യകുർബ്ബാന തുടങ്ങിയവയ്ക്ക് ഫോട്ടോ, വീഡിയോ എന്നിവ ഉപയോഗിക്കുന്നതിലും ഡ്രസ്സ് ധരിക്കുന്നതിലും ചില മിതത്വങ്ങൾ പാലിക്കേണ്ടതാണ്. വിവാഹത്തിന് വീഡിയോ പരാമാവധി 2ൽ കൂടരുത്. മൊബൈൽഫോൺ ഉള്ളവരെല്ലാം തിരുക്കർമ്മങ്ങൾ ചിത്രീകരിക്കുന്ന ഷൂട്ടിംഗ് സംസ്കാരം തിരുത്തപ്പെടേണ്ടതാണ്. ക്രെയിൻ, ട്രോളി തുടങ്ങിയവ ഉപയോഗിച്ചുള്ള ഷൂട്ടിംഗ് രീതികളും തിരുക്കർമ്മങ്ങൾക്കിടയിൽ അനുവദനീയമല്ല. ഒരിക്കൽ മാത്രം ഉപയോഗിക്കുന്ന വിവാഹവസ്ത്രത്തിന് പതിനായിരങ്ങൾ ചെലവഴിക്കുന്നത് ധൂർത്താണ്. വധുവിന്റെ വിവാഹവസ്ത്രം നമ്മുടെ സംസ്കാരത്തിനും മാന്യതക്കും നിരക്കുന്നതായിരിക്കണം.

3. വിവാഹത്തലേന്നും വിവാഹദിവസവും നടക്കുന്ന ഗാനമേള, മദ്യസത്ക്കാരം എന്നിവ പൂർണ്ണമായും ഒഴിവാക്കണം. തലേദിവസം വീടുകളിൽ നടക്കുന്ന സദ്യ ഒഴിവാക്കാനായില്ലെങ്കിലും മിതമാക്കണം.

4. വിവാഹത്തിനു ചിലവാക്കുന്ന തുകയുടെ ദശാംശം പാവപ്പെട്ടവർക്ക് കൊടുക്കുന്ന ശീലം വളർത്തുക. ഭവനനിർമ്മാണത്തിലെ ആഢംഭരങ്ങൾ ഒഴിവാക്കി ഭവന രഹിതരുമായി പങ്കുവയ്ക്കുന്ന ശൈലി വളർത്തണം.

5. ആദ്യകുർബ്ബാന, മാമ്മോദീസാ, വീട്‌വെഞ്ചരിപ്പ് എന്നിവയോടനുബന്ധിച്ചുള്ള ആഘോഷം ഏറ്റവും അടുത്ത കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും മാത്രമായി നിയന്ത്രിക്കണം. ആദ്യകുർബ്ബാനയ്ക്ക് എല്ലാ വീടുകളിലും സദ്യനടത്തുന്നത് ഒഴിവാക്കണം. തിരുപ്പട്ടം, ജൂബിലി തുടങ്ങിയ ആഘോഷങ്ങൾ സാധിക്കുന്നത്ര ലളിതമായി നടത്തി വൈദികരും സന്ന്യസ്തരും മാതൃക കാട്ടേണ്ടതാണ്. ഇക്കാര്യത്തിൽ മുൻ ഇടയലേഖനങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഓർമ്മിക്കുമല്ലോ.

6. അലങ്കാരങ്ങൾ, ഭക്ഷണം എന്നിവയ്ക്ക് അമിതമായി പണം ചിലവഴിക്കുന്നത് ആഢംബരമാണ്. സദ്യകൾക്ക് അനേകതരം വിഭവ ങ്ങൾ ഉണ്ടാക്കുകയും അതിൽ ഭൂരിഭാഗവും പാഴാവുകയും ചെയ്യുന്നത് സ്ഥിരം കാഴ്ചയാണ്. വിവിധതരം മാംസവിഭവങ്ങളും മറ്റുമുൾക്കൊള്ളുന്ന സദ്യ വെറും പൊങ്ങച്ചപ്രകടനം മാത്രമല്ലേ? ആളുകൾക്ക് കഴിക്കാൻ സാധിക്കാത്തത്ര ഭക്ഷണം വിളമ്പുകയും അത് പാഴാക്കുകയും ചെയ്യുന്നത് കുറ്റകരമായ ധൂർത്താണ്.

7. മൃതസംസ്ക്കാരത്തോടനുബന്ധിച്ചും പല തരത്തിലുള്ള അനാവശ്യ ധൂർത്തുകൾ അടുത്തകാലത്ത് ആരംഭിച്ചിട്ടുണ്ട്. ഇവയും ഒഴിവാക്കപ്പെടേണ്ടതാണ്.

8. ജീവിതത്തിലെ കഠിന യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടാനുള്ള അവസരം കൊടുത്ത് മക്കളെ വളർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. മക്കളുമൊത്ത് അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും പങ്കുവയ്ക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യുന്നതിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.

9. ഇടവകയാകുന്ന കുടുംബത്തിലെ ആഘോഷാവസരമായ തിരുനാളുകളും ലളിതമായി ആചരിക്കണം. ആത്മീയശുശ്രൂഷകൾക്കാണ് തിരുനാളുകളിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടത്. തിരുനാളുകളെ ധനസമ്പാദനത്തിനുള്ള അവസരമാക്കിമാറ്ററുത്. അപകടകരമായ കരിമരുന്ന് കലാപ്രകടനങ്ങൾ നമ്മുടെ ഇടവകകളിൽ പൂർണ്ണമായും നിരോധിക്കുന്നു. വലിയ വിലകൊടുത്ത് പൂക്കൾ വാങ്ങി അമിതമായി ഉപയോഗിക്കുന്നതും ഒഴിവാക്കണം. ചെണ്ടമേളം, ബാന്റ്സെറ്റ് എന്നിവ കൂടുതൽ സംഘങ്ങളെ വിളിക്കുന്നത് നിയന്ത്രിക്കണം. സ്നേഹവിരുന്ന് ലളിതമാക്കുകയും ഒരുദിവസം മാത്രം നടത്തുകയും ചെയ്യുക. പ്ലാസ്റ്റിക്, ഫ്ളക്സ് എന്നിവയുടെ ഉപയോഗം തീർത്തും ഒഴിവാക്കണം. നമ്മുടെ രൂപതയിൽ തിരു നാളുകളോടനുബന്ധിച്ചുള്ള ധൂർത്ത് താരതമ്യേന കുറവാണെന്നത് അഭിനന്ദനാർഹമാണ്. തിരുനാൾവരവിന്റെ നിശ്ചിതശതമാനം തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണം.

സഭയൊന്നാകെ ലളിത ജീവിതശൈലി അനുവർത്തിക്കണമെന്ന പരി. പിതാവിന്റെ ആഹ്വാനം നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ഏറ്റവും അർത്ഥപൂർണ്ണമായി പ്രാവർത്തികമാക്കാൻ പരിശ്രമിക്കാം.

നിങ്ങളുടെ വത്സല പിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23.11.16 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്** – 2016 ഡിസംബർ 11-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

**Prot. No. 1625/2016**

# സീറോമലബാർ മിഷൻ വാരാചരണം

## (2017 ജനുവരി 6-12)

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയ്ക്ക് ഇന്നൊരു ആഗോള സ്വഭാവം ഉണ്ട്. സഭാതനയർ ചെന്നെത്താത്ത ഇടങ്ങളോ എത്തിപ്പിടിക്കാത്ത മേഖലകളോ ചുരുക്കമാണ്. അവരുടെ വിശ്വാസജീവിതം ക്രൈസ്തവസാക്ഷ്യത്തിന്റെ നല്ല പ്രകാശനമാണ്. കേരളത്തിലെ സീറോമലബാർ സഭ ഇതിനോടകം കൈവരിച്ച ആത്മീയമായ ഉൾക്കരുത്തിന്റെ തെളിവുമാണിത്.

'ഭാരതമേ നിൻ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന ലിയോ XIII -ാം മാർപാപ്പായുടെ വാക്കുകൾ പകർന്നുതന്ന പ്രചോദനത്തോടെ മിഷൻലീഗ്, സി.എൽ.സി. യൂത്ത് മൂവ്മെന്റ്, ജീസസ് യൂത്ത്, വിൻസെന്റ് ഡി പോൾ, മാതൃവേദി തുടങ്ങിയ ഭക്തസംഘടനകളും മിഷൻ ചൈതന്യത്തോടെ പ്രവർത്തനനിരതമായിരിക്കുന്നു.

"നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ടാണല്ലോ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് പ്രേഷിതരായി പോയതും ക്രിസ്തീയ സമൂഹങ്ങൾക്ക് അടിസ്ഥാനമിട്ടതും. ഈ പ്രേഷിതചൈതന്യം സഭാമക്കളിൽ വളർത്തുകയും ഉജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നതാണ് സീറോമലബാർ പ്രേഷിതവാരാചരണത്തിന്റെ ലക്ഷ്യം. "സഭ സ്വഭാവത്താലെ പ്രേഷിതയാണ്" (AG 2). ആയതിനാൽ സഭാമക്കൾ പ്രേഷിതചൈതന്യം നിറഞ്ഞവരാകണം. തന്മൂലം നമ്മുടെ കഴിവും ജീവിതാന്തസ്സും സാഹചര്യങ്ങളും അനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിതപ്രവർത്തനത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ ഏവരേയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

പ്രേഷിതവാരമായി നിശ്ചയിച്ചിരിക്കുന്നത് ദനഹാ തിരുനാൾ തുടങ്ങിയിട്ടുള്ള ഒരാഴ്ചക്കാലമാണ് (ജനുവരി 6-12). മിഷനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും മിഷനറിമാരെ പ്രോത്സാഹിപ്പിക്കുവാനും ഈയവസരം നമ്മെ സഹായിക്കട്ടെ! മിഷൻ പ്രവർത്ത

നത്തെക്കുറിച്ച് ആഴമായ അവബോധം സൃഷ്ടിക്കുവാൻ ഉതകുന്ന രീതിയിൽ സെമിനാറുകളും ക്ലാസ്സുകളും മിഷൻമേളകളും ഇടവകാ തലങ്ങളിൽ സംഘടിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. സീറോ-മലബാർ സഭാതനയർ എല്ലാവരും മിഷൻ തീക്ഷ്ണതകൊണ്ട് നിറയുവാൻ പ്രേഷിതവാരാചരണം കാരണമാകട്ടെ!

2016 ആഗസ്റ്റ് മാസത്തിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലെ മുഖ്യ ചർച്ചാവിഷയങ്ങിൽ ഒന്നായ **"ജീവിതത്തിലെ ലാളിത്യം"** മിഷൻ ചൈതന്യത്തിലും ഉണ്ടായിരിക്കണം. നമ്മുടെ ആഘോഷങ്ങളിലും തിരുന്നാളുകളിലും കടന്നുകൂടുന്ന ആർഭാടവും ധൂർത്തും നിർബന്ധമായും ഒഴിവാക്കുവാനും അപ്രകാരം സമാഹരിക്കുന്ന തുകയിൽ ഒരുഭാഗമെങ്കിലും മിഷൻ പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുവാനും പരിശ്രമിക്കണം. ഓരോ വ്യക്തിയും കുടുംബവും ഇടവകയും സ്ഥാപനവും മിഷനുവേണ്ടി എന്തുചെയ്യുന്നുവെന്ന് ആത്മശോധനചെയ്യാൻ മിഷൻവാരം കാരണമാകണം. നമ്മുടെ വിശ്വാസം ഫലം ചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്. സമൂഹത്തിൽ അവഗണിക്കപ്പെട്ടു കഴിയുന്നവരോട് അനുകമ്പയുടെ സുവിശേഷം പ്രഘോഷിക്കുന്ന പരി. പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ ശൈലിയും എത്ര ചെറിയ കാര്യവും ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യുമ്പോൾ അത് വലിയ സുവിശേഷവേലയായി മാറുന്നുവെന്ന വിശുദ്ധ മദർ തെരേസയുടെ വാക്കുകളും നമുക്ക് പ്രചോദനമാകട്ടെ!

നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനുകളെ സഹായിക്കുവാനുമായി **"സീറോ-മലബാർ മിഷൻ"** എന്ന പേരിൽ ഒരു ഓഫീസ് സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്നകാര്യം ഓർമ്മപ്പെടുത്തുന്നു. സഭയുടെ വളർച്ചയിലും മിഷൻ പ്രവർത്തനങ്ങളിലും വളരെ ശ്ലാഘനീയമായ കാര്യങ്ങളാണ് **"സീറോ-മലബാർ മിഷൻ"** കാഴ്ചവയ്ക്കുന്നത്. നമ്മുടെ സഭയിലെ അനേകം മിഷനുകളെയും വൈദിക-സന്യസ്തരെയും ഈ ഓഫീസുവഴി സഹായിക്കുന്നുണ്ട്. സഭയിൽനിന്ന് മിഷൻ പ്രവർത്തനത്തിനായി പോകുന്ന വൈദിക-സന്ന്യാസാർത്ഥിനികളുടെ പരിശീലനത്തിൽ (Sponsor a Seminarian/Sponsor a Sister) സാമ്പത്തികമായി സഹായിക്കുവാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'നമുക്ക് അവനോടുകൂടെ പോയി മരിക്കാം' (യോഹ. 11:16) എന്ന വാക്കുകൾ പ്രേഷിത തീക്ഷ്ണതയുടെ ഏറ്റവും വലിയ തെളിവാണ്. ഭാരതത്തിലേക്ക് ശ്ലീഹാ നടത്തിയ സാഹസിക യാത്രയും കൈവരിച്ച ധീരരക്തസാക്ഷിത്വവും നമുക്ക് മിഷനെ അറിയുവാനും സ്നേഹിക്കുവാനും സഹായിക്കുവാനും ശക്തിപകരട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം മാണ്ട് ഒക്ടോബർ മാസം 16-ാം തീയതി നല്കപ്പെട്ടത്.

---

**പ്രത്യേക ശ്രദ്ധയ്ക്ക് -**

1. 2016 ഡിസംബർ 18-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.
2. ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം
3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ചു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2017 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.

## പരി. പിതാവിന്റെ പ്രാർത്ഥനാനിയോഗങ്ങൾ

**പൊതുനിയോഗം:** കുഞ്ഞുങ്ങളെ വില്ക്കുന്ന സംഘങ്ങൾ ലോകത്തിൽനിന്നും തുടച്ചുനീക്കപ്പെടുന്നതിനുവേണ്ടി.

**പ്രേഷിതനിയോഗം:** യൂറോപ്പിലെ ജനങ്ങൾ സുവിശേഷത്തിന്റെ സൗന്ദര്യവും നന്മയും സത്യവും തിരികെ കണ്ടെത്തുവാൻ.




## 1. ബൈബിൾ ഞായർ

ഡിസംബർ 18 കേരളസഭയിൽ 'ബൈബിൾ ഞായറാ'യും ഡിസംബർമാസം ബൈബിൾ പാരായണമാസമായും ആഘോഷിക്കുകയാണ്. നവംബർ മാസത്തെ ബുള്ളറ്റിനിൽ നല്കിയിരുന്ന സർക്കുലർ ശ്രദ്ധിക്കുമല്ലോ. ഡിസംബർ 18ന് ഞായറാഴ്ച എടുക്കുന്ന സ്തോത്രക്കാഴ്ച ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പറഞ്ഞ് സമാഹരിക്കുകയും ജനുവരി 15നു മുമ്പ് അതിരൂപതാ പ്രൊക്കുറേറ്ററെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

## 2. നവവൈദികർ

ഈ വർഷം നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 12 മ്ശംശാനമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന, റോമിലെ ഉർബാനിയൻ സെമിനാരികളിലായി വൈദികപരിശീനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദികാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. തിരുപ്പട്ടസ്വീകരണ സ്ഥലവും സമയവും താഴെ ചേർക്കുന്നു.

| നമ്പർ, പേര് | ഫോൺ | ഇടവക | തീയതി | സമയം |
|---|---|---|---|---|
| 1. കാരക്കാട്ട് കുര്യാക്കോസ് | 9746911212 | കാഞ്ഞിരടുക്കം | 26-12-16 | 02.30 |
| 2. മാടശ്ശേരിൽ ലൂക്കോസ് | 9446531822 | കോട്ടൂർ | 26-12-16 | 08.30 |
| 3. നെല്ലിത്താനത്തിൽ ഡെന്നീസ് | 9497055644 | തളിപ്പറമ്പ് | 27-12-16 | 09.00 |
| 4. പ്രവർത്തുംമലയിൽ മാത്യു | 9496684178 | പരപ്പ | 27-12-16 | 08.45 |
| 5. കണ്ണങ്കുളത്തേൽ ജോസഫ് | 9544058186 | അങ്ങാടിക്കടവ് | 28-12-16 | 08.30 |
| 6. ഞാമത്തോലിൽ അബ്രാഹം | 9497307738 | വെളിമാനം | 28-12-16 | 10.30 |
| 7. പുതുകുളങ്ങര കുര്യാക്കോസ് | 9495262229 | അട്ടേങ്ങാനം | 29-12-16 | 09.00 |
| 8. കാഞ്ഞിരത്തിങ്കൽ ജോസഫ് | 9496039795 | പുന്നക്കുന്ന് | 30-12-16 | 08.30 |
| 9. വെട്ടിയാനിക്കൽ വർഗീസ് | 9645058343 | പുന്നക്കുന്ന് | 30-12-16 | 08.30 |
| 10. കൊട്ടാരത്തിൽ ജോസഫ് | 8547674189 | പടന്നക്കാട് | 31-12-16 | 09.00 |
| 11. റാത്തപ്പള്ളിൽ ജോസഫ് | 8943615547 | പേരാവൂർ | 02-01-17 | 09.00 |
| 12. എടത്തിനകത്ത് പോൾ | 9495949427 | ചുള്ളി | 03-01-17 | 09.00 |

### 3. മംഗള വാർത്തക്കാലം

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുന്നാളിനൊരുക്കമായുള്ള ഇരുപത്തിയഞ്ചു നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 24 വരെ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

### 4. വാർഷികധ്യാനം കൂടാത്തവർ

ബഹു. വൈദികരുടെ പൊതുവാർഷിക ധ്യാനത്തിൽ സംബന്ധിക്കാത്ത വൈദികർ ഡിസംബർ 31-നകം വാർഷിക ധ്യാനത്തിൽ പങ്കെടുത്ത് കുമ്പസാരപ്പത്തേന്തിയും കുർബാനക്കണക്കും അതിരൂപതക്കച്ചേരിയിൽ എത്തിക്കുമല്ലോ.

### 5. ആരാധനക്രമ പഞ്ചാഗം

2016-17 ലേക്കുള്ള ആരാധനക്രമ പഞ്ചാംഗവും വായനക്കലണ്ടറും അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിൽ ലഭ്യമാണ്.

### 6. കൂരിയ, ട്രൈബ്യൂണൽ അവധി

ക്രിസ്തുമസ് പ്രമാണിച്ച് ഡിസംബർ 21 മുതൽ 27 വരെ അതിരൂപതാക്കച്ചേരിക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും. ഈ വിവരം ബഹു. വികാരിയച്ചന്മാർ ഇടവകാജനങ്ങളെ അറിയിക്കുമല്ലോ.

### 7. ശാന്തിഭവൻ നിർമ്മാണഫണ്ട്

ശാന്തിഭവന്റെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുകയാണെന്ന് അറിയാമല്ലോ. ശാന്തിഭവൻ നിർമ്മാണത്തിന് ഇടവകകൾ നല്കേണ്ട വിഹിതവും അച്ചന്മാരുടെ വ്യക്തിപരമായ സംഭാവനയും ഇനിയും നല്കാത്തവർ ഡിസംബർ മാസത്തിൽതന്നെ പ്രസ്തുത തുകകൾ പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ നല്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### 8. ജീവകാരുണ്യഫണ്ടിലേക്കുള്ള അപേക്ഷകൾ

ഇടവകകളിൽനിന്നും ജീവകാരുണ്യഫണ്ടിൽനിന്നുള്ള സഹായത്തിനായി അപേക്ഷ നല്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. അപേക്ഷകൾ നിശ്ചിത അപേക്ഷാഫോറത്തിൽ നല്കേണ്ടതാണ്. അപേക്ഷാഫോറം പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽനിന്നും വാങ്ങി ഇടവകകളിൽ സൂക്ഷിക്കണം.

2. അപേക്ഷകളിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. വികാരിയച്ചൻ ശുപാർശ ചെയ്യാത്ത അപേക്ഷകൾ പരിഗണിക്കില്ല.
3. അപേക്ഷകൾ പൂർണ്ണമായി പൂരിപ്പിക്കണം. ഇടവകയിൽനിന്നു കൊടുത്ത സഹായം കാണിക്കണം.

## 9. അഭിനന്ദനങ്ങൾ

കെസിബിസി ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ മെമ്മോറിയൽ 'വചനസർഗ പ്രതിഭ' അവാർഡിന് അർഹനായ ബഹു. ഡോ. മൈക്കിൾ കാരിമറ്റത്തിൽ അച്ചന് അഭിനന്ദനങ്ങൾ. 'നസ്രത്തിൽനിന്ന് ഒരു പ്രവാചകൻ' എന്ന ബൈബിൾ പഠനഗ്രന്ഥത്തിനാണ് പുരസ്കാരം. മലയാളഭാഷയിൽ ബൈബിൾ വൈജ്ഞാനിക രംഗത്ത് ഡോ. മൈക്കിൾ കാരിമറ്റം നൽകിയ സർഗോത്മകവും പണ്ഡിതോചിതവുമായ സംഭവനക്കാണ് ഈ പുരസ്കാരം.

സീറോ മലബാർ സഭയുടെ റോമിലെ പ്രൊക്കുറേറ്ററുടെ അസിസ്റ്റന്റായും ഇറ്റലിയിലെ സീറോ മലബാർ വിശ്വാസികളുടെ കോ-ഓർഡിനേറ്ററായും നിയമിതനായിരിക്കുന്ന ബഹു. ബിജു മുട്ടത്തുകുന്നേൽ അച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

## 10. ആദരാഞ്ജലി

### 1. സി. ഫ്ളവർലെറ്റ് കൊല്ലാർതോട്ടത്തിൽ എസ്.എച്ച്.



തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ അംഗമായ സി. ഫ്ളവർലെറ്റ് കൊല്ലാർതോട്ടത്തിൽ (84) ഇക്കഴിഞ്ഞ 17-ാം തീയതി നിര്യാതയായി. കൂത്തുപറമ്പ് നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. തൊണ്ടിയിൽ, കൊളക്കാട്, മരിയാപുരം, വായാട്ടുപറമ്പ്, വിളക്കന്നൂർ, മാങ്ങോട്, ഉദയഗിരി, നെല്ലിയാടി എന്നീ ഇടവകകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2016 നവംബർ 10-ാം തീയതി പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് സിമിത്തേരിയിൽ നടത്തി. ആർച്ച് ബിഷപ്പ് എമിരിറ്റസ് മാർ ജോർജ്ജ് വലിയമറ്റം പരേതയ്ക്കുവേണ്ടി ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാര ശുശ്രൂഷകൾക്ക് അതിരൂപത വികാരിജനറാൾ മോൺ. അലക്സ് താരാമംഗലം മുഖ്യകാർമ്മികത്വം വഹിച്ചു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.

**2. ശ്രീ. ജോസഫ് മേൽവെട്ടത്ത്**

വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെയർമാൻ ബഹു. തോമസ് മേൽവെട്ടത്തച്ചന്റെ വന്ദ്യപിതാവ് ശ്രീ. ജോസഫ് (78) മേൽവെട്ടത്ത് 2016 നവംബർ 18ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷ നവംബർ 21 ന് ചുണ്ടപ്പറമ്പ് പള്ളിയിൽ നടന്നു. അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവ് ഭവനത്തിലെ ശുശ്രൂഷകൾക്കും അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവ് ദൈവാലയത്തിലും സിമിത്തേരിയിലും നടന്ന കർമ്മങ്ങൾക്കും നേതൃത്വം നൽകി. പരേതന് നിത്യാശ്വാസവും സന്തപ്ത കുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

**3. സി. കൊച്ചുത്രേസ്യ അയ്യംപള്ളി എസ്.എ.ബി.എസ്.**



ദിവ്യകാരുണ്യ ആരാധനസഭയുടെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. കൊച്ചുത്രേസ്യ അയ്യംപള്ളി (87) 2016 നവംബർ 24ന് നിര്യാതയായി. തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. പ്രൊവിൻഷ്യൽ കൗൺസിലർ, മദർ സുപ്പീരിയർ, ഡിറക്ട്രസ്, പ്രൊവിൻഷ്യൽ ഓഡിറ്റർ, ജൂണിയർ മിസ്ട്രസ്, പ്രൊക്കുറേറ്റർ, അധ്യാപിക എന്നീ നിലകളിൽ തോമാപുരം, പാലാവയൽ, പയ്യംപള്ളി, കിളിയന്തറ, വിളക്കാംതോട്, മഞ്ഞുവയൽ, ആനിക്കാംപൊയിൽ, ബംഗാഡി, ഗണ്ഡിബാഗ്, പാലാപറമ്പ്, കണിച്ചാർ, തലശ്ശേരി ചേറ്റംകുന്ന് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആരാധനസന്യാസിനീ സമൂഹത്തിലെ മലബാറിലെ ആദ്യകാലസന്യാസിനിമാരിൽ ഒരാളാണ് സി. കൊച്ചുത്രേസ്യ. മൃതസംസ്കാര ശുശ്രൂഷകൾ 2016 നവംബർ 25ന് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ആർച്ചുബിഷപ് എമിരറ്റസ് മാർ ജോർജ് വലിയമറ്റത്തിന്റെ കാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് ദൈവം നിത്യാശ്വാസം നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## 11. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# ദൈവകരുണയുടെ കുടുംബവർഷം

കാരുണ്യം നീതിക്ക് എതിരല്ല. തന്നിലേക്കു തന്നെ നോക്കാനും മാനസാന്തരപ്പെടാനും വിശ്വസിക്കാനും പാപിക്ക് ഒരു പുതിയ അവസരം നൽകിക്കൊണ്ട്, അവനിലേക്ക് എത്തിച്ചേരാനുള്ള ദൈവത്തിന്റെ മാർഗം അത് ആവിഷ്കരിക്കുന്നു. കാരുണ്യം നീതിയെ അതിശയിക്കുന്ന രീതി കാണാൻ ഹോസിയാ പ്രവാചകന്റെ അനുഭവത്തിന് നമ്മെ സഹായിക്കാൻ കഴിയും. (കാരുണ്യത്തിന്റെ മുഖം:21)

യഥാർത്ഥത്തിൽ നീതി എന്നത് കാരുണ്യം കാണിക്കുന്നതിലൂടെയാണ് എന്ന് വി. ഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടാണല്ലോ മറിയത്തോട് കാരുണ്യം കാണിച്ച യൗസേപ്പ് പിതാവിനെ ബൈബിൾ നീതിമാൻ എന്ന് വിളിച്ചത്. ദൈവകരുണയുടെ വർഷം അവസാനിക്കുന്ന അവസരത്തിൽ നമ്മുടെ ജീവിതത്തെക്കുറിച്ച് ഒന്ന് തിരിഞ്ഞുനോക്കാം. നല്ല നീതിബോധമുള്ളവരായിത്തീർന്ന് ചുറ്റുമുള്ളവർക്ക് മാതൃകയായി ഈശോയുടെ കരുണയുടെ വഴിയിലൂടെ നമുക്കും ചരിക്കാം.

തലശ്ശേരി അതിരൂപതയിലെ ചെമ്പേരി ഫൊറോനയിൽ നവംബർ 20 മുതൽ 23 വരെയും കാഞ്ഞങ്ങാട് ഫൊറോനയിൽ 27 മുതൽ 30 വരെയുമുള്ള തീയതികളിൽ കരുണാവർഷ ധ്യാനം നടന്നു. ഫാ. ജോസഫ് പാംപ്ലാനി, ഫാ. ജോർജ് അച്ചാണ്ടി, ഫാ. ജോസഫ് പൊട്ടനാനി, ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ഫാ. സേവ്യർ പുത്തൻപുര (സീനിയർ), ഫാ. ജോസ് പൂവന്നിക്കുന്നേൽ സി.എസ്.എസ്.ആർ, ഫാ. ആന്റണി വെട്ടിയാനിക്കൽ, ഫാ. ഷീൻ ഒ.സി.ഡി, ഫാ. ജോൺ വെങ്കിട്ടക്കൽ, ഫാ. മാത്യു വളവനാൽ, ഫാ. മാത്യു തെക്കേമുറി, ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ, ഫാ. ജിതിൻ വയലിങ്കൽ, ഫാ. ഫിലിപ്പ് ഒ.സി.ഡി, ഫാ. ജോൺസൺ അന്ത്യാംകുളം, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ഫാ. ആൻഡ്രൂസ് തെക്കേൽ, ഫാ. ജോർജ്ജ് വള്ളിമല, ഫാ. കുര്യാക്കോസ് ആലവേലിൽ, ഫാ. പീറ്റർ കൊച്ചുവീട്ടിൽ, ഫാ. ലിജോ നൂറമ്മാക്കൽ, ഫാ. ജിന്റോ വണ്ടർകുന്നേൽ, ഫാ. ഫ്രാൻസിസ് മേച്ചിറകത്ത്, സി. സ്നേഹ എം.എസ്.ജെ. എന്നിവരുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾ ധ്യാനത്തിന് നേതൃത്വം കൊടുത്തു.

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Thomas Attangattil | 10,000 |
| 2. | Rev. Fr. Thomas Cherukara | 50,000 |
| 3. | Rev. Fr. Thomas Kottukappally | 10,000 |
| 3. | Rev. Fr. Francis Mechirakath | 10,000 |
| 4. | Rev. Fr. Alex Tharamangalam | 25,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | St. Sebastian's Church, Cherupara | 10,000 |
| 2. | St. Thomas Forane Church, Thomapuram | 1,00,000 |
| 3. | St. Thomas Forane Church, Kunnoth | 1,00,000 |
| 4. | St. Sebastian's Church, Kunnumkai | 1,00,000 |
| 5. | St. Mary's Church, Panathoor | 1,15,000 |
| 6. | St. Alphonsa Church, Kolayad | 30,000 |
| 7. | St. Thomas Church, Manikkadavu | 50,000 |
| 8. | St. Thomas Church, Karikkottakkari | 1,00,000 |
| 9. | St. Paul Church, Peria | 19,000 |

ധ്യാനം നടന്ന രണ്ട് ഫൊറോനകളിലും ഇടവകാംഗങ്ങൾ സജീവമായി പങ്കുകൊണ്ടു. ദൈവകരുണയുടെ കുടുംബവർഷത്തിൽ കരുണാവർഷധ്യാനത്തിൽ ആദ്യാവസാനം സഹകരിച്ച എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരെയും സിസ്റ്റർമാരെയും ഇടവക വികാരിമാരെയും സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ജനറൽ കൺവീനർ & കോ-ഓർഡിനേറ്റർ**
മോൺ. അലക്സ് താരാമംഗലം
ഫാ. അബ്രാഹം പുതുശ്ശേരി

# പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട്

തലശ്ശേരി അതിരൂപത 16-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത് സമ്മേളനം 2016 ഒക്ടോബർ മാസം 29-ാം തീയതി തലശ്ശേരി സന്ദേശഭവനിൽവച്ച് നടന്നു. രാവിലെ 10.15ന് എസ്.എ.ബി.എസ്. തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. പെറ്റിറ്റ് മരിയ നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. പ്രോട്ടോ സിൻഞ്ചെല്ലൂസ് മോൺ. അബ്രാഹം പോണാട്ട് യോഗാംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് സംസാരിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം. കണ്ടത്തിൽ മുൻയോഗ റിപ്പോട്ട് അവതരിപ്പിച്ചു. റിപ്പോർട്ട് യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ദീപംതെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. കരുണയുടെ വർഷം ദൈവകൃപയുടെ വർഷമായിരുന്നെന്നും ആഗോളതലത്തിൽ ഈ വർഷം ഫലപ്രദമായി ആചരിക്കപ്പെട്ടെന്നും ഇടവകതലത്തിൽ നടത്തിയ കരുണയുടെ കുടുംബവർഷധ്യാനങ്ങൾ അനുഗ്രഹപ്രദമായിരുന്നെന്നും ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം അനുസ്മരിച്ചു. 'കരുണയുടെ കവാട'ത്തിലേക്ക് വിശ്വാസികളുടെ പ്രവാഹമുണ്ടായി എന്നും കൗദാശികജീവിതത്തിൽ ആളുകൾ കൂടുതൽ ആഴപ്പെടാൻ ഇടയായി എന്നും ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ധാരാളം ജീവകാരുണ്യപ്രവർത്തനങ്ങൾ നടന്നുവെന്നും അഭിവന്ദ്യപിതാവ് വിലയിരുത്തി. കരുണയുടെ കുടുംബവർഷപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവർക്ക് അഭിവന്ദ്യ പിതാവ് നന്ദി അറിയിച്ചു. എ.കെ.സി.സിയുടെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള അവാർഡ് നേടിയ ശ്രീ. റോബിൻ അരീപ്പറമ്പിലിനെയും ചെറുപുഷ്പമിഷൻലീഗ് ഏർപ്പെടുത്തിയ ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡ് നേടിയ മോൺ. മാത്യു എം. ചാലിലിനെയും അഭിവന്ദ്യ പിതാവ് അനുമോദിച്ചു. കഴിഞ്ഞ നാലുവർഷം പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച ബഹു. ജോർജ് കുടിലിലച്ചന്റെ സ്തുത്യർഹമായ സേവനത്തിന് അഭിവന്ദ്യ പിതാവ് നന്ദി അറിയിച്ചു. 2016 ഓഗസ്റ്റ് 25 മുതൽ 28 വരെ ഇരിങ്ങാലക്കുട സഹൃദയ എഞ്ചിനീയറിംഗ് കോളെജിൽവച്ച് നടന്ന സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലി ചർച്ച ചെയ്ത മൂന്നു വിഷയങ്ങൾ - ജീവിതത്തിലെ ലാളിത്യം, കുടുംബത്തിലെ

സാക്ഷ്യം, പ്രവാസികളുടെ ദൗത്യം - സഭയ്ക്ക് പുതിയ ദിശാബോധം നല്കുന്നവയാണ്. അവയിൽ ലളിതജീവിതം, കുടുംബം എന്നീ വിഷയങ്ങൾ പാസ്റ്ററൽ കൗൺസിലും വിശദമായി ചർച്ചചെയ്ത് പ്രായോഗിക തീരുമാനങ്ങളിലെത്തണം. അതിന്റെ വെളിച്ചത്തിൽ ഒരു ഇടയലേഖനം പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ നമ്മുടെ അതിരൂപതയിൽനിന്നും ജോലിക്കും പഠനത്തിനുമായി പുറത്തേക്ക് പോയിരിക്കുന്നയാളുകളുടെ പ്രശ്നങ്ങൾ അറിയുകയും പഠിക്കുകയും ചെയ്യുന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് തുടർന്നു വരുന്ന ചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ അഭിവന്ദ്യ പിതാവ് യോഗാംഗങ്ങളോട് ആഹ്വാനം ചെയ്തു.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായി ചുമതലയേറ്റിട്ട് രണ്ടുവർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും അവാർഡ് ജേതാവായ മോൺ. മാത്യു എം. ചാലിലിനും ആശംസകൾ അർപ്പിച്ചുകൊണ്ട് മോൺ. ജോർജ് എളൂക്കുന്നേൽ സംസാരിച്ചു.

പതിനൊന്നു മണിക്ക് വിഷയാവതരണപ്രസംഗങ്ങൾ ആരംഭിച്ചു. സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയെക്കുറിച്ചും അവിടെ ചർച്ച ചെയ്ത പ്രവാസികളുടെ ദൗത്യം എന്ന വിഷയത്തെക്കുറിച്ചും മോൺ. അലക്സ് താരാമംഗലം സംസാരിച്ചു. ഇടവകകളിൽനിന്നും വിദൂരത്തേക്ക് പോകുന്നവർ അനുഭവിക്കുന്ന പ്രതിസന്ധികളും വിഷമതകളും അച്ചൻ അവതരിപ്പിച്ചു. രണ്ടാമതായി കുടുംബത്തിലെ സാക്ഷ്യം എന്ന വിഷയത്തെ ആസ്പദമാക്കി നിർമ്മലഗിരി കോളെജ് പ്രിൻസിപ്പൽ ഡോ. എൻ. ജെ. സെലീന സംസാരിച്ചു. സ്നേഹത്തിന്റെ കൂടാരവും ജീവന്റെ ഉറവിടവുമായ കുടുംബജീവിതം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ അസംബ്ലിരേഖയുടെ വെളിച്ചത്തിൽ അവതരിപ്പിച്ചു. സ്ത്രീപുരുഷ സമത്വം കൈവരിക്കാനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കണം, കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് പ്രോത്സാഹിപ്പിക്കണം, കുടുംബപൈതൃകങ്ങൾ സംരക്ഷിക്കപ്പെടണം, കുടുംബപ്രാർത്ഥന സജീവമാക്കണം, ധാർമ്മികജീവിതം, ദാമ്പത്യവിശ്വസ്തത തുടങ്ങിയവ പാലിക്കാനുള്ള ബോധവല്ക്കരണം കുട്ടികൾക്കും മുതിർന്നവർക്കും നല്കണം, ക്രമരഹിതമായ വിവാഹസാഹചര്യത്തിൽപെട്ടവരോട് അനുകമ്പാർദ്രമായ അജപാലനസമീപനം ഉണ്ടാകണം തുടങ്ങിയ നിർദ്ദേശങ്ങൾ സെലീനാ ടീച്ചർ മുന്നോട്ടു വച്ചു. തുടർന്ന് ജീവിതത്തിലെ ലാളിത്യം എന്ന വിഷയത്തെക്കുറിച്ച് അസംബ്ലിയിലെ ചർച്ചകളുടെയും ഫൊറോന കൗൺസിലുകൾ ചർച്ചചെയ്ത് അയച്ചു തന്ന റിപ്പോർട്ടുകളുടെയും അടിസ്ഥാന

ത്തിൽ ശ്രീ. ജെയ്സൺ മർക്കോസ് സംസാരിച്ചു. അജപാലകനേതൃത്വം വിശ്വാസികൾക്ക് സംലഭ്യരാകണം, ലളിതജീവിതത്തിന്റെ മാതൃകക ളാകണം, പരസ്പരം ശ്രവിക്കുന്ന ശൈലി സഭയിലുണ്ടാകണം, കെട്ടി ടനിർമ്മാണം, തിരുനാളുകൾ, തിരുപ്പട്ടം, വിവാഹം, മറ്റ് ആഘോഷ ങ്ങൾ എന്നിവയിൽ ആഢംബരവും ധൂർത്തും ഒഴിവാക്കണം, ആത്മീയജീവിതശൈലി പരിപോഷിപ്പിക്കണം, കുടുംബങ്ങളെ ലളി തമായി ജീവിക്കാൻ പഠിപ്പിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ അദ്ദേഹം അവതരിപ്പിച്ചു.

തുടർന്നു നടന്ന ചർച്ച സജീവമായ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. പ്രധാനമായും ലളിതജീവിതത്തെ കേന്ദ്രീകരിച്ചായി രുന്നു ചർച്ചയുടെ ആദ്യഭാഗം. മൃതസംസ്ക്കാരത്തിൽ ശവമഞ്ചം വാഹ നങ്ങളിൽ കൊണ്ടുവരുന്നത് പൂർണ്ണമായി ഒഴിവാക്കാനാവില്ലെന്നും തിരുനാളുകളിൽ വെടിക്കെട്ട് ഒഴിവാക്കണമെന്നും എന്നാൽ സ്നേഹ വിരുന്ന് കൂട്ടായ്മയെ ശക്തിപ്പെടുത്തുന്നതുകൊണ്ട് നല്ലതാണെന്നും അഭിപ്രായമുയർന്നു. പാരീഷ് ഹാളുകളുടെയും പള്ളിമുറികളുടെയും നിർമ്മാണം ലളിതമാക്കണമെന്നും വീടുകളുടെ നിർമ്മാണത്തിലും വിവിധ ആഘോഷങ്ങളുടെ കാര്യത്തിലും ലാളിത്യം പുലർത്താൻ ജന ങ്ങളെ ബോധവല്ക്കരിക്കണമെന്നും യോഗാംഗങ്ങൾ അഭിപ്രായപ്പെ ട്ടു. വിവാഹത്തിന് 1 വീഡിയോ മതി, ഫോട്ടോയ്ക്ക് നിയന്ത്രണം വേണം, സദ്യ ധൂർത്താകാതിരിക്കാനുള്ള നിർദ്ദേശം നല്കണം, പ്ലാസ്റ്റിക് വാഴയിലകൾ നിരോധിക്കണം, ഫ്ളക്സ് ഒഴിവാക്കണം, വൻ തുകൾ മുടക്കി ഗായകസംഘങ്ങളെ ഏർപ്പെടുത്തുന്നത് നിരുത്സാഹ പ്പെടുത്തണം, ഒത്തുകല്യാണം ഒഴിവാക്കണം തുടങ്ങിയ പ്രായോഗിക നിർദ്ദേശങ്ങളും ഉയർന്നുവന്നു. തിരുനാൾ ആഘോഷങ്ങൾ, കുടുംബ ജീവിതം, നിർമ്മാണപ്രവർത്തനങ്ങളിലെ ലാളിത്യം, പ്രവാസികളുടെ പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുകൂടി അഭിപ്രായങ്ങൾ പറയണമെന്ന് ചർച്ചയിൽ ഇടപെട്ടുകൊണ്ട് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

കുട്ടികൾ വിശ്വാസത്തിൽ ആഴപ്പെടാത്തതും കുടുംബങ്ങൾക്ക് ആത്മീയസംസ്ക്കാരം നഷ്ടപ്പെട്ടതുമാണ് മിശ്രവിവാഹങ്ങൾ വർദ്ധി ക്കാനും പെൺകുട്ടികൾ മാതാപിതാക്കന്മാരെ ധിക്കരിച്ച് ഇറങ്ങിപ്പോ കുന്ന സംഭവങ്ങൾ വർദ്ധിക്കാനും കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെ ട്ടു. ഇലക്ട്രോണിക് മീഡിയയും മദ്യപാനവും കുടുംബബന്ധങ്ങളെ തകർക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നു. വൈദികരും സന്യസ്തരും കുടുംബസന്ദർശങ്ങൾ നടത്തണം. കുടുംബം നന്നാക്കാൻ സ്ത്രീകൾ മുൻകൈ എടുക്കണം. പ്രവാസികളെ അവധിക്കു വരുമ്പോൾ ഒന്നിച്ചു

കൂട്ടാൻ ശ്രമിക്കണമെന്നും അവർ എവിടെയാണെന്ന് വികാരിയച്ചന്മാർ അറിയണമെന്നും അഭിപ്രായമുണ്ടായി. അച്ചന്മാർ സംഭാവന ചോദിക്കും എന്ന ഭയം പ്രവാസികൾക്കുണ്ട്, അത് നീക്കണം. ഇലക്ട്രോണിക് മാധ്യമങ്ങളെ പ്രവാസികളുമായിട്ടുള്ള ബന്ധം നിലനിർത്താൻ ഉപയോഗിക്കണം. ക്രിസ്തുമസിനോ ഈസ്റ്ററിനോ ഇവരുടെ സംഗമങ്ങൾ വിളിച്ചുചേർക്കുകയും ക്ലാസ്സുകൾ നല്കുകയും ചെയ്യുന്നത് നല്ലതാണ്. വലിയ കുഴപ്പമില്ലാത്ത പള്ളികൾ പൊളിച്ചു പണിയാൻ അനുമതി കൊടുക്കരുതെന്നും എല്ലാ ഇടവകകളിലും ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കണമെന്നും അഭിപ്രായമുണ്ടായി.

തുടർന്ന് ലീഗൽ എയ്ഡ് സെല്ലിനെക്കുറിച്ച് ഫാ. തോമസ് തയ്യിൽ സംസാരിച്ചു. റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ എല്ലാ ഫൊറോനകളിലും ആരംഭിക്കുന്ന ഈ സംവിധാനം ജില്ലാ-താലൂക്ക് ലീഗൽ എയ്ഡ് അതോറിറ്റിയുമായി ചേർന്ന് നിയമപരമായ തർക്കപരിഹാരത്തിന് ആളുകളെ സഹായിക്കുകയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് അച്ചൻ അറിയിച്ചു. എല്ലാവരും ഈ സംരംഭത്തെ സ്വാഗതം ചെയ്തെങ്കിലും പ്രായോഗികതലത്തിൽ എങ്ങിനെയാവുമെന്ന ആശങ്കയും പങ്കുവച്ചു. വൈദികസമിതിയിൽകൂടി ചർച്ചചെയ്തശേഷം തീരുമാനത്തിലെത്താമെന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞു.

എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ച് ഫാ. തോമസ് തെങ്ങുംപള്ളിൽ സംസാരിച്ചു. നമ്മുടെ അതിരൂപതയിൽ 14 വർഷംമുമ്പ് 2002 ലാണ് എപ്പാർക്കിയൽ അസംബ്ലി നടത്തിയത്. തിരഞ്ഞെടുക്കപ്പെടുന്ന വിഷയങ്ങളിൽ അതിരൂപതയുടെ നയം രൂപീകരിക്കാൻ അതിരൂപതാദ്ധ്യക്ഷനെ സഹായിക്കുകയാണ് അസംബ്ലിയുടെ ഉദ്ദേശ്യം. താമസിയാതെതന്നെ എപ്പാർക്കിയൽ അസംബ്ലി വിളിച്ചു ചേർക്കണമെന്ന് പാസ്റ്ററൽ കൗൺസിൽ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു.

സർക്കാരിന്റെ മദ്യനയം തിരുത്തണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ശ്രീ സണ്ണി പായിക്കാട്ട് അവതരിപ്പിച്ചു. നവംബർ 25ന് മദ്യനയത്തിനെതിരായി കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ നടത്തുന്ന ധർണ്ണയ്ക്ക് പാസ്റ്ററൽ കൗൺസിലിന്റെ പിന്തുണ ഫാ. തോമസ് തെക്കോട്ടം അഭ്യർത്ഥിച്ചു.

സമാപന സന്ദേശത്തിൽ അഭിവന്ദ്യ പിതാവ് ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുനാളുകൾ, ആഘോഷങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ, കുടുംബജീവിതം, പ്രവാസികൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഇടയലേഖനം പ്രസിദ്ധീക

രിക്കും എന്ന് അറിയിച്ചു. തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാരുടെ മാതാപിതാക്കന്മാരെ വിളിച്ചുകൂട്ടി ലളിതമായി ചടങ്ങുകൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞു. ലീഗൽ എയ്ഡ് സെൽ കൂടുതൽ ചർച്ചക്കുശേഷം നടപ്പിലാക്കാം. എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ച് കൂടുതൽ ചർച്ചകൾ അടുത്ത പാസ്റ്ററൽ കൗൺസിലിൽ നടത്താം. കണ്ണൂരിൽ സമാധാനാന്തരീക്ഷം സംജാതമാകാൻ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് പിതാവ് സന്ദേശം ഉപസംഹരിച്ചത്.

പനത്തടി ഫൊറോനയിൽ നിന്നുള്ള പ്രതിനിധി ശ്രീ റോയി ആശാരികുന്നേൽ യോഗാംങ്ങൾക്ക് നന്ദി പറഞ്ഞു. ഉച്ചയ്ക്ക് 1.30 ഓടുകൂടി യോഗം പര്യവസാനിച്ചു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

## വൈദികപരിശീലകരുടെ യോഗം

തലശ്ശേരി അതിരൂപതയിൽ പ്രവർത്തിക്കുന്ന വൈദികപരിശീലനസ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരുടെ ഒരു യോഗം 2016 നവംബർ 22-ാം തീയതി ചൊവ്വാഴ്ച തലശ്ശേരിയിൽവച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേർന്നു. വിവിധ സെമിനാരികളിൽ നിന്നും ഫോർമേഷൻ ഹൗസുകളിൽ നിന്നുമായി 14 പേർ യോഗത്തിൽ സംബന്ധിച്ചു. വൈദികപരിശീലനം, ദൈവവിളി പ്രോത്സാഹനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് യോഗം ചർച്ചചെയ്തു. വൈദികപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും വിളിച്ചുകൂട്ടി ഒരു പരിശീലനപരിപാടി താമസിയാതെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ഒരു യോഗവും വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കാനായി മോൺ. അലക്സ് താരാമംഗലം കൺവീനറായും ഫാ. മാത്യു തെക്കേമുറി, ഫാ. അബ്രാഹം കൊറ്റനെല്ലൂർ സി.എസ്.റ്റി, ഫാ. പോൾ പൈനാടത്ത് എച്ച്.ജി.എൻ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. ക്രിസ്മസ് പരീക്ഷ ഡിസംബർ 18

ക്രിസ്മസ് പരീക്ഷ ഡിസംബർ 18ന് ഞായറാഴ്ച്ചയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു. പരീക്ഷാചോദ്യപേപ്പർ 17-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 18-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് തലേ ഞായറാഴ്ച്ച പള്ളിയിൽ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11വരെയുള്ള അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 2: 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ |

## 2. ജനറൽ / മോഡൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും, 30 ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ നവംബർ മാസം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കണ്ടതാണ്.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

**a.** ഈ അധ്യയനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2016-2017 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

**b.** എല്ലാവർഷവും ചെയ്യുന്നതുപോലെ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിലും വിവരങ്ങൾ ചേർത്ത് ഡിസംബർ 30നകം ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്.

**c.** വെബ്സൈറ്റിൽ ചേർത്തിരിക്കുന്ന ക്രമത്തിലാണ് രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കേണ്ടത്.

## 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈ കാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 6. സീറോ മലബാർ മിഷൻ ഞായർ

സീറോമലബാർ സഭയുടെ മിഷൻ ഞായറായ ജനുവരി 08-ാം തീയതി എല്ലാ സൺഡേസ്കൂളിലും മിഷൻദിനമായിട്ട് ആചരിക്കേണ്ടതാണ്.

## 7. വിശ്വാസോത്സവം 2017

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക് ബുക്കുകളുടെ ഓർഡർ ഫോം ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പറി

നോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 10 ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 8. സെമിനാർ (ആസ്പെക്ട്)

അധ്യാപർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ ഏകദിന സെമിനാർ **"ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും"** എന്ന സഭാചരിത്രഗ്രന്ഥത്തെക്കുറിച്ചുള്ള പഠനമാണ്. സഭാചരിത്രം വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഫൊറോനയിലെ മുഴുവൻ അധ്യാപകരും സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. എല്ലാവരുടെയും സൗകര്യാർത്ഥം ക്ലാസ്സുകൾ ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെയായിരിക്കും. സെമിനാറുള്ള ദിവസം വേദപാഠക്ലാസ്സ് ഒരുമണിക്ക് അവസാനിപ്പിച്ച് പൊതുവായി ഭക്ഷണം കഴിച്ച് എല്ലാവരും ഒരുമിച്ച് സെമിനാറിൽ എത്തുമല്ലോ.

| ഡിസംബർ മാസത്തെ സെമിനാർ | | | |
|---|---|---|---|
| **തിയതി** | **ഫൊറോന** | **സ്ഥലം** | **സമയം** |
| 04 ഞായർ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി | 2.00 - 5.30 pm |
| 04 ഞായർ | തളിപ്പറമ്പ് | തളിപ്പറമ്പ് | 2.00 - 5.30 pm |
| 11 ഞായർ | പൈസക്കരി | ചന്ദനക്കാംപാറ | 2.00 - 5.30 pm |
| 11 ഞായർ | ചെമ്പേരി | ചെമ്പേരി | 2.00 - 5.30 pm |
| 12 തിങ്കൾ | ആലക്കോട് | ആലക്കോട് | 9.30 - 1.00 pm |
| 12 തിങ്കൾ | വായാട്ടുപറമ്പ് | കരുവഞ്ചാൽ | 2.00 - 5.30 pm |

N.B: ക്ലാസ്സിന് വരുമ്പോൾ നിർബന്ധമായും ടെക്സ്റ്റ് ബുക്ക് കൊണ്ടുവരേണ്ടതാണ്.

## 9. ദൈവശാസ്ത്രകോഴ്സ് (Lumen Ecclesiae)

കോഴ്സിൽ ചേർന്നതിനുശേഷം ഫീസുകൾ അടക്കാൻ ബാക്കിയുള്ളവർ എത്രയും വേഗം കാറ്റക്കിസം ഓഫീസിൽ അടക്കേണ്ടതാണ്. ബഹു. ഹെഡ്മാസ്റ്റർമാർ വേണ്ട നടപടികൾ സ്വീകരിച്ച് സഹകരിക്കുമല്ലോ. **കാറ്റക്കിസം ഓഫീസ് വഴിയുള്ള ദൈവശാസ്ത്രകോഴ്സിന്റെ രജിസ്ട്രേഷൻ ഈ സെമസ്റ്ററോടെ അവസാനിച്ചിരിക്കുന്നു. ദൈവശാസ്ത്രകോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്നവർ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്.**

## 10. സീറോമലബാർ പ്രതിഭാസംഗമം 2016

2011 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽനിന്നും തിരഞ്ഞെടുക്കുന്ന 12-ാം ക്ലാസ് വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടി

കൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുക്കുന്നു. മുൻവർഷങ്ങളിൽ രൂപതാതലത്തിൽ നടത്തിയ ശിൽപശാലയിൽ കുട്ടികളുടെ പങ്കാളിത്തം കുറവായിരുന്നതുകൊണ്ട് കഴിഞ്ഞ രണ്ടുവർഷം മുതൽ ഓരോ ഫൊറോന കേന്ദ്രീകരിച്ചാണ് കുട്ടികളെ തിരഞ്ഞെടുത്തയക്കുന്നത്. 2016 ഡിസംബറിൽ മൗണ്ട് സെന്റ് തോമസിൽവച്ച് നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് പേരാവൂർ ഫൊറോനയിൽനിന്ന് തിരഞ്ഞെടുക്കുന്നവരെയാണ് അയ്ക്കുക. ഡിസംബർ 10ന് പേരാവൂർ ഫൊറോനയിൽവച്ച് നടത്തുന്ന ശില്പശാലയിലേക്ക് പ്രസ്തുത ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും ആത്മീയ കാര്യങ്ങളിലും പഠനത്തിലും മികവു പുലർത്തുന്ന മൂന്ന് ആൺകുട്ടികളെയും മൂന്ന് പെൺകുട്ടികളെയും അയയ്ക്കേണ്ടതാണ്. ശില്പശാല ശനിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം മൂന്നുമണിക്ക് അവസാനിക്കുന്നതായിരിക്കും. ഹെഡ്മാസ്റ്റർമാർ, ബഹു. വികാരിയച്ചനും ക്ലാസ് ടീച്ചറുമായി സംസാരിച്ച് കുട്ടികളെ തെരഞ്ഞെടുത്തയക്കുമല്ലോ.

**11. പ്രണയം 2016**

നമ്മുടെ അതിരൂപതയിൽ മതബോധനത്തിന് 12-ാം ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുമായി ഒരു പഠന ക്ലാസ് ജനുവരി മാസത്തിൽ ക്രമീകരിക്കുകയാണ്. ഫൊറോനയിലെ മൂന്നോ നാലോ കേന്ദ്രങ്ങളിലായിട്ടാണ് ഈ ക്ലാസ് നടത്തപ്പെടുന്നത്. ലൗജിഹാദ്, അന്യമതപ്രണയബന്ധങ്ങൾ തുടങ്ങിയവ വർദ്ധനമാകുന്ന ആധുനിക സാഹചര്യത്തിൽ നമ്മുടെ യുവജനങ്ങളെ വിശ്വാസത്തിൽ ആഴപ്പെടുത്തുക എന്നതാണ് ഈ ക്ലാസിന്റെ ലക്ഷ്യം. 12-ാം ക്ലാസ് വിദ്യാർത്ഥികൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം ഈ ക്ലാസിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസുകൾ നയിക്കുന്ന റിസോഴ്സ് ടീമിനുള്ള പരിശീലനം നവംബർ 24ന് സന്ദേശഭവനിൽ വച്ച് നടത്തിയിട്ടുണ്ട്.

**12. ഡയറക്ടറച്ചന്റെ സന്ദർശനം**

രയറോം, വരക്കാട് എന്നി ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

ക്രിസ്തുമസ്സ് നവവത്സരാശംസകളോടെ

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ബൈബിൾ പാരായണമാസം

ബൈബിൾ പാരായണമാസമായി കെ.സി.ബി.സി നിർദ്ദേശിച്ചിട്ടുള്ളത് ഡിസംബർ മാസമാണ്. സമുചിതമായും ഫലപ്രദമായും ഇതാചരിക്കുവാൻ ഏവരും ശ്രമിക്കുമല്ലോ. സമ്പൂർണ്ണ ബൈബിൾ 96 മണിക്കൂറുകൾകൊണ്ട് വായിച്ച് തീർക്കാവുന്നതാണ്. ഇത് പ്രായോഗികമാക്കാനുള്ള ഒരു കലണ്ടർ ഈ അറിയിപ്പിന്റെ അവസാനഭാഗത്ത് നൽകിയിട്ടുണ്ട്.

## 2. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തിയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ഡിസം. 04 | ചെമ്പന്തൊട്ടി തളിപ്പറമ്പ് | 2.00 - 5.30 | തിരുസഭാചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |
| ഡിസം. 10 | മാനന്തവാടി | 9.30 - 2.30 | ദൈവശാസ്ത്ര പ്രവേശിക<br>ബൈബിൾ വ്യാഖ്യാനശാസ്ത്രം |
| ഡിസം. 11 | ചാലക്കുടി | 7.30pm-9.30pm | ബൈബിൾ വ്യാഖ്യാനശാസ്ത്രം<br>ഇന്ത്യൻ സഭാചരിത്രം |
| | പൈസക്കരി ചെമ്പേരി | 2.00 - 5.30 | തിരുസഭാചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |
| ഡിസം. 12 | ചാലക്കുടി | 9.30 - 2.30 | തിരുസഭാചരിത്രം<br>കാനൻ നിയമം |
| | ആലക്കോട് കരുവഞ്ചാൽ | 2.00 - 5.30 | തിരുസഭാചരിത്രം<br>ഇന്ത്യൻ സഭാചരിത്രം |

## 3. സപ്ലിമെന്ററി പരീക്ഷ

ദൈവശാസ്ത്ര ബിരുദ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം, സപ്ലിമെന്ററി പരീക്ഷകൾ, തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ 4 ദിവസം മുൻകൂറായി അറിയിച്ചതിനുശേഷം തലശ്ശേരിയിൽ വന്ന് എഴുതാവുന്നതാണ്.

## 4. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| മാസം, തിയതി | സമയം | വിഷയം |
|---|---|---|
| ഡിസം. 2,9,16,23,30 (വെള്ളി) | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ,, 3,10,17,24,31 (ശനി) | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ്എഡിഷൻ) |
| ,, 4,5,11,25 (ഞായർ) | രാത്രി 7.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം |
| 7,14,21,28 (ബുധൻ) | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ്എഡിഷൻ) |
| **ആവർത്തനം** | | |
| ബുധൻ ഉച്ച - 2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | |

ടെലിവിഷനിൽ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്ന സമയത്ത് അവ കാണുവാൻ അസൗകര്യമുണ്ടായാൽ പ്രസ്തുത ക്ലാസ്സുകൾ ആൽഫാ യുടെ You Tube ചാനലിൽ (Alpha Theologia) ഏതു സമയവും വീക്ഷിക്കാ വുന്നതാണ്.

## 5. ലോഗോസ് ക്വിസ് 2016 സംസ്ഥാന സെമി ഫൈനൽ മത്സരം

ലോഗോസ് ക്വിസ് 2016ൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ. സംസ്ഥാന സെമി ഫൈനൽ മത്സരത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ച് 18 പേർ പങ്കെടുത്തു. നവംബർ 20-ാം തീയതിയായിരുന്നു ക്വിസ് മത്സരം നടന്നത്. അലൻ തോമസ് പല്ലാട്ട് (തോമാപുരം ബി വിഭാ ഗം), സി. ജോസ്ന ജോസഫ് എഫ്സിസി (ഡി വിഭാഗം) എന്നിവർ സംസ്ഥാന ഫൈനൽ മത്സരത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന സെമി ഫൈനൽ മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും അവരെ ഒരുക്കിയ ഏവർക്കും അഭിനന്ദനങ്ങൾ.

## 6. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾ വീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ച ശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസ ത്തെ സ്കൈപ്പുനെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| മാസം | തിയതി | സമയം |
|---|---|---|
| ഡിസംബർ | 4,11,18,25 (ഞായർ) | 21.00 - 22.00 (09.00 10.00 pm) |
| ഡിസംബർ | 6,12,19,26 (ചൊവ്വ) | 21.00 - 22.00 (09.00 10.00 pm) |
| ഡിസംബർ | 2,09,16,23,30 (വെള്ളി) | 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട് ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

## 7. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ

- ഒരു ദിവസം $3^1/_2$ മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പൂർത്തിയാക്കാം.
- അഖണ്ഡ ബൈബിൾ പാരായണ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ദിവ്യബലി മദ്ധ്യേയുള്ള സ്തോത്രകാഴ്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റിനും വേണ്ടിയുള്ളതായിരിക്കും.
- പഴയ ബൈബിളുകൾ ശേഖരിച്ച് ഫിയാത്ത് മിഷൻ പോലുള്ള മിഷനറി പ്രസ്ഥാനങ്ങൾക്ക് നല്കിയാൽ ഉത്തരേന്ത്യൻ ഭാഷകളിൽ ബൈബിൾ ലഭ്യമാക്കാനുള്ള അവരുടെ പരിശ്രമങ്ങൾക്ക് തുണയേകാം.
- ഡിസംബർ മാസത്തിലെ ഇടവകാ വാർഡ് കൂട്ടായ്മകളിൽ ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവല്കരിക്കുകയും ബൈബിൾ പ്രതിഷ്ഠ നടത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

| | |
|---|---|
| 01 | ഉത്പ 1–38 |
| 02 | ഉത്പ 39–50 |
| | പുറ 1–27 |
| 03 | പുറ 28–40 |
| | ലേവ്യ 1–23 |
| 04 | ലേവ്യ 24–27 |
| 05 | സംഖ്യ 1–28 |
| | സംഖ്യ 29–36 |
| | നിയ 31 |
| 06 | നിയ 32–34 |
| | ജോഷ്വ 1–24 |
| | ന്യായാ 1–13 |
| 07 | ന്യായാ 14–21 |
| | റൂത്ത് 1–4 |
| | 1 സാമു 1–31 |
| | 2 സാമു 1–6 |
| 08 | 2 സാമു 7–24 |
| | 1 രാജാ 1–17 |
| 09 | 1 രാജാ 18–22 |
| | 2 രാജാ 1–25 |
| | 1 ദിന 1–6 |
| 10 | 1 ദിന 7–29 |
| | 2 ദിന 1–19 11 |
| | 2ദിന 20–36 |
| | എസ്രാ 1–10 |
| | നെഹെ 1–13 |
| | തോബി 1–3 |
| 12 | തോബി 4–14 |
| | യൂദി 1–16 |
| | എസ്തേ 1–16 |
| | 1 മക്ക 1–5 |

| | |
|---|---|
| 13 | 1 മക്ക 6–16 |
| | 2 മക്ക 1–15 |
| 14 | ജോബ് 1–42 |
| 15 | സങ്കീ 1–76 |
| 16 | സങ്കീ 77–134 |
| 17 | സങ്കീ 135–150 |
| | സുഭാ 1–31 |
| | സഭാ 1–3 |
| 18 | സഭാ 4–12 |
| | ഉത്ത 1–8 |
| | ജ്ഞാനം 1–19 |
| | പ്രഭാ 1–17 |
| 19 | പ്രഭാ 18–51 |
| | ഏശ 1–8 |
| 20 | ഏശ 9–66 |
| 21 | ജറെ 1–47 |
| 22 | ജറെ 48–52 |
| | വിലാ 1–5 |
| | ബാറൂ 1–6 |
| | എസെ 1–22 |
| 23 | എസെ 23–48 |
| | ദാനി 1–44 |
| 24 | ഹോസി 1–44 |
| | ജോയേ 1–3 |
| 25 | നാഹും 1–3 |
| | ഹബ 1–3 |
| | സെഫ 1–3 |
| | ഹഗ്ഗാ 1–2 |
| | സഖ 1–14 |
| | മല 1–4 |
| 26 | മത്താ 1–28 |
| | മർക്കോ 1–7 |
| 27 | മർക്കോ 8–16 |
| | ലൂക്കാ 1–24 |
| 28 | യോഹ1–21 |
| | അപ്പ 1–13 |
| 29 | അപ്പ 14–28 |
| | റോമാ 1–16 |
| | 1 കോറി1–16 |
| 30 | 2 കോറി 1–13 |
| | ഗലാ 1–6 |
| | എഫേ 1–6 |
| | ഫിലി 1–4 |
| | കൊളോ 1–4 |
| | 1 തെസ്സ 1–5 |
| | 2 തെസ്സ 1–3 |
| | 1 തിമോ 1–6 |
| | 2 തിമോ 1–4 |
| | തീത്തോ 1–3 |
| | ഫിലെ 1 |
| 31 | ഹെബ്രാ 1–13 |
| | യാക്കോ 1–5 |
| | 1 പത്രോ 1–5 |
| | 2 പത്രോ 1–3 |
| | 1 യോഹ 1–5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1–22 |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി വീണ്ടുമൊരു ക്രിസ്തുമസ്സ്. വചനം മാംസമായതിന്റെ ആഘോഷമാണ് ക്രിസ്തുമസ്സ്. ഈ നാൾവരെ നമ്മൾ വളർത്തിയെടുത്ത സുകൃതങ്ങൾ അല്പം കൂടി പരിപോഷിപ്പിക്കുവാനുള്ള അവസരമാണീ നോമ്പുകാലം. കൊച്ചുകൊച്ചു സുകൃതങ്ങൾക്കൊണ്ട് നമ്മുടെ ഹൃദയത്തിൽ പുൽക്കൂടുണ്ടാക്കി ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്കൊരുങ്ങാം. അതോടൊപ്പം ഫ്രാൻസീസ് പാപ്പാ നിർദ്ദേശിച്ചതുപോലെ ക്രിസ്തുവിൽ വിശ്വസിച്ചതിന്റെ പേരിൽ ജീവൻ ത്യജിക്കേണ്ടിവന്ന രക്തസാക്ഷികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം, കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിതിരുനാളിന്റെ ഒരായിരം മംഗളങ്ങൾ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുപിറവി |
| ,, വിശുദ്ധൻ | : വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : മക്കളില്ലാത്ത ദമ്പതികൾ |
| കാരുണ്യപ്രവൃത്തി | : തെറ്റ് ചെയ്യുന്നവരെ തിരുത്തുക |
| സുകൃതജപം | : കുളിരാൽ വിറയ്ക്കുന്ന ഉണ്ണീശോയെ, ഞങ്ങൾക്ക് കൂട്ടായിരിക്കേണമെ. |

## ശാഖകൾ ശ്രദ്ധിക്കാൻ :

1 വ്യാഴം - 25 നോമ്പാരംഭം

3 ശനി - വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ. അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം

4 ഞായർ - ശാഖകളിൽ ക്രിസ് കാർഡ് നിർമ്മാണം

8 വ്യാഴം - അമലോത്ഭവമാതാവിന്റെ തിരുനാൾ

25 ഞായർ - പിറവിതിരുനാൾ

31 ശനി - വർഷാവസാനം - വി. കുർബാനയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയുക.

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അഗതിമന്ദിരസന്ദർശനം, അൾത്താരബാലന്മാരുടെ സെമിനാർ, കരോൾഗാന മത്സരം, ടീം ക്വിസ്സ്, മേഖലയിൽ ഒന്നാംസ്ഥാനം ലഭിച്ച ക്രിസ് കാർഡ് ഡിസംബർ 20നുമുമ്പ് അതിരൂപതയിൽ എത്തിക്കുക.

## കാരുണ്യവർഷ സമാപനവും ശിശുദിനാഘോഷവും

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപതാതല കാരുണ്യവർഷ സമാപനവും ശിശുദിനാഘോഷവും വെമ്പുവ തെരേസഭവനിൽവച്ച് നടന്നു. വൈകുന്നേരം 6.30ന് ആരംഭിച്ച ആരാധന, ദിവ്യബലി, തുടർന്നു നടന്ന സ്നേഹവിരുന്ന് എന്നിവയിൽ വെമ്പുവ തെരേസഭവൻ അന്തേവാസികൾ, ചെമ്പേരി സെന്റ് ജോസഫ് ബാലഭവൻ, നെല്ലിക്കുറ്റി പുഷ്പനിവാസ് എന്നിവിടങ്ങളിൽനിന്നുള്ള കുട്ടികളും അതിരൂപതാഭാരവാഹികളും വെമ്പുവ ശാഖാ പ്രതിനിധികളുമായി 150 ഓളം പേർ പങ്കെടുത്തു. സ്നേഹവിരുന്നിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ തെരേസഭവൻ രക്ഷാധികാരി ബ്ര. സജി, ബ്ര. ബിജു മണ്ണനാൽ, അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ഫാ. ജോസ് ഇളയാനിത്തോട്ടം, അതിരൂപത പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ്, സെക്രട്ടറി ശ്രീ. ജോബി പ്ലാശ്ശേരി, ജോ. സെക്രട്ടറി ഏലിക്കുട്ടി എടാട്ട്, സുനിൽ കല്ലിടുക്കിൽ, മാണി കണിയാരോലിക്കൽ, ജോയൽ കൈച്ചിറമറ്റം, പൈസക്കരി മേഖല പ്രസിഡന്റ് മർക്കോസ് കുളത്തുങ്കൽ തുടങ്ങിയവർ പങ്കെടുത്തു. ബാലഭവനിലെ കുട്ടികളുടെ വിവിധ കലാപരിപാടികളും സമ്മാനദാനവും ഉണ്ടായിരുന്നു. ഈ മൂന്ന് കാരുണ്യഭവനങ്ങളിലേക്കും ചെറുപുഷ്പമിഷൻലീഗ് സമാഹരിച്ച കാരുണ്യഫണ്ട് വിതരണം ചെയ്തു.

## രാജത്വതിരുനാൾ - അതിരൂപതാതല ആഘോഷം

### രാജത്വതിരുനാൾ ആഘോഷപരിപാടികളും കാരുണ്യവർഷ സമാപനവും

നവംബർ 20-ാം തീയതി ഞായറാഴ്ച വിജയഗിരി ശാഖയിൽവച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കാരുണ്യവർഷസമാപന പ്രാർത്ഥനാ ശുശ്രൂഷ, ദിവ്യബലി എന്നിവയ്ക്കുശേഷം നടന്ന വിശ്വാസപ്രാഘോഷണറാലിയിൽ ശാഖയിലെ മുഴുവൻ കുട്ടികളും മുതിർന്നവരും പങ്കെടുത്തു. ശാഖാഡയറക്ടർ ഫാ. സ്കറിയ പൂവ്വത്താനിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, ശാഖാ വൈസ് ഡയറക്ടർ സി. ദീപ എസ്കെഡി, ഹെഡ്മാസ്റ്റർ ശ്രീ. ജോസുകുട്ടി വള്ളിയാംതടത്തിൽ, ജൂണിയർ പ്രസിഡന്റ് ജിതിൻ കരോട്ടുകുന്നേൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

## സംസ്ഥാനതലത്തിൽ തലശ്ശേരി അതിരൂപത മികച്ച മൂന്നാമത്തെ രൂപത

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത സംസ്ഥാനതലത്തിൽ മികച്ച മൂന്നാമത്തെ രൂപതയായി തെരഞ്ഞെടുക്കപ്പെട്ടു. 2015-2016 പ്രവർത്തനവർഷത്തെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, മിഷൻഗ്രാമങ്ങളിൽ ചെയ്ത സേവനങ്ങൾ എന്നിവ പരിഗണിച്ചാണ് അതിരൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചത്.

## സംസ്ഥാനതല മിഷൻകലോത്സവം-തലശ്ശേരി അതിരൂപത രണ്ടാംസ്ഥാനത്ത്

ചെറുപുഷ്പമിഷൻലീഗ് 2016-17 സംസ്ഥാന മിഷൻകലോത്സവത്തിൽ 588 പോയിന്റോടെ തലശ്ശേരി അതിരൂപത 2-ാം സ്ഥാനം കരസ്ഥമാക്കി. കണിയാരം ഫാ. ജി.കെ.എം. സ്കൂളിൽവച്ചു നടന്ന കലോത്സവത്തിൽ അതിരൂപതയിൽനിന്നും നൂറോളം കലാപ്രതിഭകൾ പങ്കെടുത്തു. സബ്ജൂണിയർ, സീനിയർ, സൂപ്പർസീനിയർ വിഭാഗങ്ങളിലും ബൈബിൾ ദൃശ്യാവതരണത്തിലും അതിരൂപതയ്ക്ക് ഒന്നാംസ്ഥാനം ലഭിച്ചു.

## അതിരൂപത ഇലക്ഷൻ മാനേജിംഗ് കമ്മിറ്റി

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത 2017-19 വർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള അതിരൂപത ഇലക്ഷൻ മാനേജിംഗ് കമ്മിറ്റി 2016 ഡിസംബർ 12ന് തിങ്കളാഴ്ച രാവിലെ 10 മണി മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്നതായിരിക്കും. മേഖലാഭാരവാഹികളെല്ലാവരും മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## മിഷൻ മെഡിക്കൽ

ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ അങ്ങാടിക്കടവ് ശാഖയുടെയും തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിന്റെയും സഹകരണത്തോടെ കർണ്ണാടക മിഷനിലേയ്ക്ക 50,000 രൂപയുടെ മരുന്നുകൾ വിതരണം ചെയ്തു. ഇതിന് നേതൃത്വം നൽകിയ അങ്ങാടിക്കടവ് ശാഖാ ഡയറക്ടർ ഫാ. തോമസ് മുണ്ടമറ്റത്തിൽ അച്ചനും ജോസ്ഗിരി ഹോസ്പിറ്റൽ ഡയറക്ടർ സിസ്റ്ററിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## വാഗ്മി-2016 പ്രഭാഷണപരിശീലന ശില്പശാല

തലശ്ശേരി അതിരൂപതയിലെ പുത്തൻതലമുറയ്ക്ക് പ്രഭാഷണകലയിലുള്ള പ്രാഗത്ഭ്യം വളർത്തിയെടുക്കുന്നതിനായി കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെയും മിഷൻലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 27-28 ദിവസങ്ങളിൽ നടത്തുന്ന 'വാഗ്മി-2016' പ്രഭാഷണപരിശീലന ശില്പശാലയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ (5 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക്) ഡിസംബർ 5 നു മുമ്പ് **9961370298** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 കുട്ടികൾക്കു മാത്രമായിരിക്കും പങ്കെടുക്കാൻ അവസരം. ഫീസ് 350 രൂപ. 27-ാം തീയതി 10 മണിമുതൽ 28ന് ഉച്ചവരെയായിരിക്കും ശില്പശാല.

## സ്നേഹതാരം പുരസ്കാരം

2016 ജൂൺ 1 മുതൽ കരുണയുടെ വർഷം സമാപിക്കുന്ന ദിവസം വരെ(നവംബർ 20) കാരുണ്യവർഷവുമായി ബന്ധപ്പെട്ട് ശാഖാതലത്തിൽ

ചെയ്ത പ്രവർത്തനങ്ങൾ പരിഗണിച്ച് ഓരോ രൂപതയിലെയും അഞ്ചുശാഖകൾക്ക് സംസ്ഥാനതലത്തിൽ നല്കുന്ന സ്നേഹതാരംപുരസ്കാരത്തിന് അപേക്ഷനൽകാൻ ആഗ്രഹിക്കുന്ന ശാഖകൾ ഡിസംബർ 10ന് മുമ്പ് പ്രവർത്തന റിപ്പോർട്ട് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

## സമർപ്പണഫണ്ട്

പുൽക്കൂട്ടിൽപിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനുമായി ഈ ക്രിസ്മസ് നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. ഈ വർഷം നോമ്പുകാലത്ത് ത്യാഗപൂർവം കുട്ടികൾ സമാഹരിക്കുന്ന തുക സാംഗ്ലിമിഷനിലെ 85 എയ്ഡ്സ് രോഗികളായ കുട്ടികളെ സഹായിക്കാനായി നാം മാറ്റിവയ്ക്കുകയാണ്. കുട്ടികൾ ത്യാഗപൂർവ്വം സമാഹരിക്കുന്ന തുകയും ശാഖാവിഹിതവും മാതാപിതാക്കളുടെ സംഭാവനകളും ചേർന്ന് ലഭിക്കുന്ന തുക ജനുവരി ആദ്യആഴ്ചയിൽ ഓഫീസിൽ എത്തിക്കുമല്ലോ.

## അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻഗ്രാമങ്ങൾക്കും ക്രിസ്മസ് പുതുവത്സരാശംസകൾ അയയ്ക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ടീം ക്വിസ്സ് മത്സരം

ഈ വർഷത്തെ ടീം ക്വിസ്സ് 2017 ജനുവരി 26-ാം തീയതി രാവിലെ 10 മണിമുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടക്കുന്നു.

പഠനഭാഗം : മിഷൻക്വിസ്സ് പാഠാവലി 50% വള്ളോപ്പിള്ളി പിതാവ് 50% (നിബന്ധനകൾ - മാർഗ്ഗരേഖ പേജ് 47-48)

## ക്രിസ്കാർഡ് നിർമ്മാണം

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണമത്സരത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 20ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- നിർമ്മാണ സമയം - 2മണിക്കൂർ
- കാർഡിനൊപ്പം പേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിണം.

- 15 സെ.മി. വീതിയും 21 സെ.മീ. നീളവുമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസികയുടെ നിർമ്മാണം ആരംഭിച്ചു കാണുമല്ലോ. മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (നിബന്ധനകൾ - മാർഗ്ഗരേഖ പേജ് 48-49)

## പ്രയർബാങ്ക്

കിളിയന്തറശാഖയിലെ കുട്ടികളുടെ മാതാപിതാക്കൾ കാരുണ്യവർഷത്തോടനുബന്ധിച്ച് ലോകംമുഴുവനുമുള്ള കുട്ടികൾക്കായി സമർപ്പിച്ച പ്രാർത്ഥനകളും സുകൃതങ്ങളും

| വി. കുർബ്ബാന | ജപമാല | കുരിശിന്റെവഴി | സുകൃതജപം | ആശയടക്കം | ഉപവാസം |
|---|---|---|---|---|---|
| 480 | 632 | 60 | 3000 | 240 | 16 |

## ശാഖാസന്ദർശനങ്ങൾ

പെന്മല, കീഴ്പ്പള്ളി, കാപ്പിമല ശാഖകളിൽ അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് സന്ദർശനം നടത്തുകയും പുഞ്ചിരി ശാഖാ ശാക്തീകരണ സെമിനാർ നയിക്കുകയും ചെയ്തു.

## സംസ്ഥാനതല കലാ-സാഹിത്യമത്സര വിജയികൾ

| പേര് വീട്ടുപേര് | ശാഖ ഗ്രേഡ് |
|---|---|
| **ജൂണിയർ ബോയ്സ് - ചെറുകഥ** | |
| തോമസ് കല്ലിടുക്കിൽ | IA |
| ജോസഫ് നിലക്കപ്പള്ളി | B |
| **ജൂണിയർ ഗേൾസ് - ചെറുകഥ** | |
| അന്ന ഇടത്താഴെ | A |
| എലിസബത്ത് പൊൻപുഴ | A |
| **സീനിയർ ബോയ്സ് - ചെറുകഥ** | |
| വർഗ്ഗീസ് കണിച്ചിറയിൽ | IA |
| അഖിൽ പൂവ്വത്തുംമ്യാലിൽ | B |
| **സീനിയർ ഗേൾസ് - ചെറുകഥ** | |
| റോസമ്മ കാനക്കാട്ട് | A |
| ഏയ്ഞ്ചൽ | A |
| **സൂപ്പർ സീനിയർ ബോയ്സ് - ചെറുകഥ** | |
| ആൽബിൻ ചാക്കോ അക്കൂറ്റ് | IA |
| തോമസ് വടക്കൻ | A |

| | |
|---|---|
| **സൂപ്പർ സീനിയർ ഗേൾസ് - ചെറുകഥ** | |
| ഷീബ ചിറ്റടിയിൽ | A |
| ഡിംബിൾ മേച്ചേരിതകിടിയേൽ | A |
| **ജൂനിയർ ബോയ്സ് - കവിത** | |
| ലൂക്കോസ് കരിമ്പൂഴിത്താഴെ - ഒറ്റത്തൈ | II A |
| വർഗ്ഗീസ് മാറുകാട്ടുകുന്നേൽ - ചെട്ട്യാംപറമ്പ് | A |
| **ജൂനിയർ ഗേൾസ് - കവിത** | |
| മേരി നരിക്കുന്നേൽ - എടൂർ | I A |
| അന്നമ്മ പകലോമറ്റം - എടത്തൊട്ടി | A |
| **സീനിയർ ബോയ്സ് - കവിത** | |
| ജേക്കബ് - കോട്ടൂർ | III A |
| ജോസഫ് ആനപ്പാറ - രണ്ടാംകടവ് | III A |
| **സീനിയർ ഗേൾസ് - കവിത** | |
| സാന്ദ്രാമരിയ കളപ്പുരയ്ക്കൽ - മഞ്ഞളാംപുറം | II A |
| അഞ്ചന പുത്തൻപറമ്പിൽ - ആനമഞ്ഞൾ | A |
| **സൂപ്പർ സീനിയർ ബോയ്സ് - കവിത** | |
| ജോസഫ് കന്നിലികാട്ടിൽ - എടൂർ | IA |
| അഗസ്റ്റ്യൻ കന്നു - നെല്ലിക്കാംപൊയിൽ | IIIA |
| **സൂപ്പർ സീനിയർ ഗേൾസ് - കവിത** | |
| മരിയ ചിറ്റംവേലിൽ - ചെടിക്കുളം | IA |
| സിജി ആദംകുഴിയിൽ - മേലെചൊവ്വ | A |
| **ജൂനിയർ ബോയ്സ് - ഉപന്യാസം** | |
| റോസ്മേരി മൈലാടൂർ - ചൂരപ്പടവ് | A |
| അന്നമ്മ പകലോമറ്റം - എടത്തൊട്ടി | A |
| **ജൂനിയർ ബോയ്സ് - ഉപന്യാസം** | |
| റോസ്മേരി മൈലാടൂർ - ചൂരപ്പടവ് | A |
| അന്നമ്മ പകലോമറ്റം - എടത്തൊട്ടി | A |
| **സബ് ജൂണിയർ - ചിത്രരചന** | |
| തെരേസ അയ്യങ്കനാൽ - ചെമ്പേരി | A |
| ഡോൺ ആന്റോ വെട്ടത്ത് - ചന്ദനക്കാംപാറ | B |
| **ജൂണിയർ - ചിത്രരചന** | |
| ഇവ മരിയ തെക്കെയിൽ - തലശ്ശേരി | B |
| ക്രിസ്റ്റീന മണ്ണൂർ - മേരിഗിരി | B |
| **സീനിയർ - ചിത്രരചന** | |
| മരിയ പാലാക്കുടിയിൽ - വെമ്പുവ | A |
| അന്ന എലിപുലിക്കാട്ട് - ജോസ്ഗിരി | B |

**സീനിയർ ഗേൾസ് - ഉപന്യാസം**

| | |
|---|---|
| മരിയ തേക്കുംതളിയിൽ - കനകക്കുന്ന് | A |
| മേരി മംഗലത്തിൽ - കുന്നോത്ത് | A |

**സൂപ്പർ സീനിയർ ബോയ്സ് -ഉപന്യാസം**

| | |
|---|---|
| ബെന്നി എടാട്ട് - കരിക്കോട്ടക്കരി | A |
| ഷിനോജ് ഇളംതുരുത്തിയിൽ - കൊന്നക്കാട് | A |

**സൂപ്പർ സീനിയർ ഗേൾസ് - ഉപന്യാസം**

| | |
|---|---|
| റോസമ്മ പരത്തനാൽ - വെമ്പുവ | IA |
| സിസിലി നീണ്ടൂക്കുന്നേൽ - മേലെചൊവ്വ | III A |

**സബ്ജൂനിയർ ബോയ്സ് - പ്രസംഗം**

| | |
|---|---|
| ജോൺസ് വടക്കേമുറി - വെള്ളരിക്കുണ്ട് | IA |
| ഗർവ്വാസീസ് മണ്ണത്തുകാരൻ - ഇരിട്ടി | A |

**സബ്ജൂണിയർ ബോയ്സ് - സംഗീതം**

| | |
|---|---|
| വർഗ്ഗീസ് പുതുപ്പറമ്പിൽ - വെള്ളരിക്കുണ്ട് | A |
| മാത്യു മഞ്ഞക്കാട്ടിൽ - ചെമ്പേരി | IIA |

**സബ്ജൂനിയർ ഗേൾസ് - സംഗീതം**

| | |
|---|---|
| ടെസ്‌ലിൻ കണ്ടത്തിനാനി - വെള്ളരിക്കുണ്ട് | IA |

**സബ്ജൂനിയർ ബോയ്സ് - ബൈബിൾവായന**

| | |
|---|---|
| ജോസഫ് ചന്ദ്രൻകുന്നേൽ - കുടിയാന്മല | A |

**സബ്ജൂനിയർ ഗേൾസ് - ബൈബിൾവായന**

| | |
|---|---|
| അന്നകുഴിപതാലിൽ - കരുവഞ്ചാൽ | III A |
| മരിയ അയന്തിക്കൽ - മാനടുക്കം | A |

**സബ്ജൂനിയർ ഗേൾസ്-നാടോടിനൃത്തം**

| | |
|---|---|
| സാനിയ ആട്ടപ്പാട്ട് - തളിപ്പറമ്പ് | A |
| സിസിലി പായ്ക്കാട്ട് - കണ്ണിവയൽ | A |

**സബ്ജൂനിയർ -കഥാപ്രസംഗം**

| | |
|---|---|
| അലൻ പൊടിമറ്റം - കാഞ്ഞങ്ങാട് | IIIA |

**ജൂനിയർ ബോയ്സ് - പ്രസംഗം**

| | |
|---|---|
| ആൽബിൻ ഈറ്റയ്ക്കൽ - വിജയപുരം | A |
| ഡോൺ കുമ്പളനാക്കൽ - നീലേശ്വരം | A |

**ജൂനിയർ ഗേൾസ് - പ്രസംഗം**

| | |
|---|---|
| തെരേസ വെട്ടിക്കലോലിക്കൽ - വെള്ളരിക്കുണ്ട് | A |
| അലീന മരിയ പതിപ്പള്ളിൽ - മണിപ്പാറ | A |

**ജൂനിയർ ബോയ്സ് - സംഗീതം**

| | |
|---|---|
| തോമസ് പെരുമ്പള്ളിൽ - തോമാപുരം | A |
| ജോസഫ് പനന്താനം - കിളിയന്തറ | A |

**ജൂനിയർ ഗേൾസ് - സംഗീതം**

| | |
|---|---|
| അലിൻ മരിയ ഈഴപ്പറമ്പിൽ - പരിയാരം | IA |

| | |
|---|---|
| **ജൂനിയർ ബോയ്സ് - ക്വിസ്സ്** | |
| ജോൺ പാറത്താനത്ത് - ചെമ്പേരി | IIA |
| തോമസ് പുന്നമറ്റത്തിൽ - ഉദയഗിരി | C |
| **ജൂനിയർ ഗേൾസ് - ക്വിസ്സ്** | |
| അൽഫോൻസ കാരന്താനം - തളിപ്പറമ്പ | IIIA |
| മരിയപുതുപ്പറമ്പിൽ - ബളാൽ | B |
| **ജൂനിയർ ഗേൾസ് - നാടോടിനൃത്തം** | |
| ആൻമരിയ കാരംകുന്നേൽ - നെല്ലിക്കാംപൊയിൽ | IA |
| **ജൂനിയർ - കഥാപ്രസംഗം** | |
| ആൻമരിയ കുഴിമണ്ണിൽ - കുന്നോത്ത് | IIIA |
| **സീനിയർ ബോയ്സ് - പ്രസംഗം** | |
| ജോസഫ് ഓരത്തേൽ - കോലുവള്ളി | B |
| ജോസഫ് ഇല്ലിക്കൽ - കാഞ്ഞിരക്കൊല്ലി | B |
| **സീനിയർ ഗേൾസ് - പ്രസംഗം** | |
| എലിസബത്ത് - ചെട്ട്യാപറമ്പ് | A |
| **സീനിയർ ബോയ്സ് - സംഗീതം** | |
| ജോൺ ഈഴറേട്ട് - നീലേശ്വരം | A |
| ജോസ് വരമ്പുങ്കൽ - ഇരിട്ടി | IIIA |
| **സീനിയർ ഗേൾസ് - സംഗീതം** | |
| മരിയ പനച്ചിക്കൽ - വെള്ളരിക്കുണ്ട് | A |
| മരിയ കുന്നത്ത് - വെളിമാനം | A |
| **സീനിയർ ഗേൾസ് - ക്വിസ്സ്** | |
| എലിസബത്ത് പുത്തൻപുരയ്ക്കൽ - ചെമ്പന്തൊട്ടി | A |
| മരിയ ഓണയാത്തുംകുഴി - ചെമ്പേരി | IIA |
| **കഥാപ്രസംഗം - സീനിയർ** | |
| മേരി മംഗലത്തിൽ - കുന്നോത്ത് | A |
| ജേക്കബ് വട്ടക്കുന്നേൽ - തിരുമേനി | A |
| **സൂപ്പർസീനിയർ ബോയ്സ് - പ്രസംഗം** | |
| ജിന്റോ കുന്നിപ്പറമ്പിൽ - കടുമേനി | A |
| ജേക്കബ് വട്ടക്കുന്നേൽ - തിരുമേനി | A |
| **സൂപ്പർസീനിയർ ഗേൾസ് - പ്രസംഗം** | |
| നിമിഷ നെട്ടനൊഴികയിൽ - ചാവറഗിരി | I A |
| ആൻമരിയ കൂറ്റനാൽ - നിർമ്മലഗിരി | A |
| **സൂപ്പർസീനിയർ ബോയ്സ് - സംഗീതം** | |
| മാത്യു താഴത്തുവീട്ടിൽ - പേരാവൂർ | II A |
| ഐസക് മുരിങ്ങോത്ത് - കണ്ണിവയൽ | A |

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വീണ്ടുമൊരു ക്രിസ്തുമസ്സ് നാളിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുയാണല്ലോ. കൊച്ചുകൊച്ചു സുകൃതങ്ങളും ത്യാഗങ്ങളും നന്മപ്രവൃത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂടു നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാകൊച്ചുകൂട്ടുകാർക്കും ഒരായിരം ക്രിസ്മസ് മംഗളങ്ങൾ......

**'നിങ്ങൾക്കറിയാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | എയ്ഞ്ചൽ വള്ളിയാംതടം | - വിജയഗിരി |
| II | അഗസ്റ്റ്യൻ കല്ലൂക്കാരൻ | - പൂളക്കുറ്റി |
| III | ആൻമരിയ നെല്ലിക്കുന്നേൽ | - അൽഫോൻസഗിരി |

**'നിറംകൊടുക്കാമോ?' ഒക്ടോബർ മാസത്തിലെ വിജയികൾ**

| | | |
|---|---|---|
| I | ലിയോൺ അറയ്ക്കൽ | - കോട്ടൂർവയൽ |
| II | ആൻസ്മരിയ ഞാളിയൽ | - പെരുമ്പുന്ന |
| III | നിക്കോൾ മരിയ വാഴത്തറ | - കീഴ്പ്പള്ളി |

| | |
|---|---|
| **സൂപ്പർസീനിയർ ഗേൾസ് - സംഗീതം** | |
| സിസിലി നെറ്റിക്കാട്ട് - പടന്നക്കാട്ട് | III A |
| മരിയ ചിറ്റംവേലിൽ - ചെടിക്കുളം | A |
| **സൂപ്പർസീനിയർ - ക്വിസ്സ്** | |
| സെബാസ്റ്റ്യൻ കുന്നിന് - ആനറ | I A |
| മരിയ ചിറ്റംവേലിൽ - ചെടിക്കുളം | III A |
| **സൂപ്പർസീനിയർ ഗേൾസ് - ക്വിസ്സ്** | |
| മേരി വെട്ടുകല്ലേൽ - ചാവറഗിരി | II A |
| ജോളി കൊട്ടത്തുവീട്ടിൽ - കാലാങ്കി | A |
| ബൈബിൾ ദൃശ്യാവതരണം - പൈസക്കരി | I A |
| മാർഗ്ഗംകളി - പടന്നക്കാട് | A |
| പരിചമുട്ടുകളി - പൈസക്കരി | A |
| സമൂഹഗാനം - പൊന്മല | B |
| മിഷൻ ആന്തം - ചെറുപുഴ | B |

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

ഈശോ എപ്പോഴും സന്തോഷമുള്ളവനായിരുന്നു. എല്ലാവരോടും സ്നേഹത്തോടും പുഞ്ചിരിയോടുംകൂടി ഇടപെട്ടു. ഈശോയെപ്പോലെ എപ്പോഴും സന്തോഷമുള്ളവരായിരിക്കാൻ നമുക്ക് പരിശ്രമിക്കാം. മലയിൽ പ്രസംഗിക്കുന്ന ഈശോയുടെ ചിത്രത്തിന് നിറംകൊടുത്ത് മനോഹരമാക്കിയും ചിത്രത്തിലെ ഉപമകണ്ടെത്തി മനോഹരമായ അടിക്കുറിപ്പുകൾ തയ്യാറാക്കിയും ജനുവരി 15ന് മുമ്പ് അച്ചന് അയച്ചുതരണേ.

**അതിരൂപതാ കലോത്സവം :** തിരുബാലസഖ്യം അതിരൂപതാ കലോത്സവം 2017 ജനുവരി 2 തിങ്കളാഴ്ച ചെമ്പേരി നിർമ്മലഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതായിരിക്കും. മേഖലാമത്സര വിജയികളുടെ ലിസ്റ്റ് ഡിസംബർ 25 നു മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ. വ്യക്തിഗത ഇനങ്ങളിൽ മേഖലാതലത്തിൽ ഒന്നും രണ്ടുംസ്ഥാനങ്ങൾ നേടുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും അതിരൂപതാമത്സരത്തിൽ പങ്കെടുക്കാം.

**അഭിവന്ദ്യപിതാക്കന്മാർക്ക് കത്ത്**

ക്രിസ്തുമസ്സിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്ക് ക്രിസ്മസ് ആശംസകളറിയിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**സമർപ്പണഫണ്ട് :** ഈ വർഷത്തെ സമർപ്പണഫണ്ട് സാംഗ്ലിമിഷനിലെ എയ്ഡ്സ് രോഗികളായ 85 കുട്ടികളെ സഹായിക്കുവാനായി നാം മാറ്റിവയ്ക്കുകയാണ്. 25 ദിവസം കുട്ടികൾ ത്യാഗപൂർവ്വം സമാഹരിക്കുന്ന തുകയും മാതാപിതാക്കളുടെ സംഭാവനകളും ചേർത്ത് ലഭിക്കുന്ന തുക ജനുവരി ആദ്യആഴ്ചയിൽതന്നെ ഓഫീസിൽ എത്തിക്കുമല്ലോ.

**ക്രിസ്കാർഡ് നിർമ്മാണം ;** ക്രിസ്മസ് ആഘോഷഭാഗമായി തിരുബാലസഖ്യം അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണമത്സരത്തിൽ മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 20ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- നിർമ്മാണ സമയം - 2മണിക്കൂർ
- കാർഡിനൊപ്പം പേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിക്കും.
- 15 സെ.മി. വീതിയും 21 സെ.മീ. നീളവുമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**

അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

ഡിസംബർ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ശൂന്യമാക്കലിന്റെയും സദ്വാർത്ത അറിയിക്കുന്ന ഒരു പുണ്യമാസം. നമ്മുടെ ദൈവം ഭൂമിയെ ഹൃദയപൂർവം തൊട്ടതിന്റെ പുണ്യ ദിനം. അവിടുന്ന് സമാധാനത്തിന്റെയും ശാന്തിയുടെയും പിറന്നാളാഘോഷിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. സമാധാനം സമ്പന്നതയുടെ പൂർണ്ണതയിലല്ലെന്ന് പുൽമെത്തയിൽ പുഞ്ചിരിച്ചു കിടക്കുന്ന ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു. നന്മയുടെ പ്രകാശം അണഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സമാധാനത്തിന്റെയും സഹാനുഭൂതിയുടെയും സ്നേഹത്തിന്റെയും കരിന്തിരികൾ കത്തുമ്പോൾ ജനഹൃദയങ്ങളിൽ കരകയറാൻ സാധിക്കാതെ തുഴഞ്ഞു തുഴഞ്ഞു തളർന്നവരും നമുക്കു ചുറ്റുമുണ്ട്. അത് നമ്മുടെ കൈ പിടിച്ചു നടക്കുന്ന സഹോദരനോ, സുഹൃത്തോ ആണെന്ന് തിരിച്ചറിയുകയും അവനായ് ഹൃദയ വാതിൽ തുറന്നു കൊടുക്കുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ കരുണയും സ്നേഹവും മനുഷ്യരിലേക്ക് ഒഴുകിയിറങ്ങിയ ക്രിസ്മസിന് അർത്ഥമുണ്ടാവുകയുള്ളൂ. ഓരോ ക്രിസ്തുമസും ക്രിസ്തുവിൽനിന്നും എന്നിലേക്കുള്ള ദൂരം ആത്മശോധന ചെയ്യുവാനുള്ള അവസരം കൂടിയാണ്. എല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

## ഉത്സവ് 2016

ഡിസംബർ 9,10,11 തീയതികളിലായി സംസ്ഥാന കലോത്സവം മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. അതിരൂപതാ കലോത്സവത്തിൽ വിജയിച്ച മത്സരാർത്ഥികളെ സംസ്ഥാനത്ത് പങ്കെടുപ്പിക്കുവാൻ ഫൊറോനകൾ ശ്രദ്ധിക്കുമല്ലോ.

## ബത്‌ലഹേം യങ്ങ് മീറ്റ്

തലശ്ശേരി അതിരൂപത കെസിവൈഎം ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിലെ യുവജനങ്ങളെ എല്ലാവരെയും ഒരുമിച്ചുകൂട്ടുക എന്ന ലക്ഷ്യത്തോടെ ക്രിസ്മസ് അവധിക്കാലത്ത് യുവജന കൂട്ടായ്മ 'ബത്‌ലഹേം യങ്ങ് മീറ്റ്' എല്ലാ ഇടവകയിലും ഡിസംബർ 24ന് സംഘടിപ്പിക്കുവാൻ തീരുമാനി

ച്ചിരിക്കുന്നു. മാറിയ വിദ്യാഭ്യാസ സാഹചര്യങ്ങളിൽ നമ്മുടെ ഇടവകയിലെ ഒട്ടുമിക്ക യുവജനങ്ങളും കേരളത്തിലും കേരളത്തിനു പുറത്തും വിവിധ ഇടങ്ങളിൽ പഠിക്കുകയാണ്. വീട്ടിൽനിന്നകന്ന ഒറ്റപ്പെടലിലും കൂട്ടുകാരുടെ നിർബന്ധത്തിനും വഴങ്ങി ആധുനിക കാലത്തിന്റെ ആവേശങ്ങളെ നെഞ്ചി ലേറ്റി തിന്മയുടെ ശക്തികൾക്ക് അടിമകളായി മാറുകയും ഐ.എസ് തീവ്ര വാദത്തിലും മദ്യ, ലഹരിമരുന്ന് മാഫിയകളുടെ ഏജന്റുമാരായി മാറുകയും എല്ലാറ്റിനും അടിമകളായി സ്വയം നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു തലമുറ നമുക്ക് മുമ്പിലുണ്ട്. നിതാന്ത ജാഗ്രത നമുക്കിവിടെ ആവശ്യമാണ്. ഏതു സ്ഥലത്തായാലും താൻ ഒറ്റക്കല്ല, എന്നെ സ്നേഹിക്കുന്നവർ അനേ കരുണ്ട് എന്ന ബോധ്യം നല്കാനും സ്നേഹം തന്നെയായ ദൈവത്തിങ്ക ലേക്ക് നയിക്കുവാനുമുള്ള വലിയൊരു ഉത്തരവാദിത്വം നമുക്കുണ്ട്. വസ്ത്ര ത്തെക്കാൾ ശരീരവും ഭക്ഷണത്തെക്കാൾ ജീവനും ശ്രേഷ്ഠമാണെന്ന തിരി ച്ചറിവ് നല്കുന്നതായിരിക്കട്ടെ ബത്‌ലഹം യങ്ങ് മീറ്റ്.

ഓരോ ഇടവകയും അതിന്റെ സാഹചര്യമനുസരിച്ച് 24-ാം തീയതി രാവിലെ 9 മണിയോടെ യുവജനങ്ങളെ ഒരുമിച്ചുകൂട്ടി ഒരു മണിക്കൂറെങ്കിലും ഒരു ബോധവത്ക്കരണ ക്ലാസ്സ് നൽകുകയും ക്രിസ്മസ് കേക്ക് മുറിച്ച് ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യാവുന്നതാണ്. തുടർന്ന് യുവജനങ്ങൾക്ക് കുമ്പസാരിക്കാൻ അവസരം ഒരുക്കുകയും പുൽക്കൂട് നിർമ്മാണത്തിന് പങ്കാളികളാക്കാനും ശ്രമിക്കുക.

## അർദ്ധ വാർഷിക സെനറ്റ് - ഡിസംബർ 17

മുൻ തീരുമാനപ്രകാരം 2017 മുതൽ കെസി വൈഎമ്മിന്റെ പ്രവർത്ത നവർഷം ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്നതിനാൽ 2016 ഡിസംബർ 17ന് അർദ്ധവാർഷിക സെനറ്റ് തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്ന തായിരിക്കും. കഴിഞ്ഞ ആറുമാസത്തെ പ്രവർത്തന റിപ്പോർട്ട് മുൻ വർഷ ങ്ങളിലെപ്പോലെ അതിരൂപതയിൽനിന്നും നല്കുന്ന ഫോമിൽ അവതരിപ്പി ക്കേണ്ടതാണ്. അന്നേ ദിവസം എല്ലാ മേഖലാ ഡയറക്ടേഴ്സും ആനിമേ റ്റേഴ്സും പങ്കെടുക്കാൻ ശ്രമിക്കുമല്ലോ?

## ജൂബിലി സമാപനം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ രജത ജൂബിലി സമാ പനം 2017 ഏപ്രിൽ മാസത്തിലായിരിക്കും. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതായിരിക്കും.

## നാഷണൽ യൂത്ത് കൺവെൻഷൻ ജനു 14-22

ജനുവരി 14 മുതൽ 22 വരെ മംഗലാപുരത്ത്‌വച്ച് നാഷണൽ യൂത്ത്

കൺവെൻഷൻ നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽനിന്നും ഒരാൾക്കായിരിക്കും പങ്കെടുക്കാൻ അവസരം ലഭിക്കുക. രജി. ഫീസ് 500 രൂപ. പങ്കെടുക്കുന്നവർ വികാരിയച്ചന്റെയും ഫൊറോന ഡയക്ടറുടെയും കത്ത് അതിരൂപതയിൽ നല്കേണ്ടതാണ്. ആദ്യം പേരുനൽകുന്നവർക്കായിരിക്കും അവസരം നല്കുക.

## തീരദേശ ക്യാമ്പ്

കാഞ്ഞങ്ങാട് മേഖലയുടെ ആതിഥേയത്വത്തിൽ ഫെബ്രുവരിയിൽ തീരദേശക്യാമ്പ് നടത്തപ്പെടുന്നു. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതായിരിക്കും. താത്പര്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യുക.

## കാരുണ്യ വിരുന്ന്

തലശ്ശേരി അതിരൂപതാ രജതജൂബിലിയോടനുബന്ധിച്ച് നടത്തിവരുന്ന കാരുണ്യവിരുന്ന് (ജനറൽ ഹോസ്പിറ്റലിൽ എല്ലാ ദിവസവും ഭക്ഷണം നല്കുന്ന പദ്ധതി) നല്ലവരായ നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണത്തോടെ ഭംഗിയായിതന്നെ പോകുന്നു. മുമ്പോട്ട് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിങ്ങളുടെ ഓരോരുത്തരുടെയും സഹായസഹകരണം ഇനിയും പ്രതീക്ഷിക്കുന്നു.

## എയ്ഞ്ചലോ 2016

കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട്ടു രൂപതയുടെ ആതിഥേയത്വത്തിൽ ബത്തേരി പൂമലയിൽവച്ച് നവംബർ 6-ാം തീയതിനടന്ന മദർ തെരേസ അനുസ്മരണത്തിൽ എയ്ഞ്ചലോ 2016 - തലശ്ശേരി അതിരൂപതയിൽനിന്നും ഡയറക്ടർ ബഹു. ജോർജ് കരിഞ്ഞാലിക്കാട്ടിൽ അച്ചനും രൂപതാഭാരവാഹികളും പങ്കെടുത്തു.

## ഓഫീസ് സന്ദർശനം

മാനന്തവാടി കെസിവൈഎം ഓഫീസ് 2016 നവംബർ 6ന് അതിരൂപതാസമിതി ഡയറക്ടറച്ചനോടൊപ്പം സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

## കബറിടം സന്ദർശിച്ചു

കെസിവൈഎം തലശ്ശേരിയുടെ പ്രഥമ പ്രസിഡന്റ് ശ്രീ. ജോൺസൺ ജെ. ഓടയ്ക്കലിന്റെ ചരമദിനമായ നവംബർ 12ന് തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ജോർജ് കരിഞ്ഞാലിക്കാട്ടിലിന്റെ നേതൃത്വത്തിൽ അതിരൂപതാസമിതി ചുണ്ടപ്പറമ്പിൽ പോവുകയും കബറിടം സന്ദർശിച്ച് ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

## കാരുണ്യ തീർത്ഥാടനം

കാരുണ്യ വർഷാചരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ ബഹു ഡയറക്ടർ അച്ചനോടൊപ്പം വേണ്ട ഒരുക്കത്തോടെ കാരുണ്യ തീർത്ഥാടന ദൈവാലയങ്ങളായ പേരാവൂർ, ഇരിട്ടി, എടൂർ, ചെമ്പേരി, തളിപ്പറമ്പ് എന്നീ ദൈവാലയങ്ങളിൽ കരുണയുടെ കവാടങ്ങൾ കടക്കുകയും ദണ്ഡവിമോചനം പ്രാപിക്കുകയും ചെയ്തു.

## അറിയിപ്പ് - അതിരൂപത കലോത്സവം

മോണോ ആക്ട് - I[st] A grade ആൻമേരി മാരിപുറത്ത്, ചന്ദനയ്ക്കാംപാറ

**ഷോർട്ട് ഫിലിം**

I[st] പ്രിയ - ഷിബിൻ പ്ലാക്കയിൽ & ടീം, നെല്ലിക്കാംപൊയിൽ
II[nd] ആമ്മേൻ - ജെറിൻ പുളിക്കച്ചുണ്ടയിൽ & ടീം, ആലക്കോട്
III[rd] പട്ടി - കമൽ കിഴക്കേൽ & ടീം, പേരാവൂർ

## അയർലണ്ടിലേക്ക് സൗജന്യ നേഴ്സിങ്ങ് ജോലി അവസരം

അയർലണ്ടിലെ 400-ൽപരം ഹോസ്പിറ്റലിലേക്കും നഴ്സിങ്ങ്ഹോമിലേക്കും സൗജന്യമായി നേഴ്സിങ്ങ് ജോലി അവസരം കെസിവൈഎം ഒരുക്കുന്നു. കുറഞ്ഞ് ഒരു വർഷമെങ്കിലും പ്രവർത്തിപരിചയമുള്ള IELTS പരീക്ഷയിൽ 7 മാർക്ക് നേടിയവർവർക്ക് അപേക്ഷിക്കാവുന്നതാണ്. പാവപ്പെട്ടവർക്കും ഒപ്പം IELTS പാസായി ജോലിക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇതൊരു സുവർണ്ണാവസരമാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക 9744314371. വികാരിയച്ചന്മാർ ഈ കാര്യം പള്ളിയിൽ അറിയിച്ച് യോഗ്യതയുള്ളവർക്ക് അവസരം ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*"ദൈവം ഒരിക്കലും തന്നെക്കാൾ ചെറുതായ ഒന്നു നൽകുന്നില്ല"* (വി. ആഗസ്തീനോസ്).

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. MGC - 2016

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| DECEMBER | 13 - 15 | 01 - 03 | 06 - 08 |

## MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JANUARY | 3 - 5 | 17 - 19 | 24 - 26 |
| FEBRUARY | 7 - 9 | 21 - 23 | Nil |
| MARCH | 7 - 9 | 21 - 23 | Nil |
| APRIL | 4 - 6 | 18 - 20, 25 - 27 | Nil |
| MAY | 2 - 4 | 16 - 18, 23 - 25 | Nil |
| JUNE | Nil | 13 - 15 | 27 - 29 |
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

1. 2016 മാർച്ച് മാസം മുതൽ കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.
2. കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 400 രൂപ മുൻകൂർ അടച്ച് (മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. ബുക്ക് ചെയ്തതിനു ശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്. ബാങ്ക് ട്രാൻസ്ഫറിലൂടെയും ബുക്ക് ചെയ്യാം.

Account No : Director, Family Apostolate
South Indian Bank, Thalassery
A/c No : 0078053000073775
IFSC - SIBL 0000078

For details please contact : Ph: 0490 2343414, Mob:9400206974

**3. വിവാഹ ഒരുക്ക സെമിനാർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 774,775,776 എന്നീ എം.ജി.സി. കോഴ്‌സുകൾ തലശ്ശേരി, പേരാവൂർ, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് ഒക്ടോബർ 25-27, നവംബർ 1-3, 9-11 എന്നീ തീയ്യതികളിൽ നടത്തപ്പെട്ടു. ഈ മൂന്നു കോഴ്‌സുകളിലായി 171 ആൺകുട്ടികളും 209 പെൺകുട്ടികളും കോഴ്‌സിൽ സംബന്ധിച്ചു.

**4. എം.ജി.സി പേരന്റ്സ് മീറ്റ്**

774,775,776 എം ജി സി കോഴ്‌സുകളിൽ സംബന്ധിച്ച് വിവാഹത്തിനൊരുങ്ങിയ കുട്ടികളുടെ മാതാപിതാക്കൾക്കായി ഒക്ടോബർ 29, നവംബർ 3,11 എന്നീ തീയതികളിൽ തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ദേവാലയം എന്നീ സെന്ററുകളിൽ വച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.അബ്രാഹം പുതുശ്ശേരി ക്ലാസ്സെടുത്തു. 600 ലേറെ പേർ ക്ലാസ്സിൽ സംബന്ധിച്ചു.

## 2. മാതൃവേദി

**1. ജൂബിലേറിയൻമാരെ ആദരിച്ചു**

വായാട്ടുപറമ്പ് മേഖലയിലെ മാതൃവേദി യൂണിറ്റുകളിൽ ഈ വർഷം വിവാഹത്തിന്റെ രജതജൂബിലിയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന അമ്മമാരെ ആദരിച്ചു. കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽവച്ച് നടത്തിയ സമ്മേളനത്തിൽ ഫാ. തോമസ് പുളിക്കൽ ഒ.സി.ഡി. മുഖ്യാതിഥിയായിരുന്നു.

**2. ബോധവൽക്കരണ ക്ലാസ്സ്**

വായാട്ടുപറമ്പ് മേഖലയിലെ എല്ലാ അമ്മമാർക്കുമായി ഭക്ഷണത്തിലൂടെ രോഗം എങ്ങനെ പ്രതിരോധിക്കാം എന്ന വിഷയത്തെക്കുറിച്ച് സി. ഇന്നസെന്റ് എം.എസ്.എം.ഐ. ക്ലാസ് എടുത്തു. ഫാ. മാത്യു പാലമറ്റം അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് പുളിക്കൽ ഒ.സി.ഡി. ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജിയോ പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. മേഖലാ പ്രസിഡണ്ട് ശ്രീമതി ലീലാമ്മ പുത്തൻപുര, സെക്രട്ടറി ശ്രീമതി തങ്കമ്മ കാഞ്ഞിരവിള എന്നിവർ പ്രസംഗിച്ചു. മേഖലാടിസ്ഥാനത്തിൽ

നടത്തിയ മത്സരങ്ങളിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. വിവിധ ഇടവകകളിൽ നിന്നായി നൂറിലധികം അമ്മമാർ പങ്കെടുത്തു.

**3. സീറോ മലബാർ മാതൃവേദി ഗ്ലോബൽ ജനറൽ ബോഡി - ആലുവ**

സീറോ മലബാർ മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗ് ആലുവ സി.എം.സി. ജനറലേറ്റിൽവച്ച് നവംബർ 3-ാം തീയതി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെട്ടു. അതിരൂപതയിൽനിന്നും ഗ്ലോബൽ വൈസ് പ്രസിഡണ്ട് ശ്രീമതി സിസിലി പുഷ്പക്കുന്നേൽ, അതിരൂപതാ പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമൂഴി, ശ്രീമതി ലില്ലി കുളത്തുംപാട്ട് എന്നിവർ പ്രസ്തുത മീറ്റിംഗിൽ സംബന്ധിച്ചു.

**4. അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ്**

അതിരൂപതാ മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗ് ഡിസംബർ 10-ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. പ്രസ്തുത മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികളും 16 മേഖലകളിൽ നിന്നുള്ള ആനിമേറ്റേഴ്സും മേഖലാ ഭാരവാഹികളും യൂണിറ്റിൽനിന്നു ഒരു പ്രതിനിധിയും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും കാരണത്താൽ പങ്കുചേരാൻ സാധിക്കാത്തവർ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്. Ph: 0490-2343414, 9400206974

**5. അർദ്ധവാർഷിക റിപ്പോർട്ട്**

മാതൃവേദിയുടെ 2015 വർഷത്തെ ജൂൺ മുതൽ നവംബർ വരെയുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ ഡിസംബർ 31ന് മുൻപായി ഓഫീസിൽ എത്തിക്കേണ്ടതാണ്. ഡിസം. 31 ന് ശേഷം എത്തുന്ന റിപ്പോർട്ടുകൾ ഏറ്റവും നല്ല മേഖലാ-യൂണിറ്റ് സമ്മാനങ്ങൾക്ക് പരിഗണിക്കപ്പെടുന്നതല്ല.

**6.** 2017 വർഷത്തിൽ മാതൃവേദി നടപ്പിലാക്കണം എന്ന് മേഖലകളും യൂണിറ്റുകളും ആഗ്രഹിക്കുന്ന കാര്യങ്ങൾ ഡിസം. 31 ന് മുമ്പ് രൂപത ഓഫീസിൽ അറിയിക്കുമല്ലോ.

**7. ഹരിതം 2016**

വിഷരഹിത പച്ചക്കറികളുടെ ഉല്പാദനത്തിന് പ്രോത്സാഹനം നൽകുന്ന 'ഹരിതം 2016 ' പച്ചക്കറിതോട്ട മത്സരം ഒക്ടോബർ മാസം മുതൽ ആരംഭിച്ചു കഴിഞ്ഞു. ജനുവരി വരെ കൃഷി ചെയ്യുന്ന പച്ചക്കറി തോട്ടങ്ങളിൽ നിന്ന് അതാത് യൂണിറ്റ് ഭാരവാഹികൾ ഡിസംബർ 25 ന് മുമ്പ് യൂണിറ്റുകളിൽ നിന്ന് നന്നായി കൃഷി ചെയ്യുന്ന 2 തോട്ടങ്ങൾ വീതം കണ്ടെത്തി മേഖലയിൽ അറിയിക്കാൻ താല്പര്യപ്പെടുന്നു. ഏറ്റവും നല്ല രണ്ട് മേഖലകൾക്കും, രണ്ട് യൂണിറ്റുകൾക്കും രൂപതാതലത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.

### 3. ഹോംമിഷൻ

**ഒറ്റത്തൈ** : തലശ്ശേരി അതിരൂപതയിലെ ഒറ്റത്തൈ സെന്റ് ആന്റണീസ് ഇടവകയിൽ 2016 സെപ്റ്റംബർ 19 മുതൽ 29 വരെ ഹോളി ഫാമിലി, സി. എം.സി. സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തി. ഇടവകാംഗങ്ങൾ സജീവമായി സഹകരിക്കുകയും ആത്മീയ ഉണർവ്വിലേക്ക് കടന്നുവരികയും ചെയ്തു. അനേക വർഷങ്ങളായി അനുരഞ്ജന കൂദാശയിൽനിന്നും അകന്നു നിന്ന വരും പരസ്പരം ശത്രുതയിലായിരുന്നവരും അനുരഞ്ജന കൂദാശയ്ക്കണ യുകയും രമ്യതയിലേക്ക് കടന്നുവരികയും ചെയ്തു. ഇടവക സമഗ്രമായ നവീകരണ അനുഭവത്തലേക്ക് കടന്നുവരാൻ ഹോംമിഷൻ സഹായകമായി. ഒറ്റത്തൈ ഇടവകയിലെ മാതാപിതാക്കൾക്ക് അതിരൂപതാ ഫാമിലി അപ്പൊ സ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരിയും മറ്റു ക്ലാസ്സുകൾ സിസ്റ്റേഴ്സും നയിച്ചു. ഇടവകയെ ഒരുക്കുകയും എല്ലാ സഹായസഹകര ണങ്ങളും നല്കുകയും ചെയ്ത ബഹു. വികാരി ജോസഫ് കീച്ചങ്കേരി അച്ചനും സിസ്റ്റേഴ്സിനും സഹകരിച്ച ഇടവകാംഗങ്ങൾക്കും ഹോംമിഷൻ നടത്തിയ സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭി നന്ദനങ്ങൾ.

**ബദിയടുക്ക** : തലശ്ശേരി അതിരൂപതയിലെ ബദിയടുക്ക സെന്റ് മേരീസ് ഇടവകയിൽ ഒക്ടോബർ 31 മുതൽ നവംബർ 12 വരെ ഹോളി ഫാമിലി സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തി. 242 ഭവനങ്ങളും 975 ഇടവകാംഗങ്ങളു മുള്ള ഇടവകയിൽ 4 ടീമുകളായി 12 ദിവസം കൊണ്ടാണ് ഹോംമിഷൻ പൂർത്തിയാക്കിയത്. ഇടവകാംഗങ്ങൾ തുറവിയോടും ആഗ്രഹത്തോടെയും കൂടെ ഹോംമിഷൻ പരിപാടികളോട് സഹകരിച്ചു. പരസ്പരസ്നേഹത്തി ലേക്ക് കടന്നുവരാനും ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെടുവാനും ഇത് സഹായകമായി. മാതാപിതാക്കൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കും സിസ്റ്റേഴ്സ് വിഭാഗം തിരിച്ച് ക്ലാസുകൾ എടുത്തു. എല്ലാ കാര്യങ്ങളും ക്രമ പ്പെടുത്തുകയും ഇടവകയെ ഒരുക്കുകയും ചെയ്ത വികാരി ജോസഫ് ഈനാ ച്ചേരിയച്ചനും ഇടവകയിലെ സിസ്റ്റേഴ്സിനും സഹകരിച്ച ഇടവകാംഗ ങ്ങൾക്കും അഭിനന്ദനങ്ങൾ നേരുന്നു. ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേ ഴ്സിന് പ്രാർത്ഥനകൾ നേരുന്നു.

**കോഴിച്ചാൽ** : ദിവ്യകാരുണ്യ ആരാധനാസന്യാസിനി സമൂഹത്തിന്റെ നേതൃ ത്വത്തിൽ കോഴിച്ചാൽ ഇടവകയിൽവച്ച് നവംബർ 7 മുതൽ 12 വരെ നടത്ത പ്പെട്ട ഹോംമിഷൻ വളരെ അധികം ദൈവാനുഗ്രഹപ്രദമായിരുന്നു. 22 സിസ്റ്റേഴ്സ് 350 കുടുംബങ്ങൾ സന്ദർശിക്കുകയും വേദനിച്ചും ദുഃഖിച്ചും കഴിയുന്നവരുടെ രോദനങ്ങൾ ശ്രവിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥി ക്കുകയും ചെയ്തു. കാരുണ്യത്തിന്റെ കുടുംബവർഷത്തിൽ നടത്തപ്പെട്ട ഈ ഹോംമിഷൻ കുടുംബങ്ങളെ വിശ്വാസജീവിതത്തിൽ ആഴപ്പെടുത്തുന്നതിനും

വിശ്വാസ ജീവിതത്തിൽനിന്ന് അകന്ന് നിൽക്കുന്നവരെ കൂട്ടിയോജിപ്പിക്കു ന്നതിനും സഹായകമായി. ഇതിനു നേതൃത്വം നൽകിയ ഇടവക വികാരി ഫാ. ആന്റണി പുന്നൂരിനും അച്ചനോടൊപ്പം സഹകരിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും കൈക്കാരന്മാർക്കും പാരീഷ് കൗൺസിൽ അംഗങ്ങൾക്കും ഇടവകാസമൂഹത്തിനും അഭിനന്ദനങ്ങൾ.

## 4. കാരുണ്യ സംഗമം - സന്ദേശഭവൻ

ദൈവകരുണയുടെ കുടുംബവർഷത്തോടനുബന്ധിച്ച് തലശ്ശേരി അതി രൂപതയിൽ പ്രവർത്തിക്കുന്ന കാരുണ്യപ്രവർത്തകരുടെ കൂട്ടായ്മ ഒക്ടോ ബർ 29 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് നട ന്നു. കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ കാരുണ്യസന്ദേശ യാത്രയ്ക്ക് സ്വീകരണവും, അതിരൂപതയിലെ വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ തുടങ്ങി വിവിധങ്ങളായ ശുശ്രൂഷ ചെയ്യുന്ന കാരുണ്യപ്രവർത്തകരെ ആദ രിക്കുകയും ചെയ്യുന്ന ചടങ്ങ് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറള ക്കാട്ട് ഉദ്ഘാടനം ചെയ്തു. മോൺ. അബ്രാഹം പോണാട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ കാരുണ്യ സന്ദേശ യാത്രാ കമ്മിറ്റി അംഗങ്ങളായ ശ്രീ. സാബു ജോസ്, ശ്രീ. സെല സ്റ്റിൻ ജോൺ, ശ്രീ. ജോസഫ് ഒ.വി., ശ്രീ. റെക്സി വാരാപ്പുഴ, സി. മേരി ജോർജ് എഫ്.സി.സി, ശ്രീമതി ഷൈനി തോമസ് എന്നിവർ സംബന്ധിച്ചു. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരി സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവ് അൻപ തോളം കാരുണ്യ സ്ഥാപനങ്ങളിൽനിന്നും വന്ന കാരുണ്യ ശുശ്രൂഷകരെ മൊമെന്റോ നൽകി ആദരിക്കുകയും കാരുണ്യസന്ദേശ യാത്രാകമ്മിറ്റി അംഗ ങ്ങളെ പൊന്നാട അണിയിച്ച് അനുമോദിക്കുകയും ചെയ്തു. കാരുണ്യ പ്രവർത്തകരുടെ പ്രതിനിധികൾ തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പങ്കു വച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയാ റോസ് സി.എച്ച്. എഫ്. നന്ദി പറഞ്ഞു. 4 മണിയോടെ പ്രോഗ്രാം അവസാനിച്ചു.

## 5. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ് സൈറ്റ്

ഫാമിലി അപ്പൊസ്റ്റൊലേറ്റ് പുതിയ വെബ് സൈറ്റ് നിർമ്മിക്കുന്നതിന്റെ പണിപ്പുരയിലാണ്. ഇനി മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും സേവനങ്ങളും വെബ് സൈറ്റിൽ ലഭ്യമാകും. പ്രത്യേകിച്ച് എം.ജി.സി വെബ് സൈറ്റ് വഴി രജിസ്റ്റർ ചെയ്യാൻ സാധ്യമാകും. ഏകദേശം 2 മാസത്തിനുള്ളിൽ ഈ സേവനം ലഭ്യമാകുന്ന താണ്.

## 6. നന്ദി

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കഴിഞ്ഞ ഏപ്രിൽ മുതൽ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## റിട്ടയർ ചെയ്തവരുടെ സമ്മേളനം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 12-11-2016 ശനിയാഴ്ച റിട്ടയർ ചെയ്ത അധ്യാപക അനധ്യാപക രുടെ സമ്മേളനം സംഘടിപ്പിച്ചു. ചെമ്പേരി വിമൽ ജ്യോതി ഓഡിറ്റോറിയ ത്തിൽ നടന്ന സമ്മേളനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാ ടനം ചെയ്തു. മോൺ. മാത്യു എം. ചാലിൽ അധ്യക്ഷനായിരുന്നു. മുൻ കോർപ്പറേറ്റ് മാനേജർ ഫാ. ജോർജ് വടക്കൻമൂലയിൽ, ഫാ. തോമസ് മേൽവെട്ടം, ശ്രീ. ഒ. മാത്യു, ശ്രീ. സെബാസ്റ്റ്യൻ പുത്തൻപുര, ഫാ. ജയിംസ് ചെല്ലങ്കോട്ട് എന്നിവർ സമ്മേളനത്തിൽ പ്രസംഗിച്ചു. റിട്ടയർ ചെയ്തവർക്ക് മെമന്റോയും നൽകി ആദരിച്ചു. വർഷങ്ങളോളം നമ്മുടെ വിദ്യാലയത്തിൽ സേവനം ചെയ്ത് റിട്ടയർ ചെയ്തവരുടെ കൂട്ടായ്മ ഹൃദ്യമായിരുന്നു. പ്രതി നിധികൾ ആയി ഏതാനും പേർ അനുഭവങ്ങൾ പങ്കുവെച്ചു.

## നിയമന അംഗീകാരങ്ങൾ

2011 - 2012 അധ്യയനവർഷം മുതൽ നിയമിതരായ സ്ഥിരനിയമനവും താൽക്കാലിക നിയമനവും ലഭിച്ചവർക്ക് നിയമനാംഗീകാരം ലഭിച്ചിരുന്നില്ല. നിവേദനങ്ങളുടെയും സമരങ്ങളുടെയും ഒടുവിൽ എല്ലാ നിയമനങ്ങളും

➔ ---------------------------

6 മാസം റീജന്റ് ബ്രദറായി സേവനമനുഷ്ഠിച്ച് പടന്നക്കാട് റീജണൽ പാസ്റ്റ റൽ സെന്ററിലേക്ക് സ്ഥലം മാറിപ്പോയ ബ്ര. സെബിൻ മറ്റപ്പള്ളിയ്ക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ നന്ദിയും പുതിയ പ്രവർത്തന മേഖലയ്ക്കാവശ്യമായ പ്രാർത്ഥനാശംസകളും നേരുന്നു.

## 7. സ്വാഗതം

ഫാമിലി അപ്പൊസ്റ്റൊലേറ്റിലേക്ക് പുതിയ റീജന്റ് ബ്രദറായി നവം ബർ മാസത്തിൽ സ്ഥാനം ഏറ്റെടുത്ത ബ്രദർ എഡ്വിൻ കോയിപ്പുറത്തിന് ഹൃദ്യമായ സ്വാഗതം ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങൾ ഒന്നു ചേർന്ന് നേരുന്നു.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

അംഗീകരിക്കാനുള്ള ഉത്തരവ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇറങ്ങിയെങ്കിലും വ്യത്യസ്ത വ്യാഖ്യാനങ്ങൾ കാരണം ചില വിദ്യാഭ്യാസ ഓഫീസുകളിൽ അംഗീകാരം ലഭിക്കുകയും മറ്റു ചിലയിടങ്ങളിൽ അംഗീകാരം നിഷേധിക്കുകയും ചെയ്തു.

നിയമന അംഗീകാരം അനിശ്ചിതമായി തുടരുന്നതു കൊണ്ട് വീണ്ടും നിവേദനങ്ങളുമായി വിദ്യാഭ്യാസ മന്ത്രി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ സമീപിച്ചിരുന്നു. ഈ പരിശ്രമങ്ങൾക്കെല്ലാം ഒടുവിൽ 2011–2012 മുതൽ കഴിഞ്ഞ വർഷ അവസാനം വരെ നിയമതിരായ അധ്യാപക അനധ്യാപകരുടെ നിയമം അംഗീകരിക്കാനുള്ള വ്യക്തമായ ഉത്തരവ് ഇറങ്ങിയെന്നത് ആശ്വാസകരമാണ്. എന്നാൽ സ്പെഷ്യലിസ്റ്റ് അധ്യാപകർ 2016 – 2017 വർഷം നിയമിതരായവർ എന്നിവരുടെ നിയമനാംഗീകാരത്തെ കുറിച്ച് വ്യക്തതകൾ ഒന്നും ഇല്ല.

## കലാകായിക മത്സരങ്ങൾ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി കലാകായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു. കലാകായിക ആദ്യഘട്ടത്തിൽ റീജിയണൽ തലത്തിൽ മത്സരങ്ങൾ നടത്തിയ ശേഷമാണ് ഫൈനൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. മത്സരങ്ങൾ വിവിധ സ്കൂളുകളിൽ വെച്ചാണ് നടത്തുന്നത്. മത്സരങ്ങൾ നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്ന അധ്യാപകർ മത്സരവേദികൾ ഉള്ള വിദ്യാലയങ്ങളിലെ എച്ച്. എം. മാരുടെയും അച്ചന്മാരുടെയും അനുവാദത്തോടെ മത്സരങ്ങൾ ഭംഗിയായി നടത്താനുള്ള ക്രമീകരണങ്ങൾ നടത്തണം.

## അഭിനന്ദനങ്ങൾ

- സംസ്ഥാന മാസ്റ്റേഴ്സ് അക്വാറ്റിക് മത്സരത്തിൽ 2 സ്വർണ്ണവും 3 വെള്ളിയും തോമാപുരം സെന്റ് തോമസ് ഹൈസ്കൂൾ അധ്യാപകനായ ശ്രീ. സജി ജെയിംസ് കണ്ണന്താനം നേടിയിരിക്കുന്നു.
- ജില്ല ഐ.ടി. ഫെസ്റ്റിൽ കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിന് 2-ാം സ്ഥാനം ലഭിച്ചു. ലെന അന്ന സാബു, അരുണിമ ജോൺസ് എന്നിവർക്ക് സംസ്ഥാനതല മത്സരത്തിന് സെലക്ഷൻ ലഭിച്ചു.
- സബ്ജില്ല കലോത്സവത്തിൽ ഐ.ടി. മേളയിൽ ഒന്നാം സ്ഥാനം ലഭിച്ചു.
- ഇരിട്ടി ഉപജില്ല കായികമേളയിൽ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനം നേടി.
- കാസർഗോഡ് ഉപജില്ല കായികമേളയിൽ മേരിപുരം സെന്റ് മേരീസ് എൽ. പി. സ്കൂളിലെ സാന്ദ്ര ടി.എസ്. വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടി.

## സ്കൂൾ വാർഷിക ആഘോഷങ്ങൾ

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ വാർഷികാഘോഷങ്ങൾ ഭംഗിയായി നടത്തണം. വാർഷിക ആഘോഷങ്ങൾ നടത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1) കുട്ടികളുടെ പങ്കാളിത്തത്തിനും പ്രോഗ്രാമുകൾക്കും മുൻഗണന നൽകണം.
2) വാർഷിക ആഘോഷങ്ങൾ കുറേപേരുടെ പ്രഭാഷണവേദിയായി മാറ്ററുത്. പ്രഭാഷണങ്ങൾ പരിമിതപ്പെടുത്തണം. എല്ലാവരെയും ക്ഷണിക്കണം. പക്ഷേ എല്ലാവരും പ്രസംഗിക്കേണ്ടതില്ലല്ലോ.
3) ഒരു വർഷത്തെ വിദ്യാലയപ്രവർത്തനങ്ങളുടെ വിലയിരുത്തലും അതു പൊതുസമൂഹത്തെ അറിയിക്കാനുമുള്ള വേദിയായി വാർഷികാഘോഷത്തെ മാറ്റണം.
4) വാർഷിക റിപ്പോർട്ടുകളിൽ സ്കൂൾ പ്രവർത്തനങ്ങൾ സമഗ്രമായി രേഖപ്പെടുത്തണം. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വമുള്ള അധ്യാപകർ റിപ്പോർട്ട് തയ്യാറാക്കി അതെല്ലാംകൂടി സമാഹരിച്ചതാകണം വാർഷിക റിപ്പോർട്ട്.
5) റിപ്പോർട്ട് വാർഷിക ആഘോഷദിനത്തിൽ വായിക്കുന്ന രീതി ഉപേക്ഷിക്കണം. ഡി.ടി. പി. ചെയ്ത് വാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും ലഭിക്കത്തക്കരീതിയിൽ വിതരണം ചെയ്യണം.
6) വാർഷിക ആഘോഷത്തിന് 10 ദിവസം മുൻപേ റിപ്പോർട്ട് കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യണം.
7) സ്കൂൾ വാർഷികാഘോഷ നടത്തിപ്പിനെ കുറിച്ച് ബഹു. ലോക്കൽ മാനേജരച്ചനുമായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കണം.

## സ്റ്റഡി ടൂർ

സ്റ്റഡി ടൂറുകൾ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണം. ഞായറാഴ്ച കുർബാനയും മതബോധന ക്ലാസ്സുകളും വിദ്യാർത്ഥികൾക്ക് നഷ്ടമാകാത്ത രീതിയിൽ സ്റ്റഡി ടൂർ ദിനങ്ങൾ ക്രമീകരിക്കണം. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

ചെമ്പേരി വിമൽജ്യോതിയിൽനിന്നും ക്രിസ്തുമസ് നവവത്സരാശംസകൾ!

## വിമൽജ്യോതിയിൽ വീണ്ടും റാങ്കിന്റെ തിളക്കം

2012-16 ബാച്ചിലെ ബിനി വിശ്വനാഥ്, ഫർസാന റ്റി. കെ., റ്റിജോ തോമസ് എന്നിവർ ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ ബ്രാഞ്ചിൽ യഥാക്രമം I,II,III റാങ്കുകൾ നേടി. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ റാങ്കു ജേതാക്കളായ മൂന്നു വിദ്യാത്ഥികൾക്കും വിമൽ ജ്യോതിയുടെ അഭി നന്ദനങ്ങളും ആശംസകളും.


**ബിനി വിശ്വനാഥ്**


**ഫർസാന റ്റി.കെ.**


**റ്റിജോ തോമസ്**

## ടെക്നിക്കൽ പ്രസന്റേഷൻ മത്സരം 'VOICE 2016'

വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ, പ്രസന്റേഷൻ സ്കിൽ, പബ്ലിക് സ്പീക്കിംഗ് സ്കിൽ ഇവ വളർത്തുന്നതിനായി മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് ഒരു ടെക്നിക്കൽ പ്രസന്റേഷൻ മത്സരം ഒക്ടോബർ, നവംബർ മാസങ്ങളിലായി നടത്തി. നൂതന സാങ്കേതിക വിദ്യയിലെ പുതിയ കണ്ടെത്തലുകൾ എന്നതായിരുന്നു വിഷയം. ഗോപിക ജയറാം, ശ്രീമോൾ ബാലകൃഷ്ണൻ, അജയ് ടി. ജോർജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് കാഷ് അവാർഡും സർട്ടി ഫിക്കറ്റുംകളും നൽകി.

## ധാരണാ പത്രം ഒപ്പുവച്ചു

100% പ്ലേസ്മെന്റിന് മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രോലിഫിക് സിസ്റ്റം & ടെക്നോളജീസ് എന്ന പ്ലേസ്മെന്റ് & ട്രെയിനിംഗ് കമ്പനിയുമായി ഇലക്ട്രോണിക് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റ് ധാരണാപത്രം (M.O.U) ഒപ്പു വച്ചു. പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ 100% പ്ലേസ്മെന്റ് ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം. ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികൾ ആരംഭിച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 'PGDIA' സർട്ടിഫിക്കറ്റും പ്ലേസ്മെന്റും ഉറപ്പുവരു ത്തുന്നു.

## വിമൽ ജ്യോതിയിലെ സംരംഭക ടീമുകൾക്ക് സാമ്പത്തിക സഹായം

കേന്ദ്ര സർക്കാറിന്റെ സാങ്കേതിക സംരംഭക സംവിധാനത്തിന്റെ ആഭിമുഖ്യത്തിൽ വിമൽജ്യോതിയിലെ യുവ എൻജിനിയർമാർ മികച്ച പ്രകടനം കാഴ്ചവച്ചു. യുവ സംരംഭകർക്ക് അവരുടെ സാങ്കേതിക പരിജ്ഞാനം വ്യാവസായിക ഉൽപന്നമാക്കി മാറ്റുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ മത്സര വിജയികൾക്കു നൽകുന്നു. ഒരു ടീമിന് 8 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്നു. വിമൽജ്യോതിയുടെ മൂന്നു ടീമുകൾ യോഗ്യത നേടിയിട്ടുണ്ട്. യുവ സംരംഭകർക്ക് അഭിനന്ദനങ്ങൾ.

## പ്ലേസ്മെന്റ് വാർത്തകൾ

പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ ബ്രാഞ്ചുകളിലെ കുട്ടികൾക്ക് പ്രത്യേക ട്രെയിനിംഗ് പ്രോഗ്രാമുകൾ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം ടെക്നോ പാർക്കിൽ വച്ചു നടത്തപ്പെട്ട പ്ലേസ്മെന്റ് പരിശീലന പരിപാടിയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ടീമിനെ പങ്കെടുപ്പിച്ചു. കിർലോസ്കർ കമ്പനിയുടെ ഭാഗമായ S.L.K സോഫ്റ്റ് വെയർ കമ്പനിയിൽ നമ്മുടെ കുട്ടികൾക്ക് പ്ലേസ്മെന്റ് ലഭിച്ചു.

## യുവജന ധ്യാനം

'IGNITE-2016' എന്ന പേരിൽ വിമൽ ജ്യോതിയിലെ മൂന്നും നാലും വർഷക്കാരായ വിദ്യാർത്ഥികൾക്ക് ധ്യാനം നടത്തി. പേരാവൂർ ഒ.സി.ഡി ആശ്രമത്തിലെ ബഹു. തോമസ് അച്ചനും മാത്യു അച്ചനും ധ്യാനത്തിനു നേതൃത്വം നൽകി.

## അധ്യാപക സംഗമം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്ഥാപന സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കോർപ്പറേറ്റ് സ്കൂളുകളിൽനിന്നും വിരമിച്ച അധ്യാപക അനധ്യാപകരുടെ ഒരു സംഗമം വിമൽജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ 12-11-2016ന് നടന്നു. അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു. വിമൽ ജ്യോതിയുടെ സ്ഥാപക ചെയർമാനും ദീർഘകാലം കോർപ്പറേറ്റ് മാനേജരുമായിരുന്ന മോൺ. മാത്യു എം ചാലിൽ അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജർ ജെയിംസ് ചെല്ലങ്കോട്ടച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. നിർമ്മലഗിരി കോളേജ് മുൻ പ്രിൻസിപ്പാളും മുൻ കോർപ്പറേറ്റ് മാനേജരുമായ ബഹു. ജോൺ വടക്കുംമുല, വിമൽജ്യോതി സ്ഥാപനങ്ങളുടെ ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടത്ത് എന്നിവർ പങ്കെടുത്തു.

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്

നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികനാകാൻ താത്പര്യമുള്ള കുട്ടികൾക്കായി ക്രിസ്മസ് അവധിക്കാലത്ത് ദ്വിദിന ക്യാമ്പ് നടത്തുന്നു. തലശ്ശേരി മൈനർ സെമിനാരിയെ പരിചയപ്പെടുക ദൈവവിളിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഡിസംബർ 26-ാം തീയതി തിങ്കളാഴ്ച 10 മണിക്ക് ആരംഭിച്ച് 27-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഈ വർഷം STD - X, +2, Degree കഴിഞ്ഞവരെയാണ് ക്യാമ്പിലേക്ക് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട വൈദികർ ഈ ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞുവിടണമെന്ന് അഭ്യാർത്ഥിക്കുന്നു. ക്യാമ്പിന് പ്രത്യേക ഫീസ് ഉണ്ടായിരിക്കുകയില്ല. ഡിസംബർ 24-ാം തീയതിക്ക് മുമ്പായി കുട്ടികളുടെ എണ്ണം അറിയിക്കണമെന്നപേക്ഷിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ
ഫോൺ: 8547128523

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ
ഫോൺ: 9447547632

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസേർച്ച്

എം.ബി.എ കോളേജ് മാനേജ്മെന്റ് ഫെസ്റ്റ് 'കർമ്മാന്ദ 2016' നവംബർ 29,30 തീയതികളിൽ ദക്ഷിണേന്ത്യയിലെ വിവിധ കോളേജുകളിലെ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിമൽജ്യോതി എം.ബി.എ. കോളേജിൽ നടത്തുന്നു. വിവിധ കോളേജുകളിൽ നിന്നായി ആയിരത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. ഫെസ്റ്റിനോടനുബന്ധിച്ച് വിവിധ മത്സരങ്ങളും സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും അരങ്ങേറുന്നു. മാനേജ്മെന്റ് ഡെവലപ്പ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ജോ.എ. സ്കറിയ ഫെസ്റ്റിന്റെ ലോഗോ പ്രകാശനം ചെയ്തു.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## 1. അനുസ്മരണ പ്രഭാഷണം

ദീർഘകാലം കൂത്തുപറമ്പ് നിർമ്മലഗിരി കോളെജ് മലയാളം വകുപ്പിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും സവിശേഷ വ്യക്തിത്വം, സർഗ്ഗാത്മകത എന്നിവകൊണ്ട് ഉത്തരകേരളത്തിന്റെ കലാ-സാംസ്കാരിക മണ്ഡലങ്ങളിലും മലയാളസാഹിത്യത്തിലും മായാത്ത വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത ഡോ. ടി.പി. സുകുമാരൻ മാഷിന്റെ അനുസ്മരണാർത്ഥം കോളെജിൽ സ്റ്റാഫ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രഭാഷണം നടത്തി. കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറി ഡോ. എ.കെ. നമ്പ്യാർ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. എൻ. ജെ. സെലീന അദ്ധ്യക്ഷത വഹിച്ചു.

## 2. വിമൻസെൽ

കോളെജ് വിമൻസെല്ലിന്റെ ആഭിമുഖ്യത്തിൽ 'സ്ത്രീസുരക്ഷ-കാമ്പസ് പശ്ചാത്തലത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി. കേരളശാസ്ത്രസാഹിത്യപരിഷിത്ത് ജില്ലാ കമ്മിറ്റി അംഗം അഡ്വ. സുമ തങ്കച്ചനാണ് മുഖ്യപ്രഭാഷണം നടത്തിയത്. ചടങ്ങിൽ നിർമ്മലഗിരി കോളെജിന്റെ ചരിത്രത്തിലെ ആദ്യ വനിത പ്രിൻസിപ്പൽ ആയ ഡോ. എൻ. ജെ. സെലീനയെ ആദരിച്ചു. റിട്ട. പ്രൊഫ. വൽസല കുര്യാക്കോസ്, ഡോ. ടെസ്സി ജോർജ്, ഡോ. ടി.ജെ. ഷാജിമോൻ, ജിസ്ന ഡെന്നി എന്നിവർ സംസാരിച്ചു.

## 3. ഓസോൺ ദിനാഘോഷം

സുവോളജി ഡിപ്പാർട്ടുമെന്റ് ഓസോൺ ദിനാഘോഷത്തിന്റെ ഭാഗമായി ഇന്റർ കോളെജിയേറ്റ് ക്വിസ് മത്സരം സംഘടിപ്പിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ കോളെജുകളെ പ്രതിനിധീകരിച്ചു രണ്ടു വിദ്യാർത്ഥികൾവീതം മത്സരത്തിൽ പങ്കുചേർന്നു. മാനന്തവാടി മേരിമാതാ കോളെജിനു ഒന്നാം സ്ഥാനം ലഭിച്ചു. ഇതിനോട് അനുബന്ധിച്ചു നടത്തിയ പ്രബന്ധ രചനാമത്സരത്തിൽ പഴശ്ശിരാജ എൻ.എസ്.എസ്. കോളെജിലെ അതുല്യ ഷാജി ഒന്നാം സ്ഥാനം നേടി. വിജയികളെ കോളെജ് വൈസ് പ്രിൻസിപ്പൽ, ഫാ. ജോബി ജേക്കബ് അനുമോദിച്ചു. ഡോ. സാലി ജോർജ്, ശ്രീ. റോഷിൻ ജോസഫ്, ജിംലി സി. ജേക്കബ്, ശ്രീ. വിനീഷ് സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്നു.

## 4. World Heart Day

ഹോം സയൻസ് ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ കോളെജിൽ World Heart Day ആഘോഷിച്ചു. സി. ജെസ്സി വർഗ്ഗീസ്, സി. സെലിൻ മാത്യു എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## 5. Book Review

കോളെജ് ലൈബ്രറി കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന 'A book a month' എന്ന പ്രോഗ്രാമിന്റെ ഭാഗമായി പി.ആർ. നാഥന്റെ 'ധന്യമീ ജീവിതം' എന്ന പുസ്തകം റിവ്യൂ ചെയ്തു. ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിലെ സി. മെർലിനാണ് ബുക്ക് റിവ്യൂ നടത്തിയത്.

## 6. നാഷണൽ സർവ്വീസ് സ്കീം

കണ്ണൂർ യൂണിവേഴ്സിറ്റി നാഷണൽ സർവ്വീസ് സ്കീമും കോളെജ് നാഷണൽ സർവ്വീസ് സ്കീമും പൊതുജനപങ്കാളിത്തത്തോടെ സാമൂഹ്യ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ ഫാ. ഡേവീസ് ചിറമ്മലിന്റെ നേതൃത്വത്തിൽ മാനവകാരുണ്യ പദയാത്ര സംഘടിപ്പിച്ചു. ഫാ. മാർട്ടിൻ ജോസഫ്, സി. സുജമോൾ ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## 7. രക്തദാനക്യാമ്പ്

കോളെജ് എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ രക്തദാനക്യാമ്പ് സംഘടിപ്പിച്ചു.

## 8. Illustrous Aluminous

കെമിസ്ട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Illustrous Aluminous എന്ന പ്രോഗ്രാമിന്റെ തുടക്കമായി. പ്രഗത്ഭരായ പൂർവ്വവിദ്യാർത്ഥികളുടെ അറിവുകളും അനുഭവങ്ങളും പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്ന ഈ പ്രോഗ്രാം പൂർവ്വവിദ്യാർത്ഥിയും മലയാളമനോരമ സബ് എഡിറ്ററുമായ ശ്രീ. ആൽവിൻ ജോർജ് ഉദ്ഘാടനം ചെയ്തു. ഡോ. ഷൈല ജോർജ്, ഡോ. റോസി ആന്റണി, റിട്ട. പ്രൊഫ. അഗസ്റ്റിൻ വി.എ., റിട്ട. പ്രൊഫ. വൽസല കുര്യാക്കോസ്, റിട്ട. പ്രൊഫ. തങ്കമ്മ മാത്യു, റിട്ട. പ്രൊഫ. ശ്രീ. എം.എം. മാണി, ഡോ. മഞ്ജുഷ മാത്യു എന്നിവർ ആശംസകൾ നേർന്നു.

**PRO നിർമ്മലഗിരി കോളെജ്**

# കരിസ്മാറ്റിക് നവീകരണരംഗം

## കണ്ണൂർ സോൺ

**കരിസ്മാറ്റിക് സുവർണ്ണ ജൂബിലി കുടുംബസംഗമം-2016 ഡിസംബർ 12 ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംങ്ങ് കോളെജിൽ**

കരിസ്മാറ്റിക് നവീകരണം സഭയിൽ ആരംഭിച്ചിട്ട് 50വർഷം തികയുകയാണ്. 1967-ൽ അമേരിക്കയിൽ പിറ്റസ് ബർഗ്ഗിലുള്ള ഡുക്കെയിൻ യൂണിവേഴ്സിറ്റിയിൽ യുവജന പ്രാർത്ഥന കൂട്ടായ്മയിൽ ആരംഭംകുറിച്ചു.

കരിസ്മാറ്റിക് നവീകരണത്തിന്റെ 50 വർഷം പിന്നിട്ടതിനു കാരുണ്യവാനായ ദൈവത്തിന് നന്ദിപറയുന്നതിന്റെ ആഘോഷങ്ങൾ സഭയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

കണ്ണൂർ സോൺ കത്തോലിക്കാ കരിസ്മാറ്റിക് മുന്നേറ്റം 2016 ഡിസംബർ 12ന് തിങ്കളാഴ്ച രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണിവരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളെജിൽവച്ച് മെത്രാപ്പോലീത്ത,മെത്രാന്മാർ, വൈദികർ, സന്ന്യസ്തർ, അൽമായർ, ജീസസ്സ് യൂത്ത്, ക്രസ്റ്റീൻ കുട്ടികൾ തുടങ്ങി 2000-ലധികം പേർ ഒന്നിച്ച് ചേരുന്ന കരിസ്മാറ്റിക് സുവർണ്ണ ജൂബിലി കുടുംബസംഗമം നടത്തുന്നു.

ജപമാല, ആരാധന അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ കൃതജ്ഞതാബലിയർപ്പണം വചനപ്രഘോഷണം-സ്നേഹവിരുന്ന്, വീഡിയോ പ്രദർശനം, ജൂബിലി മധുരം പങ്കുവയ്ക്കൽ എന്നിവയോടെ ജൂബിലി കുടുംബസംഗമം സമാപിക്കുന്നു.

ഈ ആധുനിക കാലഘട്ടത്തിൽ നവീകരണ മുന്നേറ്റത്തിന് ഏറെ പ്രസക്തിയുണ്ട് സഭയുടെ കുടുംബത്തിന്റെ യുവജനങ്ങളുടെ കുട്ടികളുടെ മുന്നോട്ടുള്ള ചുവടുവെയ്പ്പ് സുഗമമാകണമെങ്കിൽ ആത്മീയതയ്ക്ക് വില കല്പിച്ച് ഇവയുടെ കണ്ണിചേർക്കപ്പെടേണ്ടതാണ് എന്ന അവബോധം നമ്മിൽ അങ്കുരിക്കണം - അതിനായി നവീകരണ മുന്നേറ്റത്തിലേയ്ക്കും സംഗമത്തിലേയ്ക്കും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

### മേരിഗിരി - സബ്സോൺ - ഏകദിനകൺവെൻഷൻ

മേരിഗിരി സബ് സോണിന്റെ നേതൃത്വത്തിൽ കരിസ്മാറ്റിക് ജൂബിലി ആഘോഷങ്ങളുടെ മുന്നോടിയായി പെരുമ്പടവ് സെന്റ് ജോസഫ് ദേവാലയത്തിൽവച്ച് ഏകദിന ബൈബിൾ കൺവെൻഷൻ നടത്തപ്പെട്ടു.

കരിസ്മാറ്റിക്ക് മലബാർ റീജിയൻ കൺവീനർ ജോസ് ഓരത്തേൽ വചനപ്രഘോഷണം നടത്തി. റവ. ഫാ. ജോസഫ് മുണ്ടന്താനം റവ. ഫാ.

തോമസ് അരീക്കാട്ട് സബ് സോൺ കോ-ഓഡിനേറ്റർ സിറിയക്ക് മനയാനി, ചാർളി തുണ്ടത്തിൽ, ജോസ് ചിറശ്ശേരിയിൽ, ആനിച്ചൻ കുളങ്ങരമുറിയിൽ എന്നിവർ കൺവൻഷന് നേതൃത്വം നല്കി.

## ചെമ്പംന്തൊട്ടി സബ്സോൺ - കരുണയുടെ കുടുംബവർഷാചരണസമാപനം ഏകദിന കൺവെൻഷൻ

ചെമ്പന്തൊട്ടി സബ് സോൺ കരിസ്മാറ്റിക് നവീകരണത്തിന്റെ നേതൃത്വത്തിൽ നടന്ന കരുണയുടെ കുടുംബവർഷാചരണ ഏകദിന കൺവെൻഷൻ ചെമ്പന്തൊട്ടി സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽവച്ച് നടത്തപ്പെട്ടു. രാവിലെ 9.30ന് ഫൊറോനാ വികാരി റവ. ഫാ. എമ്മാനുവേൽ പൂവ്വത്തിങ്കൽ ബൈബിൾ പ്രതിഷ്ഠ നടത്തി. ജപമാല, വചനപ്രഘോഷണം, സ്നേഹവിരുന്ന്, ആരാധന, വി. ബലി ഉണ്ടായിരുന്നു.

പാത്തൻപാറ സെന്റ് സെബാസ്റ്റ്യൻ ദേവാലയ വികാരി റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ചെമ്പന്താട്ടി സബ് സോൺ ആനിമേറ്റർ സെന്റ് ആന്റണീസ് ചർച്ച് വെണ്ണക്കല്ല് വികാരി റവ. ഫാ. അബ്രാഹം വടക്കേമുറി സി.എം.ഐ. എന്നിവർ വചനപ്രഘോഷണത്തിന് നേതൃത്വം നല്കി.

സബ് സോൺ കോ-ഓഡിനേറ്റർ ജോയി ഞള്ളിമാക്കൽ, മാത്യു പുല്ലാട്ട്, ഷാജുമോൻ കാക്കനാട്ട് എന്നിവർ ഏകദിന കൺവെൻഷന് നേതൃത്വം നല്കി.

## വായാട്ടുപറമ്പ് - സബ്സോൺ ദമ്പതിസംഗമം

വായാട്ട്പറമ്പ്-സബ്-സോണിന്റെ നേതൃത്വത്തിൽ ദമ്പതിസംഗമം കരുണപുരം സെന്റ്ജൂഡ് ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു.

സഭയുടെ ഇടവകയുടെ അടിസ്ഥാനശിലയായ കുടുംബത്തെ വിശ്വാസത്തിൽ-ദൈവസ്നേഹത്തിൽ ഫലംചൂടി നിൽക്കുന്നു. കുടുംബമായി രൂപപ്പെടുത്താൻ എല്ലാ ദമ്പതികളെയും ഒരുക്കുന്നതിനുവേണ്ടി ദമ്പതി സംഗമം ഒരുക്കിയത്.

ദമ്പതിസംഗമത്തിന് ഫാമിലി അപ്പസ്തോലേറ്റ് തലശ്ശേരി അതിരൂപത ഡയറക്ടർ, റവ. ഫാ. അബ്രാഹം പുതുശ്ശേരി, വായാട്ടുപറമ്പ് സബ്-സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്ത്പാറ എന്നിവർ സെമിനാരി ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

വായാട്ടുപറമ്പ് ഫൊറോന വികാരി റവ. ഫാ. ജോർജ് അരീക്കുന്നേൽ ദമ്പതി സംഗമം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജിയോ പുളിക്കൽ, സോൺ കോ-ഓഡിനേറ്റർ ജോജോ മഞ്ഞളാംകുന്നേൽ ഡെന്നീസ് കാക്കയാനി, സജി കാക്കനാട്ട് എന്നിവർ ആശംസകളർപ്പിച്ചു.

## മലബാർ - സബ് റീജിയൺ മീറ്റിംഗ്

കത്തോലിക്ക കരിസ്മാറ്റിക് മലബാർ റീജിയൻ മീറ്റിംഗ് തളിപ്പറമ്പ് സെന്റ്മേരീസ് ഫൊറോന ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു.

കരിസ്മാറ്റിക് ജൂബിലി ആഘോഷവും വൈദിക സന്ന്യസ്തസംഗമവും വിജയപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ നല്കപ്പെട്ടു. കണ്ണൂർ, തലശ്ശേരി, കാസർഗോഡ് എന്നീ സോണുകളുടെ കോ-ഓർഡിനേറ്റേഴ്സ്, സെക്രട്ടറി, ട്രഷറർമാർ എന്നിവർ പങ്കെടുത്തു.

K.C.C.R.S.T വൈസ്ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ സബ് റീജിയൻ ഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ചപ്പിള്ളി, കൺവിനർ ജോസ് ഓരത്തേൽ, സെക്രട്ടറി ബിജു മണ്ണനാൽ, ട്രഷറർ ഷിബു ചെമ്മരപ്പള്ളി എന്നിവർ നേതൃത്വം നല്കി.

## കരിസ്മാറ്റിക് ബൈബിൾ കൺവെൻഷൻ

ചെമ്പേരി ഫൊറോനയുടെയും കണ്ണൂർ കത്തോലിക്കാ കരിസ്മാറ്റിക് സോണിന്റെയും നേതൃത്വത്തിൽ ജനുവരി 25 മുതൽ 29 വരെ ചെമ്പേരി മദർ തെരേസ നഗറിൽവച്ച് പതിനായിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കെ. സി.ബി.സി. കരിസ്മാറ്റിക് ചെയർമാൻമാർ റാഫേൽ തട്ടിൽ പിതാവും ബ്രദർ സന്തോഷ് കരുമാത്രയും ടീമും ചേർന്ന് കരിസ്മാറ്റിക് ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനാട്ട്**
കോ-ഓർഡിനേറ്റർ, കണ്ണൂർ
**9447641618**

**ഫാ. തോമസ് കൂട്ടിയാനി**
ആനിമേറ്റർ, കണ്ണൂർ സോൺ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

പ്രിയ സഹോദരാ, സഹോദരീ,

*"..... പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും' (ലൂക്കാ 2:12).*

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ ഹൃദയവിശാലതയും ആർദ്രതയും ഒത്തുചേർന്ന് ദൈവപിതാവിന്റെ കാരുണ്യം അനുഭവിച്ച് ദൈവ സ്നേഹത്തിൽ വളർന്ന് സഹോദരരോട് കരുണ കാണിക്കുവാൻ നാം പ്രാപ്തരായിരിക്കുകയാണല്ലോ. ദൈവകരുണയുടെ വിശുദ്ധ വാതിലിലൂടെ പ്രവേശിച്ച് നിർദ്ദിഷ്ട പ്രാർത്ഥനകൾ നടത്തി പൂർണ്ണദണ്ഡവിമോചനം പ്രാപിച്ചും തുടർന്നും കാരുണ്യപ്രവർത്തികളിലൂടെ നമ്മുടെ ഹൃദയകവാടം കരുണയുടെ വാതിലുകളായി രൂപാന്തരപ്പെടുമ്പോഴാണ് നാം യഥാർത്ഥ വിൻസെൻഷ്യൻ പ്രവർത്തകരായിത്തീരുക. കാരുണ്യവർഷാചരണത്തോട് ചേർന്ന് ദൈവപിതാവിന്റെ കാരുണ്യമായ ഈശോയുടെ തിരുപ്പിറവിയുടെ സ്മരണ പുതുക്കുവാൻ നാം തയ്യാറെടുക്കുകയാണല്ലോ... പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (ലൂക്കാ. 2:12) എന്നാണ് ദൈവദൂതന്മാർ നമ്മെ അറിയിക്കുന്നത്. പുൽക്കൂട് - പുൽതൊട്ടി - പറുദീസായുടെ പുനരാവിഷ്കരണമാണ്. പാപംമൂലം നഷ്ടമായ ദൈവ-മനുഷ്യ -പ്രാപഞ്ചിക സ്നേഹവും ഐക്യവും പുനഃസ്ഥാപിക്കപ്പെടുന്നതിന്റെ പ്രതീകമാണ് പുൽകൂട്. ഈയിടത്തിലാണ് ദൈവപിതാവിന്റെ കാരുണ്യം ദർശിക്കുന്നത്. ദൈവദർശനത്തിനു വേണ്ടി വിണ്ണിലേക്ക് കണ്ണ് നട്ടിരിക്കുന്നതിനു പകരം പുൽകൂടിന്റെ ഇടുങ്ങിയ വാതിലിലൂടെ തലകുനിച്ച് പ്രവേശിച്ച്, മണ്ണിലേക്ക് കണ്ണയച്ച് ഈ പ്രപഞ്ചത്തിലെ സഹജീവികൾക്കിടയിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു. അതിന് തലപ്പാവുകൾ അഴിച്ച് അഹങ്കാരം മാറ്റി എളിമയുള്ളവരാകാം.

കാരുണ്യവർഷത്തിന്റെ ഉദ്ബോധനങ്ങൾ ഉൾകൊണ്ട്, കാരുണ്യപ്രവർത്തികൾ ഏറ്റെടുത്തുകൊണ്ട് ഈശോയുടെ എളിമയും ശാന്തതയും കാരുണ്യവും ഉള്ളവരാകാം. ദിവ്യകാരുണ്യമായ ഈശോയുടെ പിറവിതിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**വെള്ളരിക്കുണ്ട് സോണൽ സെമിനാർ**

സെന്റ് വിൻസെന്റ്ഡി പോൾ സൊസൈറ്റിയുടെ ഈ വർഷത്തെ സോണൽ ആദ്ധ്യാത്മിക സെമിനാർ 12-11-2016 ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ വെള്ളരിക്കുണ്ട് ചെറുപുഷ്പ ഫൊറോന ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. പനത്തടി, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, എന്നീ ഏരിയ കൗൺസിലുകളിൽ നിന്ന് 75 അംഗങ്ങൾ പങ്കെടുത്തു. കരുണയുടെ വാതിലിലൂടെ പ്രവേശിച്ച് ജപമാലയും പ്രാർത്ഥനയും നടത്തി. പുഞ്ച സെന്റ് തോമസ് ദൈവാലയ വികാരി ഫാ. ലൂക്കോസ് മറ്റപ്പള്ളി ദിവ്യബലി അർപ്പിച്ചു. എല്ലാ അംഗങ്ങളും കുമ്പസാരിച്ച് വി. കുർബാന സ്വീകരിച്ചു.

തുടർന്ന് 11.30ന് പ്രാർത്ഥനയോടെ ആരംഭിച്ച സെമിനാർ സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അധ്യക്ഷത വഹിച്ചു. വെള്ളരിക്കുണ്ട് എസി പ്രസിഡന്റ് ബ്ര. ജോസഫ് പറയിടത്തിൽ സ്വാഗതം ആശംസിച്ചു. വെള്ളരിക്കുണ്ട് ഫൊറോന അസി. വികാരി ബഹു. അലക്സ് നിരപ്പേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് 12 മണി മുതൽ 1.30 വരെ പുഞ്ച സെന്റ് തോമസ് ദൈവാലയത്തിലെ വികാരി ഫാ. ലൂക്കോസ് മറ്റപ്പള്ളി അംഗങ്ങൾക്ക് ക്ലാസ്സെടുത്തു. വിൻസെന്റ് ഡിപോൾ അംഗങ്ങളുടെ പ്രവർത്തനം ബലിപീഠത്തിൽ നിന്നാണ് ആരംഭിക്കേണ്ടത്. വിശുദ്ധികൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ലെന്നും വിശുദ്ധിഉള്ളവർക്കുമാത്രമേ ഈ സംഘടനയിൽ കൂടുതൽ തീക്ഷ്ണമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ എന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. കാഞ്ഞങ്ങാട് എസി പ്രസിഡന്റ് ബ്ര. തോമസ് കൊല്ലേലി പ്രസംഗിച്ചു. വെള്ളരിക്കുണ്ട് എസി സെക്രട്ടറി ബ്ര. പീലിപ്പോസ് ഊത്തപ്പാറക്കൽ എല്ലാ അംഗങ്ങൾക്കും നന്ദിയും ആശംസിച്ചു. ഉച്ച ഭക്ഷണത്തോടെ യോഗം അവസാനിച്ചു.

സ്നേഹപൂർവ്വം,

തലശ്ശേരി
01.12.2016

**ബ്രദർ ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# സെന്റ് ജോസഫ് ഹോസ്പിറ്റൽ, കരുവഞ്ചാൽ

## ഡയാലിസിസ് സെന്റർ

കാരുണ്യവർഷത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതയുടെ ജീവ കാരുണ്യപ്രവർത്തനങ്ങളിൽ സുപ്രധാന പങ്കുവഹിക്കുന്ന സ്ഥാപനമായ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ പുതുതായി **ഡയാലിസിസ് സെന്റർ** ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യം ഏറെ സന്തോഷത്തോടും അഭിമാനത്തോടുംകൂടെ അറിയിക്കുന്നു. പാവപ്പെട്ട രോഗികൾക്ക് കൂടുതൽ കാരുണ്യപ്രവർത്തികൾ ചെയ്തുകൊടുക്കുവാൻ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ എന്നും പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ഭാഗമായി നമ്മുടെ കുടിയേറ്റ മേഖലയിൽ ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്ന നമ്മുടെ പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ ചിലവിൽ ഡയാലിസിസ് ചെയ്തുകൊടുക്കുവാനുള്ള സൗകര്യം ഒരുക്കുകയാണ്. ഡിസംബർ മാസത്തോടെതന്നെ ഇതിന്റെ നിർമ്മാണപ്രവർത്തങ്ങൾ പൂർത്തിയാക്കി ഉദ്ഘാടനത്തോടെ പ്രവർത്തനം സജ്ജമാക്കുകയും ചെയ്യുന്നതാണെന്ന് സന്തോഷത്തോടെ അറിയിക്കുന്നു.

ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനയും പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിക്കുന്നു. ഉദ്ഘാടനതീയതിയും സമയവും ഉടനെ അറിയിക്കുന്നതാണ്.

**വെബ്സൈറ്റ്:** തലശ്ശേരി അതിരൂപതയുടെ ആതുരശുശ്രൂഷാമേഖലയിലെ അഭിമാനമായ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ പുരോഗതിയുടെ പാതയിൽ !!! നമ്മുടെ ഹോസ്പിറ്റലിനെ സംബന്ധിച്ചുള്ള ആനുകാലിക വിവരങ്ങളുടെ പൂർണ്ണരൂപം അതാതു സമയങ്ങളിൽ നല്കുവാൻ ഒരു വെബ്സൈറ്റ് പുതുതായി തുടങ്ങിയ വിവരം ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. **web site : www.stjosephhospitals.org**

**ഈ ആശുപത്രിയിൽ നിലവിലുള്ള വിഭാഗങ്ങൾ/ സൗകര്യങ്ങൾ**

- General Medicine • Drthopaedics • Dental • Dynac
- Physiotherapy • Paediatrics • Ent • Ophthalmology
- Podiatry (പ്രമേഹ-പാദ-വ്രണ-പരിചരണം - വിഭാഗം)
- Councelling and Psychotherapy • Pharmacy
- Tely Medicine Cardiac Unit (നാരായണ ഹൃദയാലയ - ബാംഗ്ലൂർ)
- Laboratory (24 hour) • Casuality (24 hour) • ICU, OT, LR etc .....

**ഫാ. തോമസ് വടക്കേമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

കാർഷിക മേഖല വീണ്ടും തകർച്ചയിലേക്ക് നീങ്ങുകയാണ്. കർഷകന്റെ ഉൽപ്പന്നങ്ങൾക്ക് വിലത്തകർച്ച തുടരുകയാണ്. ഈ വർഷം ഒരു രൂപ പോലും റബർ കർഷകർക്ക് സബ്സീഡിയായി ലഭിച്ചിട്ടില്ല. നാളികേര കർഷകരെ സഹായിക്കാൻ താങ്ങുവില വർദ്ധിപ്പിച്ച സർക്കാർ ഇന്നുവരെ സംഭരണം ആരംഭിച്ചില്ല. സംഭരിച്ച ഇനത്തിൽ 84 കോടി കർഷകനു ലഭിക്കാനുണ്ട്. അതിനും പരിഹാരമില്ല. ഇതിനും പുറമെയാണ് കേന്ദ്രസർക്കാറിന്റെ സാമ്പത്തീക അടിയന്തരാവസ്ഥയായ നോട്ട് പിൻവലിക്കൽ നടപടി. ഇതിൽ ഏറ്റവും ദുരന്തമനുഭവിക്കുന്നത് കാർഷീക മേഖലയാണ്. കാരണം ഉല്പാദനം, സംസ്കരണം, വിപണനം, ഉപഭോഗം എന്നീ മേഖലകളിൽ കടുത്ത പ്രതിസന്ധിയേയാണ് നേരിടുന്നത്. ഈ പ്രതിസന്ധി വർങ്ങളോളം നിലനിൽക്കുമെന്നാണ് കരുതപ്പെടുന്നത്. ഇതുമൂലം കർഷകന്റെ സ്ഥിതി എന്തായിത്തിരും എന്നത് പ്രവചനാതീതമാണ്. മോദി സർക്കാർ വന്നതു മുതൽ കർഷക വിരുദ്ധ നിലപാടുകളാണ് സ്വീകരിച്ചു വരുന്നത്. റബർ സബ്സീഡിക്കായി ഒരു രൂപ പോലും മാറ്റി വയ്ക്കാൻ തയ്യാറാകാത്തവർ രാജ്യത്തെ സാമ്പത്തീക കുറ്റവാളികളായി പ്രഖ്യാപിച്ച വിജയ മല്ല്യയടക്കം വൻകിട കോർപ്പറേറ്റുകളുടെ 7000 കോടി എഴുതിത്തള്ളാൻ യാതൊരു മടിയുമുണ്ടായില്ല. കർഷക അവഗണനയ്ക്ക് ഇതിൽപരം എന്ത് തെളിവാണാവശ്യം.

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് കർഷകർ ചിന്തിക്കേണ്ടതുണ്ട്. വർഷങ്ങളായി രാഷ്ട്രീയക്കാരന്റെ വാലറ്റമായി യാഥാർത്ഥ്യങ്ങൾക്കെതിരെ കണ്ണടച്ച് വർഗബോധം നഷ്ടപ്പെട്ടതിന്റെ ദുരന്തഫലമാണ് കർഷകർ ഇന്ന് അനുഭവിക്കുന്നത്. ഇനിയെങ്കിലും രാഷ്ട്രീയത്തിന്റേയും ജാതിമത ചിന്താഗതികൾക്കതീതമായും കർഷകർ തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടാൻ തയ്യാറാകുകയും ഇതിനായി സമൂഹത്തിലെ സാമുദായിക, സാംസ്കാരിക നേതാക്കൾ നേതൃത്വം നൽകുവാൻ തയ്യാറാവുകയും ചെയ്തെങ്കിൽ മാത്രമേ ഈ പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാവുകയുള്ളു.

**ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ ബോഡി**

22-10-2016ന് ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റി ശ്രീകണ്ഠാപുരം പാരീഷ് ഹാളിൽ ചേരുകയുണ്ടായി. ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ച യോഗം ഇൻഫാം അതിരൂപത ഡയറക്ടർ ഫാ. ജോസഫ്

കാവനാടി ഉത്ഘാടനം നിർവഹിച്ചു. ശ്രീ. ടോമി എടാട്ട്, ശ്രീ. ലാലിച്ചൻ കുഴിയാത്ത് എന്നിവർ പ്രസംഗിച്ചു.

## തീരുമാനങ്ങൾ

മലയോരമേഖലയിൽ വന്യമൃഗശല്യംമൂലം കൃഷിയോഗ്യമല്ലാത്ത പ്രദേശങ്ങളിൽ എണ്ണപ്പന കൃഷിയെക്കുറിച്ച് പഠിക്കാനും താൽപര്യമുള്ള കർഷകരുടെ സെമിനാറുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ജൈവ അടുക്കള ത്തോട്ടം പ്രോത്സാഹിപ്പിക്കുവാനും സ്കൂളുകളിലും സ്ഥാപനങ്ങളിലും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് അവാർഡ് നൽകുവാനും തീരുമാനിച്ചു.

## വ്യാപാര സ്ഥാപനം ഉത്ഘാടനം ചെയ്തു

ഇൻഫാം മാർക്കറ്റിംങ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേർത്തല്ലി വ്യാപാര സ്ഥാപനങ്ങളുടെ ബ്രാഞ്ച് പെരുമ്പടവിൽ ആരംഭിച്ചു. 15-11-2016ന് "കർഷകന്റെ കട" ഫാ. ജോസഫ് കാവനാടി ഉത്ഘാടനം നിർവഹിച്ചു. ട്രസ്റ്റ് പ്രസിഡന്റ് തോമസ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം ജില്ലാ പ്രസി ഡന്റ് സ്ക്കറിയ നെല്ലംകുഴി മുഖ്യപ്രഭാഷണം നടത്തി ഷെയർ സർട്ടിഫി ക്കറ്റുകൾ വിതരണം ചെയ്തു. ജില്ല വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി ജീരകത്തിൽ പ്രവർത്തന ഫണ്ട് ഏറ്റുവാങ്ങി. ഫാ. ജോസഫ് മുണ്ടന്താനത്ത്, സന്തോഷ്, സജീവൻ, കുഞ്ഞിക്കണ്ണൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാപ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ


**ദിവ്യനക്ഷത്രം**

**ക്രിസ്മസ് പ്രസംഗങ്ങൾ**

ഗ്രന്ഥകർത്താവ് : ഫാ. ആൻഡ്രൂസ് തെക്കേകണ്ടം

വില : 50/-

മൊബൈൽ : 9447641441

# എ.കെ.സി.സി.

**ഉണർവ് 2016**

കത്തോലിക്കാ കോൺഗ്രസ് കേന്ദ്രകമ്മിറ്റി ഏർപ്പെടുത്തിയ സാമൂഹ്യസേവനത്തിനുള്ള അവാർഡിന് കത്തോലിക്കാകോൺഗ്രസ് തോമാപുരം ഫൊറോനാ പ്രസിഡന്റും തോമാപുരം ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനുമായ ശ്രീ. റോബിൻ അരീപറമ്പിൽ അർഹനായി. വിദ്യാഭ്യാസ സ്കോളർഷിന് അഖില റോസ് സാബു (വെളിമാനം), അലീന പി.എ. പാറയിൽ (ശാന്തിനഗർ) എന്നിവർ അർഹരായി.

നവംബർ 23ന് ചേർന്ന തലശ്ശേരി അതിരൂപത സെക്രട്ടറിയേറ്റ് യോഗത്തിൽ അവാർഡ് ജേതാവ് റോബിൻ അരീപറമ്പലിനെ ആദരിച്ചു. അവാർഡ് അതിരൂപത ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് നൽകി. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷത വഹിച്ചു. അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ, സുരേഷ് ജോർജ് കാഞ്ഞിരത്തുങ്കൽ, ഡേവീസ് ആലങ്ങാടൻ, ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാംപുറം ജോസഫ് പുള്ളോലിക്കൽ, പീയൂസ് പറേടം തുടങ്ങിയവർ പ്രസംഗിച്ചു. പരസ്പര സഹായനിധിയുടെ അടുത്ത ജനറൽ ബോഡിയോഗം ഡിസംബർ 9 വെള്ളിയാഴ്ച 12 മണിക്കു സന്ദേശഭവനിൽ ചേരുന്നതാണ്. ഇരിട്ടി, ശ്രീകണ്ഠാപുരം ആലക്കോട്, തോമാപുരം എന്നിവടങ്ങളിൽ റീജിയണൽ സമ്മേളനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## ലഹരി വിരുദ്ധ ബോധവത്കരണം - എടൂർ, നെല്ലിക്കാംപൊയിൽ

ലഹരി ഉപയോഗത്തിനെതിരെ ജനമനഃസാക്ഷി ഉണർത്തുന്നതിന് നവംബർ 25ന് എൽ. ഡി. എഫ് സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ചുകൊണ്ട് കെ. സി. ബി. സി മദ്യവിരുദ്ധ സമിതി കണ്ണൂർ കളക്ട്രേറ്റിലേക്കു നടത്തുന്ന പ്രതിഷേധ മാർച്ചിലും ധർണ്ണയിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി നവംബർ 13ന് എടൂരിലും നവംബർ 20ന് നെല്ലിക്കാംപൊയിലിലും ഞായറാഴ്ച രാവിലെ ഫാ. തോമസ് തൈത്തോട്ടം ദിവ്യബലി അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശവും സമരത്തിന്റെ പ്രാധാന്യവും ഊന്നിപ്പറഞ്ഞുകൊണ്ട് പ്രസംഗിച്ചു. ബഹു. ഫൊറോന വികാരിയച്ചന്മാരുടെ നിസ്വാർത്ഥമായ സഹകരണത്തിനും പ്രോത്സാഹനത്തിനും മദ്യവിരുദ്ധ സമിതി നന്ദി പ്രകാശിപ്പിക്കുന്നു.

## കണ്ണൂർ കളക്ട്രേറ്റ് മാർച്ചും കാഞ്ഞങ്ങാട് RDO ഓഫീസ് മാർച്ചും

കേരള ഹൈക്കോടതിയും സുപ്രീം കോടതിയും അംഗീകരിക്കുകയും കേരളീയ പൊതുസമൂഹം നെഞ്ചേറ്റുകയും ചെയ്ത യു.ഡി.എഫ്. സർക്കാരിന്റെ ഘട്ടം ഘട്ടമായുള്ള മദ്യനിരോധന നയം നിലവിലുള്ള എൽ.ഡി.എഫ്. സർക്കാർ മുഴുവനായി തള്ളിക്കളഞ്ഞിരിക്കുകയാണ്. 2014ലും 2015ലും ഗാന്ധിജയന്തി ദിനത്തിൽ കഴിഞ്ഞ ഗവൺമെന്റ് 10% വിദേശ മദ്യ ഔട്ട്ലെറ്റുകൾ പൂട്ടിയെങ്കിലും 2016 ഗാന്ധിജയന്തി ദിനത്തിൽ നിലവിലുള്ള സർക്കാർ പൂട്ടിയില്ലെന്നു മാത്രമല്ല, ഷാപ്പുകൾ പൂട്ടൽ നയം തന്നെ അപ്പാടെ ഉപേക്ഷിച്ചിരിക്കുകയാണ്. 730 ബാറുകൾ അടച്ചുപൂട്ടിയതുമൂലം ടൂറിസം മേഖല തകർന്നു തരിപ്പണമായി എന്ന കള്ളപ്രചരണം നടത്തി ബാറുടമകളെ സഹായിക്കുന്നതിനായി 150ൽ പരം 4 സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നീക്കങ്ങൾ സർക്കാർ നടത്തുന്നു.

യു.ഡി.എഫ് ഗവൺമെന്റ് മദ്യവിരുദ്ധ നടപടിമൂലം സംസ്ഥാനത്ത് 22.11% മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുകയും 19% കുറ്റകൃത്യങ്ങൾ കുറയ്ക്കുകയും ചെയ്തു എന്ന യാഥാർത്ഥ്യത്തെ എൽ.ഡി.എഫ് ഗവൺമെന്റ് അവഗണിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയാണ്.

സർക്കാരിന്റെ കള്ള പ്രചരണങ്ങൾക്കും ജനവഞ്ചനയ്ക്കും എതിരായിട്ടാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സംഘടനകളും സമരവുമായി രംഗത്ത് വന്നിരിക്കുന്നത്.

മലബാറിലെ തലശ്ശേരി, കണ്ണൂർ, കോട്ടയം രൂപതകളുടെ നേതൃത്വത്തിൽ നവംബർ 25ന് രാവിലെ 9.30 മണിക്ക് കണ്ണൂർ പ്ലാസ ജംഗ്ഷനിൽ നിന്നും കളക്ട്രേറ്റിലേക്ക് ആയിരം പേർ പങ്കെടുക്കുന്ന മാർച്ചും ധർണയും നടത്തുന്നു. ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, ബിഷപ്പ് ഡോ. അലക്സ് വടക്കുംതല തുടങ്ങിയവർ പങ്കെടുക്കും.

ഡിസംബർ 1ന് രാവിലെ 9.30ന് കാഞ്ഞങ്ങാട് ബസ് സ്റ്റാൻഡ് പരിസരത്ത്നിന്നും RDO ഓഫീസിലേക്കു നടത്തുന്ന കാസർഗോഡ് ജില്ലാ മാർച്ചിലും ധർണയിലും ആർച്ചുബിഷപ്പ് എമിരിറ്റസ് മാർ ജോർജ് വലിയമറ്റം, മോൺ. ക്ലാരൻസ്, ഫാ. കെന്നഡി പറമ്പേട്ട്, മോൺ. ജോർജ് എളൂക്കുന്നേൽ തുടങ്ങിയവർ പങ്കെടുക്കും. വൻജനപങ്കാളിത്തംകൊണ്ട് മാർച്ചും ധർണയും വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 39-ാമത് വാർഷികവും ബിഷപ്പ് വള്ളോപ്പിള്ളി അവാർഡ് സമർപ്പണവും

1978 ജനുവരി 1ന് താമരശ്ശേരിയിൽപ്പെട്ട കൂടരഞ്ഞിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട തലശ്ശേരി അതിരൂപതാ മദ്യവർജനപ്രസ്ഥാനം 39-ാം വാർഷികം 2017 ജനുവരി 1ന് ആഘോഷിക്കുന്നു. അന്നുതന്നെ അതിരൂപത കെ.സി. ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാനത്തെ ഏറ്റവും മികച്ച ലഹരി വിരുദ്ധ പ്രവർത്തനത്തെ ഏറ്റവും മികച്ച ലഹരി വിരുദ്ധ പ്രവർത്തകനുള്ള ബിഷപ്പ് വള്ളോപ്പിള്ളി അവാർഡും സമ്മാനിക്കുകയാണ്.

## തെരുവു നാടക മത്സരം

ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക്കുവേണ്ടിയുള്ള 16-മത് തെരുവു നാടകമത്സരം 2017 ജനുവരി 21ന് തളിപ്പറമ്പ് ബസ് സ്റ്റാൻഡിലുള്ള ടൗൺ സ്ക്വയറിൽവച്ച് നടത്തുന്നു.

## കെ.സി.ബി.സി എക്സിക്യൂട്ടീവ് കമ്മിറ്റി

അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി 2016 നവംബർ 16ന് സന്ദേശഭവനിൽ ഫാ. തോമസ് തൈത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

## തീരുമാനങ്ങൾ

സർക്കാരിന്റെ മദ്യനയത്തിൽ പ്രതിഷേധിച്ചുകൊണ്ട് നവംബർ 25ന് നടത്തുന്ന കളക്ട്രേറ്റ് മാർച്ചും ധർണ്ണയും വൻവിജയമാക്കുന്നതിന് മേഖലകളിലെ പള്ളികൾ സന്ദർശിക്കുന്നതിന് താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

എടൂർ, കുന്നോത്ത് - മാത്യു കണ്ടത്തിൽ, അബ്രാഹം പാരിക്കാപ്പള്ളി
- ദേവസ്യ കാരണത്തുപറമ്പിൽ

| | | |
|---|---|---|
| പേരാവൂർ | - | ജെയിംസ് എൻ പോൾ, ജയ്സൺ മർക്കോസ് |
| വായാട്ടുപറമ്പ | - | സണ്ണി പായിപ്പാട്ട് |
| ചെമ്പംതൊട്ടി | - | സൻജൻ പുന്നയ്ക്കൽ, സോയി മാസ്റ്റർ |
| ചെമ്പേരി | - | അപ്പച്ചൻ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ<br>ജോസ് ചിറ്റേട്ട്, ജോയി പെരുമ്പുഴ |
| പൈസക്കരി | - | വിൻസന്റ് മുണ്ടാട്ടുചുണ്ടയിൽ<br>ബേബി നെട്ടനാനി, ബെന്നി കള്ളികാട്ട് |

- ബിഷപ്പ് വള്ളോപ്പിള്ളി അവാർഡ് സമർപ്പണം, 39-ാമത് മദ്യവർജന വാർഷികം എന്നീ കാര്യങ്ങൾ ചർച്ച ചെയ്തു.
- തെരുവുനാടക മത്സരം ജനുവരി 21ന് തളിപ്പറമ്പ് ടൗൺ സ്ക്വയറിൽവച്ച് നടത്തുക.
- 2016ഡിസംബർ 9,10 തീയതികളിൽ ഭരണങ്ങാനത്തുവച്ചു നടത്തുന്ന മദ്യ വർജന സമിതി സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധികളെ അയയ്ക്കു വാൻ തീരുമാനിച്ചു.

## എഡിഎസ്‌യു സമ്മാന കൂപ്പൺ

എഡിഎസ്‌യു വിന്റെ ധനശേഖരണാർത്ഥം ഒരു സമ്മാന കൂപ്പൺ ആവിഷ്ക്കരിക്കുന്നു. 2016 നവംബർ അവസാനത്തോടെ വിതരണം ആരം ഭിക്കും. ഒന്നാം സമ്മാനം മോട്ടോർ സൈക്കിൾ രണ്ടാം സമ്മാനം ടിവി, മൂന്നാം സമ്മാനം ഫ്രിഡ്ജ്, നാലാം സമ്മാനം മൊബൈൽ ഫോൺ തുട ങ്ങിയ 51 വിലയേറിയ സമ്മാനങ്ങൾ. എല്ലാവരുടെയും ആത്മാർത്ഥമായ സഹ കരണം അപേക്ഷിക്കുന്നു.

എഡിഎസ്‌യു ബെസ്റ്റ് സ്കൂൾ HSS, HS, UPS, LPS എന്നീ വിഭാഗ ങ്ങളിൽ 2016 ജൂൺ മുതൽ 2017 ജനുവരി 30 വരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി ഏറ്റവും മികച്ച സ്കൂളുകൾ തിരഞ്ഞെടുക്കുകയും റോളിംഗ് ട്രോഫികൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

ബെസ്റ്റ് ADSU സ്കൂൾ തെരഞ്ഞെടുപ്പിന് ആധാരമാകുന്ന കാര്യങ്ങ ളുടെ ഫോം ഇ മെയിൽ ചെയ്യുന്നതാണ്. അത് കൃത്യമായി പൂരിപ്പിച്ച് കേന്ദ്ര ഓഫീസിലേക്ക് ഇ മെയിൽ ചെയ്യണം.

ക്രിസ്മസ് ആശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## ജനകീയ ബോധവൽക്കരണം

പാനൂരിൽവച്ച് നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണ സമ്മേളനത്തിൽ ഫാ. ജോൺ നൂറമ്മാക്കൽ ക്ലാസ്സെടുത്തു.

## ആദരാഞ്ജലികൾ

പ്രതീക്ഷയുടെ മുൻ സ്റ്റാഫ്അംഗമായിരുന്ന സി. ആൻസി എസ്. എച്ചിന്റെ ദേഹവിയോഗത്തിലും പ്രതീക്ഷാ മാനേജിങ്ങ് കമ്മിറ്റി അംഗമായ അപ്പച്ചൻ കാഞ്ഞിരക്കാട്ട്തൊട്ടിയിലിന്റെ പ്രിയ മാതാവിന്റെ നിര്യാണത്തിലും പ്രതീക്ഷാ സ്റ്റാഫ് അംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുകയും അനുശോചിക്കുകയും ചെയ്തു.

## ബോധവൽക്കരണ സെമിനാർ

മദ്യപരിൽ പുലരേണ്ട ആത്മീയ ചൈതന്യത്തെക്കുറിച്ച് ബ്രദർ നോബിൾ മാങ്ങോട് ക്ലാസ്സുകൾ എടുത്തു. ഫാ. ജോൺസൺ അന്ത്യാങ്കുളം അധ്യക്ഷത വഹിച്ചു. വിനോജ് വയലിൽ സ്വാഗതവും ഇ.വി. നാരായണൻ പെരുമ്പടവ് നന്ദിയും പറഞ്ഞു.

## മീറ്റ് എഗൻ 2016

പ്രതീക്ഷയുടെ നാളിതുവരെയുള്ള പൂർവ്വസ്റ്റാഫ് അംഗങ്ങളുടെ സമ്മേളനം – 'മീറ്റ് എഗൻ 2016' നവംബർ 6ന് പ്രതീക്ഷ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. രജിസ്ട്രേഷനുശേഷം 10 മണിക്ക് ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി. തുടർന്ന് നടത്തപ്പെട്ട സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. മാത്യു എം. കണ്ടത്തിൽ, സി. ടെസ്‌ലിൻ എസ്.എച്ച്, സി. എമിലി എസ്.എ.ബി.എസ്., സി. എൽസീന എസ്.എച്ച്., സി. ബെറ്റി സി.എം.സി., റ്റി.ഡി പത്രോസ് എന്നിവർ ആശംസ അർപ്പിക്കുകയും പൂർവ്വകാലാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് 2015–2016 വർഷത്തെ പ്രവർത്തനങ്ങളുടെ ഫോട്ടോഗ്യാലറിയുടെ പ്രകാശനം അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, മാത്യു എം. കണ്ടത്തിലിന് നല്കി നിർവ്വഹിച്ചു. പങ്കെടുത്ത എല്ലാ പൂർവ്വ സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേക ഉപഹാരങ്ങൾ അഭിവന്ദ്യപിതാവ് സമ്മാനിക്കുകയും ചെയ്തു. ഫാ. ജോൺസൻ അന്ത്യാങ്കുളം സ്വാഗതവും സി. സിസിലി എഫ്.സി.സി നന്ദിയും പറഞ്ഞു.

## എ.എ.സമ്മേളനം

പ്രതീക്ഷാകേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട പ്രതിമാസ ലഹരിവിമുക്തരുടെ കൂട്ടായ്മയ്ക്ക് ടി.സി. തോമസ്സാർ നേതൃത്വം നൽകി. മധു പൂമംഗലം (തളിപ്പറമ്പ്), ബാലകൃഷ്ണൻ (വളക്കൈ), നാരായണൻ (ശ്രീകണ്ഠാപുരം), സത്യൻ (മാഹി), കൃഷ്ണൻ (പുതിയതെരു) എന്നിവർ പ്രസംഗിച്ചു.

## പ്രതീക്ഷാ മാനേജിംഗ് കമ്മിറ്റി

നവംബർ 7ന് ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ പ്രതീക്ഷയുടെ 34-ാം വാർഷികാഘോഷത്തെക്കുറിച്ച് വിപുലമായ ചർച്ചകൾ നടന്നു. ചികിത്സക ഴിഞ്ഞ് 5 വർഷം മുതൽ നാളിതുവരെ മദ്യവിമുക്തമായി ജീവിതം നയിക്കു ന്നവരെ പ്രത്യേകം ആദരിക്കുന്നതിനും രണ്ട് വർഷത്തിനുള്ളിൽ പ്രതീക്ഷ യിൽ ചികിത്സക്ക് എത്തിയവരേയും എ.എ. മീറ്റിങ്ങിൽ പങ്കെടുക്കുന്നവ രേയും പ്രത്യേകം ക്ഷണിക്കണമെന്നും പ്രതീക്ഷയുടെ പരസ്യബോർഡു കൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും തീരുമാനമായി.

## നന്ദിയും സ്വാഗതവും

കഴിഞ്ഞ ആറുമാസമായി പ്രതീക്ഷയുടെ വാർഡനായി സമഗ്രമേഖ ലകളിലും നേതൃത്വം നൽകുകയും ജീവാത്മമായി പ്രവർത്തിക്കുകയും ചെയ്ത ബ്രദർ ഷിൻസ് കുടിലിന് പ്രതീക്ഷ സ്റ്റാഫ് അംഗങ്ങളുടെയും മാനേ ജിങ്ങ് കമ്മിറ്റിയുടെയും പേരിൽ പ്രത്യേകം നന്ദി അർപ്പിക്കുന്നു. പുതുതായി പ്രതീക്ഷയിലേക്ക് നിയമിതനായിരിക്കുന്ന ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേ ലിന് ഹൃദ്യമായ സ്വാഗതം.

## ഏകദിനസെമിനാർ

"Alcoholism a Tragedy" എന്ന വിഷയത്തെ അധികരിച്ച് നവംബർ 18ന് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തപ്പെട്ടു. നിലവി ലുള്ള ചികിത്സാർത്ഥികളും സ്റ്റാഫ് അംഗങ്ങളും സെമിനാറിൽ പങ്കാളിക ളായി. റ്റി.ഡി. പത്രോസ് ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. ഫാ. ജോൺസൺ അന്ത്യാങ്കുളം അധ്യക്ഷത വഹിച്ചു. ഫാ. ജോൺ നൂറ മ്മാക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേൽ, ഇ.വി. നാരായണൻ എന്നിവർ ആശംസകൾ അർപ്പിച്ചു. വിനോജ് വയലിൽ സ്വാഗതവും അനിറ്റ ബാബു നന്ദിയും പറഞ്ഞു.

## സെമിനാറുകൾ

നവംബർ 13ന് മണ്ഡപം ഇടവകയിലെ യുവജനങ്ങൾക്കുവേണ്ടി സി. ടെസ്‌ലിൻ എസ്.എച്ചും പ്രതീക്ഷാ ചികിത്സാർത്ഥികൾക്കുവേണ്ടി എക്സൈസ് ഉദ്യോഗസ്ഥൻ മോഹൻദാസ് (കണ്ണൂർ), ഗോപിനാഥൻ (തല ശ്ശേരി) എന്നിവരും ക്ലാസ്സുകൾ എടുത്തു.

പ്രതീക്ഷാ ചികിത്സാകേന്ദ്രവുമായി സഹകരിക്കുകയും വളർത്തു കയും ചെയ്യുന്ന എല്ലാ അഭ്യുദയകാംക്ഷികൾക്കും ക്രിസ്തുമസിന്റെയും ആഗതമാകുന്ന പുതുവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### നന്ദി

കഴിഞ്ഞ ആറ് മാസമായി TSSS ഓഫീസിൽ നിസ്തുലമായ സേവന മനുഷ്ഠിച്ചിരുന്ന ബ്രദർ ഓസ്റ്റിൻ ചക്കാംകുന്നേൽ അടുത്ത പ്രേഷിത മണ്ഡലമായ പ്രതീക്ഷ മദ്യപാന ചികിത്സാകേന്ദ്രത്തിലെ വാർഡനായി നിയമിതനായിരിക്കുന്നു. TSSS -ൽ റീജിയൻസി ബ്രദർ എന്ന നിലയിൽ നൽകിയ സ്തുത്യർഹമായ സേവനത്തിന് ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ കർമ്മമണ്ഡലത്തിൽ എല്ലാ വിജയങ്ങളും ഭാവുകങ്ങളും ആശംസിക്കുന്നു.

### സ്വാഗതം

അടുത്ത ആറ് മാസത്തെ ശുശ്രൂഷയ്ക്കായി TSSS-ലേക്ക് കടന്നു വന്നിരിക്കുന്ന ബ്രദർ അരുൺ മുണ്ടപ്ലാക്കലിന് TSSS കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. പുതിയ കർമ്മപഥത്തിൽ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

### 50-ാം വാർഷികാഘോഷവും ജനകീയസംഘ നേതൃസംഗമവും ബെസ്റ്റ് യൂണിറ്റ് അവാർഡ്ദാനവും

TSSS -ന്റെ 50-ാം വാർഷികാഘോഷവും ജനകീയസംഘ നേതൃസംഗമവും ബെസ്റ്റ് യൂണിറ്റ് അവാർഡ്ദാനവും കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽവച്ച് 2016 നവംബർ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ആരംഭിച്ചു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ TSSS ആലക്കോട് മേഖലാ ഡയറക്ടർ റവ. ഫാ. ആന്റണി ആനക്കല്ലിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ശാന്തമ്മ ഫിലിപ്പ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ബിന്ദു ബാലൻ, കണ്ണൂർ ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ. ജോയി കൊന്നക്കൽ, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. വി.എം. റഹീം, കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി ഫാ. മാത്യു പാലമറ്റം, നടുവിൽ ഗ്രാമപഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ-സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷൈനി അബ്രാഹം, തലശ്ശേരി TSSS ജനകീയസംഘം പ്രസിഡന്റ് ശ്രീ. ബേബി മുള്ളൂർ, കാസർഗോഡ് TSSS ജനകീയസംഘം പ്രസിഡന്റ് ശ്രീ. സി.സി. വർഗ്ഗീസ് ചെമ്പിത്തറ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ജേക്കബ് & ജോർജ് കൺസൾട്ടൻസി യിലെ സീനിയർ ഓഫീസർ ശ്രീ. റെജി പനന്താനം അക്കൗണ്ടിംഗ് & ഓഡിറ്റിംഗിനെക്കുറിച്ച് ക്ലാസ് നടത്തി. ബെസ്റ്റ് ക്രെഡിറ്റ് യൂണിയനുള്ള 1,2,3 സ്ഥാനങ്ങൾ

യഥാക്രമം പൈസക്കരി, മാങ്ങോട്, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകൾക്കും, ബെസ്റ്റ് മഹിളാസേവാസംഘത്തിനുള്ള അവാർഡുകൾ യഥാക്രമം ചെമ്പൻതൊട്ടി, പുളിങ്ങോം, ആര്യപറമ്പ് എന്നീ യൂണിറ്റുകൾക്കും ബെസ്റ്റ് ഗ്രാമിക യൂണിറ്റിനുള്ള 1,2,3 സ്ഥാനങ്ങൾ യഥാക്രമം വായാട്ടുപറമ്പ, കൊന്നക്കാട്, കരുവഞ്ചാൽ എന്നീ യൂണിറ്റുകൾ കരസ്ഥമാക്കി. മികച്ച പ്രവർത്തനങ്ങളിലൂടെ മുൻനിരയിലെത്തിയ യൂണിറ്റുകൾക്ക് അഭിനന്ദനങ്ങൾ. കണ്ണൂർ, കാസർഗോഡ് ജില്ലാതലത്തിൽ എസ്എസ്എൽസിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച കുമാരി ഡോണ ജോൺസൺ ഫാ. ജോസഫ് മാടക്കശ്ശേരി എൻഡോവ്മെന്റും പ്ലസ്ടുവിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച കുമാരി അനീന ജോസഫ് ഫാ. ജോസഫ് പുത്തൻപുരയിൽ എൻഡോവ്മെന്റും കരസ്ഥമാക്കി. എസ്എസ്എൽസി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച ഡിഫ്രന്റ്‌ലി ഏയ്ബ്ൾഡ് ആയ കുമാരി ആൽഫീന സെബാസ്റ്റ്യൻ അവാർഡ് സ്വന്തമാക്കി. അവാർഡിന് അർഹരായ മൂന്ന് പേർക്കും TSSS-ന്റെ എല്ലാവിധ അഭിനന്ദനങ്ങളും ആശംസിക്കുന്നു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഏവർക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 196 യൂണിറ്റുകളെയും 16 മേഖലകളെയും പ്രതിനിധീകരിച്ച് 320-ഓളം ജനകീയ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

## സോളാർ വാട്ടർ ഹീറ്റർ സെമിനാർ

വർദ്ധിച്ചു വരുന്ന വൈദ്യുതി ചിലവ് നിയന്ത്രിക്കാനും പവർകട്ട് കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുമായി 2016 ഒക്ടോബർ 29-ാം തീയതി TSSS -ന്റെ ചുടലയിലുള്ള ജൂബിലി ഫാമിൽ വച്ച് **"സോളാർ എനർജിയുടെ സാധ്യതകൾ"** എന്ന വിഷയത്തെക്കുറിച്ച് ഒരു സെമിനാർ നടത്തപ്പെട്ടു. 11 RCC കേന്ദ്രങ്ങളിൽ നിന്നായി 97 പേർ ഈ സെമിനാറിൽ പങ്കെടുത്തു. എറണാകുളത്തുനിന്നുള്ള ശ്രീ. പീറ്റർ തെറ്റയിൽ സെമിനാർ നയിച്ചു. അങ്കമാലിയിൽവച്ച് നടന്ന പ്രായോഗിക പരിശീലന പരിപാടിയിൽ TSSS -ന്റെ പ്രതിനിധികളായി ശ്രീ. അഖിൽ, ശ്രീ. ജോബിൻസ് എന്നിവർ പങ്കെടുത്തു.

## ലീഗൽ സെൽ രൂപീകരണം

- ചെമ്പേരി ഫൊറോന കൗൺസിലിൽ TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുക്കുകയും അതിരൂപതാ ലീഗൽ സെൽ രൂപീകരണത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.
- വെള്ളരിക്കുണ്ട് ഫൊറോന കൗൺസിലിൽ അതിരൂപതാ ചാൻസലർ തെങ്ങുംപള്ളി അച്ചൻ പങ്കെടുക്കുകയും ലീഗൽ സെൽ രൂപീകരണത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

## അന്ധേരി ഫണ്ട് വിതരണം

മണക്കടവ് യൂണിറ്റിലെ ഫണ്ട് വിതരണം TSSS ഡയറക്ടർ ഫാ. തോമസ് തയ്യിലും അരവഞ്ചാൽ യൂണിറ്റിലെ ഫണ്ട് വിതരണം ചെറുപുഴ

ഫൊറോന വികാരി റവ. ഫാ. ജോസഫ് വാരണത്തും ചീമേനിയിൽ TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും നിർവ്വഹിച്ചു.

## സ്വാഭിമാൻ ബദൽ ജീവിതപരിശീലനം

കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽവച്ച് ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി 10 ഇനം സ്വാഭിമാൻ ഉൽപന്ന ങ്ങളുടെ ഒരു പരിശീലന പരിപാടി TSSS -ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആലക്കോട് RCC പ്രസിഡണ്ട് ശ്രീ. ആന്റണി നിരപ്പേൽ ഉദ്ഘാടനം നിർവ്വഹിച്ചു. TSSS പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി, ശ്രീ. ജോസ്റ്റിൻ വടക്കേൽ, സി. മെർലിൻ എന്നിവർ ആശംസകളർപ്പിച്ചു. ബദൽ ജീവിത പരിശീലന സെമിനാറിന് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും നിത്യോപയോഗ ഉൽപന്നങ്ങളുടെ നിർമ്മാണ പരിശീലനത്തിന് ശ്രീമതി കുസുമം ബേബിയും നേതൃത്വം നൽകി. CHAI പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. ലിസ OSL ആണ് പരിപാടി സംഘടിപ്പിച്ചത്.

2016 നവംബർ 11-ന് ഉളിക്കൽ പാരിഷ് ഹാളിൽവച്ച് ഭിന്നശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി 10 ഇനം സ്വാഭിമാൻ ഉൽപന്ന ങ്ങളുടെ ഒരു പരിശീലന പരിപാടി TSSS-ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഉളിക്കൽ യൂണിറ്റ് ഡയറക്ടർ ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് പരിശീലന പരിപാടി യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ബദൽ ജീവിതപരിശീലന സെമിനാറിന് TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും നിത്യോപയോഗ ഉൽപന്നങ്ങളുടെ നിർമ്മാണ പരിശീലനത്തിന് ശ്രീമതി ലിസി ജിജിയും നേതൃത്വം നൽകി. CHAI പ്രോഗ്രാം കോ-ഓർഡിനേറ്റർ സി. ലിസ OSL ആണ് പരിപാടി സംഘടിപ്പിച്ചത്.

## SAFP റീജിയണൽ മീറ്റ്

SAFP-യുടെ റീജിയണൽ മീറ്റിംഗ് 2016 നവംബർ 11-ന് ചെമ്പേരി യിൽവച്ച് നടത്തപ്പെട്ടു. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ 48 പേർ പങ്കെടുത്തു. സ്ത്രീ സുരക്ഷ എന്ന വിഷയത്തെ ക്കുറിച്ച് അഡ്വ. റൂമിള ദേവദാസ് ക്ലാസ് എടുത്തു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മോട്ടിവേഷൻ ക്ലാസ് നൽകി. സി. ഗ്രേസമ്മ SJL പരിപാടിക്ക് നേതൃത്വം നൽകി.

നെല്ലിക്കാംപൊയിലിൽവച്ച് 2016 നവംബർ 11-ന് SAFP-യുടെ റീജിയണൽ മീറ്റിംഗ് നടന്നു. സ്ത്രീ സുരക്ഷ എന്ന വിഷയത്തെക്കുറിച്ച് അഡ്വ. ഷീല SAFP അംഗങ്ങൾക്ക് ക്ലാസ് നൽകി. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മോട്ടിവേഷൻ ക്ലാസ് നൽകി.

- 2016 നവംബർ 12-ന് ചൂരപ്പടവ് ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്കായി ജൈവകർഷക സെമിനാർ നടത്തപ്പെട്ടു. ശ്രീ. വർഗ്ഗീസ് പടിമരുത് ക്ലാസിന് നേതൃത്വം വഹിച്ചു. ഒരു യുവകർഷകനെയും ഒരു യുവകർഷകയേയും

ആദരിച്ചു. ഏറ്റവും കൂടുതൽ പ്രായമുള്ള ഒരു മെമ്പറിനെ ആദരിക്കുകയും ചെയ്തു.

- പാടിച്ചാൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2016 നവംബർ 4-ന് പലിശരഹിത വായ്പവഴി 7 തയ്യൽ മെഷീൻ ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് നൽകുന്നു. 500 രൂപവച്ച് മാസംതോറും അടച്ച് മെഷീൻ സ്വന്തമാക്കാവുന്ന പദ്ധതിയാണിത്.
- 2016 നവംബർ 14-ന് ചെറുപുഴ MSS ലീഡേഴ്സ് മീറ്റീംഗും MSS അംഗങ്ങൾക്ക് അക്കൗണ്ട് ക്ലാസ്സും നൽകി.
- 2016 നവംബർ 10-ന് മാങ്ങോട് CU-ന്റെ നേതൃത്വത്തിൽ മെമ്പർമാർക്കായി 2000 ജൈവ പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.
- 2016 നവംബർ 12-ന് അങ്ങാടിക്കടവ് CU-ന്റെ നേതൃത്വത്തിൽ വാർഡ് തലത്തിൽ കുടുംബ ബഡ്ജറ്റിനെക്കുറിച്ച് അങ്ങാടിക്കടവ് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കുര്യാച്ചൻസാർ ക്ലാസെടുത്തു. 35 പേർ പങ്കെടുത്തു.
- 2016 നവംബർ 14-ന് മാങ്ങോട് CU-ന്റെ നേതൃത്വത്തിൽ മദ്യം മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി. കീഴ്പ്പള്ളി ഇംഗ്ലീഷ് മീഡിയം സ്കൂൾ അധ്യാപകൻ ശ്രീ. സജീവ് സർ ക്ലാസ് എടുത്തു. 60 കുട്ടികൾ ക്ലാസിൽ പങ്കെടുത്തു.
- 2016 നവംബർ 14 ശിശുദിനത്തിൽ എടൂർ MSS-ന്റെ നേതൃത്വത്തിൽ എടൂർ വികാസ് ഭവൻ കുട്ടികൾക്കായി പായസം നൽകി.
- വെളിമാനം MSS-ന്റെ നേതൃത്വത്തിൽ ചികിത്സാസഹായമായി രണ്ട് പേർക്ക് 9000 രൂപ നൽകി.
- 2016 നവംബർ 16-ന് എടൂർ CU-ന്റെ നേതൃത്വത്തിൽ മെമ്പർമാർക്കായി വിഷരഹിത ജൈവപച്ചക്കറികൃഷിയെക്കുറിച്ച് ആറളം കൃഷി ഓഫീസർ ശ്രീ. സുമേഷ് ക്ലാസ് എടുത്തു. മേഖലാ ഡയറക്ടർ റവ. ഫാ. ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു. 38 പേർ പങ്കെടുത്തു.
- 2016 നവംബർ 14-ന് വെളിമാനം MSS-ന്റെ നേതൃത്വത്തിൽ വീർപാട് അംഗനവാടി കുട്ടികൾക്ക് മധുരപലഹാരം വിതരണം ചെയ്തു.
- RCC-യുടെ നേതൃത്വത്തിൽ വെളിമാനം MSS-ലെ ഒരു മെമ്പറിന് ചികിത്സാ സഹായമായി 25000 രൂപ നൽകി.
- 2016 നവംബർ 14-ന് അങ്ങാടിക്കടവ് MSS-ന്റെ നേതൃത്വത്തിൽ മുടയരഞ്ഞി അംഗനവാടി കുട്ടികൾക്കായി മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | | |
|---|---|---|---|
| ഡിസംബർ | 04-09 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| ,, | 10 | : | ഏകദിന കൺവെൻഷൻ |
| ,, | 13 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 18-23 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| | ,, | : | കന്നട ധ്യാനം |
| ,, | 26-31 | : | ആന്തരിക-ശാരീരികസൗഖ്യ ധ്യാനം |
| | ,, | : | വ്രതവിശുദ്ധീകരണ ധ്യാനം (സിസ്റ്റേഴ്സിന്) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| ഡിസംബർ | 04-08 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 9 | : | ജാഗരണ പ്രാർത്ഥന |
| ,, | 18-22 | : | ആന്തരിക സൗഖ്യധ്യാനം |
| ,, | 22-24 | : | തപസ്സ് ധ്യാനം |
| ,, | 26-30 | : | ജീനെറ്റ് പ്രോഗ്രാം (8-മുതൽ 12-ാം ക്ലാസുവരെ) |

**3. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602, 9846452511**

| | | | |
|---|---|---|---|
| ഡിസംബർ | 01 | : | രോഗശാന്തി ആരാധന (ആദ്യ വ്യാഴം) |
| ,, | 05-09 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |
| ,, | 19-23 | : | ആന്തരിക-ശാരീരികസൗഖ്യധ്യാനം (500 രൂപ) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | | |
|---|---|---|---|
| ഡിസംബർ | 04-06 | : | ആന്തരിക സൗഖ്യ-കുടുംബാഭിഷേകധ്യാനം |
| ,, | 10 | : | ഏകദിനം |
| ,, | 13-15 | : | MGC |
| ,, | 16-18 | : | ആന്തരിക സൗഖ്യ-കുടുംബാഭിഷേകധ്യാനം |
| ,, | 28-31 | : | പഠന സഹായ ധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ഡിസംബർ | 03 | : | ഏകദിന കൺവെൻഷൻ |
| ,, | 04-08 | : | മരിയൻ ധ്യാനം |
| ,, | 9 | : | ജാഗരണ പ്രാർത്ഥന |
| ,, | 10 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, | 17, 24, 31 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, | 19-22 | : | ക്രിസ്റ്റീൻ ധ്യാനം (4 മുതലുള്ള ക്ലാസ്സുകൾക്ക്) |
| ,, | 27-30 | : | കുടുംബ നവീകരണ ധ്യാനം (മാതാപിതാക്കൾക്കും മക്കൾക്കും) |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

**2016 ഒക്ടോബർ**

25 രാവിലെ 7.30 പരിയാരം എം.എസ്.ടി. ഹൗസിലെത്തി ദിവ്യബലി അർപ്പിച്ചു. പിന്നീട് കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ സംഘടിപ്പിച്ച ഉപവാസസമരം ഉദ്ഘാടനം ചെയ്യുകയും ഉച്ചകഴിഞ്ഞത്തെ സമാധാന യോഗത്തിൽ പങ്കെടുക്കുകയും ചെയ്തു.

26 അതിരൂപതാ കേന്ദ്രത്തിൽവച്ച് രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നു വന്ന സന്ദർശകരെ സ്വീകരിച്ചു.

27 രാവിലെ പടന്നക്കാടെത്തി ഫ്രാൻസീസ് മാർപാപ്പയുടെ 'സ്നേഹത്തിന്റെ ആനന്ദത്തെ'ക്കുറിച്ചുള്ള സെമിനാറിൽ പങ്കെടുത്തു. അതിനുശേഷം പുതുതായി നിർമിച്ച പാസ്റ്ററൽ സെന്ററിന്റെ കെട്ടിടം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് കാസർഗോഡ് റീജണൽ ഡയറക്ടർമാരുടെയും അതിരൂപതാ ഡയറക്ടർമാരുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു.

29 രാവിലെ 10 മണിക്ക് സന്ദേശഭവനിൽവച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുക്കുകയും ഉച്ചകഴിഞ്ഞ് പ്രൊലൈഫിന്റെയും ഫാമിലി അപ്പസ്റ്റൊലേറ്റിന്റെയും ആഭിമുഖ്യത്തിൽ കരുണയുടെ വർഷത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

30 കുളത്തുവയൽ ഇടവകയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അതിരൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ ഔദ്യോഗികമായി ഇടവക സന്ദർശിക്കുകയും പുതുതായി പണികഴിപ്പിച്ച ഹയർസെക്കന്ററി സ്കൂൾകെട്ടിടം വെഞ്ചരിക്കുകയും ചെയ്തു. പിന്നീട് എംഎസ്എംഐ ജനറലേറ്റ് സന്ദർശിച്ചു.

**നവംബർ**

31 നവം.8 റോമിൽ സന്ദർശനം നടത്തി. റോമിൽവച്ച് നടന്ന അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

08 ഉച്ചകഴിഞ്ഞ് 3.30 ക്ക് തേർമലയിലെ എംഎസ്എംഐ കോൺവെന്റ് വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.

09 അതിരൂപതാ കേന്ദ്രത്തിൽവച്ച് രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നു വന്ന സന്ദർശകരെ സ്വീകരിച്ചു.

11 ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു.

12 രാവിലെ ചെമ്പേരിയിൽവച്ച് കോർപ്പറേറ്റ് എഡ്യുക്കേഷണൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ റിട്ടേർഡ് ടീച്ചേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. പിന്നീട് കരുണാലയം സന്ദർശിച്ചു.

13 പേരാവൂർ ഫൊറോന ദൈവാലയത്തിൽവച്ച് വിദേശ സന്ദർശകർ നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുകയും അവരോടൊപ്പം ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

14 മേലെചൊവ്വ പള്ളിയിൽ വച്ച് 9.00 മണിക്ക് എഫ്സിസി കോൺഗ്രിഗേഷനിലെ നോവിസസിന്റെ പ്രഥമവ്രതവാഗ്ദാനത്തിൽ പങ്കെടുക്കുകയും സന്യാസവസ്ത്രം സൽകുകയും ചെയ്തു.

15–21 Breston - UK

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2016 ഒക്ടോബർ

27 രാവിലെ 10.30ന് രണ്ടാംകടവ് ഇടവകയിൽ നിര്യാതയായ ശ്രീമതി ചിന്നമ്മ കൂടപ്പാട്ടിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

29 കല്ലുവയൽ ഇടവകയിൽ രാവിലെ 11 മണിക്ക് നോബിൾ വലിയമറ്റത്തിന്റെയും റോസ് ഇരുപ്പക്കാട്ടിന്റെയും വിവാഹം ആശീർവദിച്ചു.

### 2016 നവംബർ

03 ശ്രീകണ്ഠാപുരം ഇടവകയിൽ നിര്യാതയായ പാറൻകുളങ്ങര ഏലിക്കുട്ടിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് രാവിലെ 10.30ന് മുഖ്യകാർമ്മികത്വം വഹിച്ചു.

04 ചരൾ ഇടവകയിൽ വൈകുന്നേരം 4 മണിക്ക് നിര്യാതയായ കാരക്കാട്ട് അച്ചാമ്മയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05 രാവിലെ 11 മണിക്ക് പാലാപ്പറമ്പ എസ്എബിഎസ് സന്യാസസമൂഹം സംഘടിപ്പിച്ച കാരുണ്യവർഷസംഗമത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

06 പൊന്ന്യം പ്രതീക്ഷ ലഹരിവിമുക്ത കേന്ദ്രത്തിൽ രാവിലെ 11 മണിക്ക് പൂർവ്വജീവനക്കാരുടെ സംഗമത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

07 പടന്നക്കാട് ഇടവകയിൽ രാവിലെ 6.45ന് വി. കുർബാനയർപ്പിച്ച് ദൈവകരുണയുടെ പ്രാർത്ഥനയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ശേഷം കാഞ്ഞങ്ങാട് ഇടവക ദൈവാലയം സന്ദർശിച്ചു.

09 രാത്രി 12 മണിക്ക് ഇരിങ്ങാലക്കുടയിൽ അന്തരിച്ച പാലക്കൽ ലൂയീസിന്റെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാവിലെ 9.30ന് ചങ്ങനാശ്ശേരിയിൽ നിര്യാതയായ സി. മേരി ലിറ്റി എൽഎസ്ഡിപിയുടെ മൃതസംസ്കാരകർമ്മങ്ങളിൽ സഹകാർമ്മികനായി.

ഉച്ചക്ക് രണ്ട് മണിക്ക്ശേഷം കോട്ടയം വിജയഭവൻ, എസ്എച്ച് കോൺവെന്റ്, അരമന, വടവാതൂർ സെമിനാരി എന്നിവിടങ്ങൾ സന്ദർശിച്ചു.

10 രാവിലെ 6.30ന് തെള്ളകം കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. രാവിലെ 8.45ന് കോട്ടയം കാരുണ്യ എസ് എച്ച് ഹോം സന്ദർശിച്ചു. ഉച്ച കഴിഞ്ഞ് 3.45ന് മംഗലപ്പുഴ സെമിനാരിയിൽ സന്ദർശനം നടത്തി.

11 രാവിലെ 6.30ന് തൃശൂർ പട്ടിക്കാട് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

12 ഉച്ചകഴിഞ്ഞ് 3.30ന് എടൂർ ദൈവാലയത്തിൽ ബഹു. ജോസഫ് വലിയ കണ്ടത്തിലച്ചന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ചു.

13 ഉച്ചയ്ക്ക് 12 മണിക്ക് തോമാപുരം ഇടവകയിൽ അന്തരിച്ച സിജോ പോണാട്ടിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിലും സിമി ത്തേരിയിലും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 4 മണിക്ക് ടിഎസ്എസ്എസിന്റെ ചുടലയിലുള്ള കൃഷിസ്ഥലം സന്ദർശിച്ചു.

14 താമരശ്ശേരിരൂപതയിൽ ഉച്ചകഴിഞ്ഞ് 2 മണിക്ക് മഞ്ഞുവയൽ ഇടവക യിൽ അന്തരിച്ച ആഗസ്തി പുത്തൻപുരയുടെ മൃതസംസ്കാരകർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 കുന്നുംകൈ ദൈവാലയത്തിൽ ഡീക്കൻ ജോസഫ് മുല്ലതലശ്ശേരിക്ക് രാവിലെ 9 മണിക്ക് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് ബേഡൂർ ദൈവാലയം സന്ദർശിച്ചു.

19 രാവിലെ 11 മണിക്ക് മേരിഗിരി ഇടവകയിൽ ഫാ. തോമസ് കാവുംപുറ ത്തിന്റെ ഒന്നാം മരണവാർഷികത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു. പിന്നീട് രയറോം ഇടവകദൈവാലയം സന്ദർശിച്ചു. വൈകുന്നേരം നാല് മണിക്ക് കരുവ ഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

20 തോമാപുരം ഫൊറോന സംഘടിപ്പിച്ച കാരുണ്യവർഷസമാപന ആഘോ ഷങ്ങളിൽ പങ്കെടുത്ത് ഉച്ചകഴിഞ്ഞ് 3 മണിക്ക് തോമാപുരം പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

# Programme of the Archbishop
# Mar George Njaralakatt

## December - 2016

| | | | |
|---|---|---|---|
| 01 | | - | Thalassery : Junior priests meeting |
| | evening | - | Kunnoth : Forane monthly Recollection |
| 02 | | - | Kunnoth : Forane monthly Recollection |
| | evening | - | Kallumuthirakunnu |
| 03 | 9.30 | - | Ponniam : Pratheeksha Annual meeting |
| | evening | - | Pastoral Visit : Kamballoor |
| 04 | | - | Pastoral Visit : Kamballoor |
| 05-07 | | - | KCBC meeting |
| 08-09 | | - | Chemperi : Forane monthly Recollection |
| 10 | 10.30am | - | Thaliparamba : General body meeting of Mathruvedi |
| | evening | - | Pastoral Visit : Mudayaranji |
| 11 | | - | Mudayaranji : Pastoral Visit |
| 12 | 9.30 am | - | Chemperi : Charismatic movement Jubilee Celebration |
| 13 | | - | Trichur : 60th Ordination Anniversary of Mar Jacob Thoomkuzhy |
| 14 | | - | Kunnoth GSMS |
| 15-16 | | - | Peravoor : Forane Monthly Recollection |
| 16 | evening | - | Kannur |
| 17 | | - | Kunnoth GSMS |
| | evening 5.30 | - | Thalassery : YMCA - Christmas Celebration |
| 18 | | - | Vallarpadam : Installation of the Archbishop Dr. Joseph Kalathiparambil |

| | | | |
|---|---|---|---|
| 19 | | - | Padannakkad |
| 20-21 | | - | Forane monthly Recollection : Chempanthotty |
| 21 | evening | - | Cheekad |
| 22 | | - | Kannur : Deepika New building blessing and General body meeting |
| | evening | - | Christmas programme |
| 25 | | - | Christmas |
| 26 | 8.30 | - | Kottor : Ord. Dn. Lukose Madassery |
| | 2.30pm | - | Kanjiradukam : Ord. Dn. Deepu Karakattu, Dn. Sunil Manachiampally (Faridabad) |
| 27 | 8.45 am | - | Parappa (Alakode) : Ord. Dn. Mathew Pravathum Malayil |
| | 11.45 | - | Vayattuparamba |
| 28 | 8.30 am | - | Angadikadave : Ord. Dn. Joseph Kannamkulathel |
| | 10.45 | - | Velimanam : Ord. Dn. Abraham Njamatholil |
| 29 | | - | Nadavayal : Ordination |
| 30 | 8.30 am | - | Punnakunnu : Ord. Dn. Varghese Vettiyani, Dn. Joseph Kanjirathinkal |
| | 11am | - | Thomapuram : Ord. Dn. Mathew Naduvilekutt OSB |
| 31 | 9am | - | Padannakkad : Ord. Dn. Joseph Kottarathil |

## January - 2017

| | | | |
|---|---|---|---|
| 01 | 9am | - | Kacherikadavu :Ord. Dn. Joseph Marottippara VC |
| 02 | 9am | - | Peravoor : Ord. Dn. Joseph Rathappallil |
| 03 | 9am | - | Chully : Ord. Dn. Paul Edathinakath |
| 04 | 9am | - | Perumpadavu : Ord. Dn. Francis Palamoottil |
| 05 | 9am | - | Ulickal : Church blessing |
| 07 | 9am | - | Charal : Ord. Dn. Joby Pulichamackal MSFS |
| 09 - 14 Synod | | | |

**Secretary to the Archbishop**

❖❖❖

# Programme of the Archbishop Emeritus Mar George Valiamatttam

## December - 2016

| | | | |
|---|---|---|---|
| 06 | | - | Kanhangad |
| 12 | | - | Engaged |
| 13 | | - | Thrissur |
| 24 | | - | Cheekkad |
| 26 | 9.00 am | - | Edoor : Ordination |
| 27 | 9.00 am | - | Thaliparamba : Ordination |
| 28 | 9.00 am | - | Paisakary : Ordination |
| 29 | 9.00 am | - | Attenganam : Ordination |
| 30 | 9.00 am | - | Naduvil : Ordination |
| 31 | 9.00 am | - | Hosamgadi (Kasargod) : Ordination |

## January - 2017

| | | | |
|---|---|---|---|
| 02 | 9.00 am | - | Kanjirakolly : Ordination |
| 04 | 9.00 am | - | Arivilanjapoil : Ordination |
| 06 | | - | Venapara |
| 07 | | - | Edapally |

**Secretary to the Archbishop Emeritus**

❖❖❖